بسم الله الرحمن الرحيم

# അൽ ഇസ്വ്‌ലാഹ് മാസിക

**al islah**
**monthly**

Kuruniyan Building,
Othukkungal P.O.
Malappuram, Kerala - 676 528
Ph: 9846 400 101
web: www. islahmonthly.com
E-mail: islahmonthly@gmail.com

VOL.9 ISSUE 4 2019 SEPTEMBER
Editor: Ameer Othukkungal

പ്രളയത്തിൽ മുങ്ങിയ മക്ബറകളും കുഫ്‌റിൽ ചാടുന്ന പൗരോഹിത്യവും
**എഡിറ്റോറിയൽ**........................................ 04

സലഫീ മൻഹജിന്റെ വീണ്ടെടുപ്പും നൈരന്തര്യവും സ്വലാഹിയിലൂടെ
**ബഷീർ സലഫി പൂളപ്പൊയിൽ**........................................ 15

എൻ എൽപി: അടിസ്ഥാന തത്വങ്ങൾ: ഒരു അവലോകനം
**ഷമീം ഇബ്നു ഹാഷിം സേട്ട്**........................................ 19

സമകാലിക ഖവാരിജുകളുടെ സമ്പൂർണ്ണ ചരിത്രം 7
ഇബ്റാഹീമുബ്നു സ്വാലിഹ് അൽ മുഹൈമിദ്
**വിവർത്തനം: അബ്ദുർറഊഫ് നദ്‌വി**........................................ 24

ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് (ﷺ) തവസ്സുൽ ഹറാമാക്കിയോ?
**വിവ: ബഷീർ സലഫി പൂളപ്പൊയിൽ**........................................ 30

ശിർക്കിനെ തകർക്കുന്ന ആയത്ത്
**അബ്ദുൽ മുഹ്സിൻ ഐദീദ്**........................................ 34

നിക്വാബ് തെളിവുകളുടെ നിജസ്ഥിതി
**ശംസുദ്ദീൻ ബിൻ ഫരീദ്** ........................................

താൻ മനസ്സിലാക്കിയ ആദർശത്തിനു വേണ്ടിയാണദ്ദേഹം ജീവിച്ചത്. ബോധ്യമായ സത്യം തുറന്നു പറയുന്നതിൽ ഭൗതിക ലാഭനഷ്ടങ്ങളോ ഇണക്ക-പിണക്കങ്ങളോ അദ്ദേഹം നോക്കിയിരുന്നില്ല. അതുകൊണ്ടുതന്നെ, കൂടെ നിന്നവർ പോലും അദ്ദേഹത്തെ അകറ്റിയ നിരവധി ഘട്ടങ്ങളുണ്ടായിട്ടുണ്ട്. ആയിരങ്ങൾ അനുയായികളായുള്ള സംഘടനാ നേതാവായിരിക്കുമ്പോൾ പോലും അദ്ദേഹം ഒരു ഒറ്റയാൾ പട്ടാളമായിരുന്നു. ചില സത്യങ്ങൾ തുറന്നു പറയാൻ ഈ ചട്ടക്കൂടുകൾ തടസ്സമാണെന്നദ്ദേഹം അനുഭവങ്ങളിലൂടെ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. അതുകൊണ്ടാണ് സംഘടനാ ജീവിത കാലത്ത് അതിലൂടെ ലഭിക്കാവുന്ന ഏറ്റവും വലിയ സ്ഥാനമാനങ്ങൾ കയ്യിൽ വന്നിട്ടും അതെല്ലാം സ്നേഹപൂർവ്വം നിരസിക്കാനദ്ദേഹം തയ്യാറായത്.

**സകരിയ്യാ സ്വലാഹി: അലകളടങ്ങിയ ആഴക്കടൽ**
**ശാഫി സ്വലാഹി ചങ്ങലീരി**........................................ 07

**പുസ്തകം: 9 ലക്കം 4 | 2019 സെപ്തംബർ | 1440 മുഹറം – സഫർ**
**മാനേജർ: അമീർ ഒതുക്കുങ്ങൽ, ഫോൺ: 9846 400 101**
വിലാസം: കുരുണിയൻ ബിൽഡിംഗ്, നാഷണൽ വുഡ്ഇൻഡസ്ട്രീസിന് മുൻവശം,
ഒതുക്കുങ്ങൽ പി.ഒ., മലപ്പുറം ജില്ല. 676 528
പത്രാധിപ സമിതി ഓഫീസ്: റൂം നമ്പർ 208 ജവഹർ ബിൽഡിംഗ്, മാതൃഭൂമിക്ക് സമീപം, കോഴിക്കോട് 1
ദമാം : അശ്റഫ് 009665 08362453, ദുബൈ: ഷാനവാസ് 009715 57977886, മക്ക: മുസ്തഫ 00966537527368
മുജീബ് ഖത്തർ 0097474456556
കവർ&ലേഔട്ട്: **വിവ കോട്ടക്കൽ 8893 36 5005**

# പ്രളയത്തിൽ മുങ്ങിയ മക്ബറകളും കുഫ്റിൽ ചാടുന്ന പൗരോഹിത്യവും

പേമാരിയും പ്രളയവും ഉരുൾപ്പൊട്ടലും അതുമൂലമുണ്ടാകുന്ന മരണങ്ങളും മറ്റു നാശനഷ്ടങ്ങളുമെല്ലാം നമുക്കിന്ന് തുടർസംഭവങ്ങളായിക്കൊണ്ടിരിക്കുകയാണ്. മലയിടിച്ചിലും ഉരുൾപ്പൊട്ടലും കടൽക്ഷോഭവും സുനാമിയും കൊടിയ വരൾച്ചയും ഭൂകമ്പങ്ങളും കൊടുങ്കാറ്റുകളും തുടങ്ങി അനേകം ദുരിതങ്ങൾക്കും ദുരന്തങ്ങൾക്കും ലോകത്തങ്ങോളമിങ്ങോളമുള്ള മനുഷ്യർ അടിക്കടി വിധേയരായിക്കൊണ്ടിരിക്കുകയാണ്. പഴയ കാലങ്ങളെ അപേക്ഷിച്ച് ഇത്തരം ദുരന്തങ്ങളുടെ എണ്ണവും വണ്ണവും ഇക്കാലത്ത് വർദ്ധിച്ച് കൊണ്ടിരിക്കുന്നു എന്നുള്ളതും ആളുകൾ തിരിച്ചറിഞ്ഞ് കൊണ്ടിരിക്കുന്നു. ആധുനിക ശാസ്ത്ര സാങ്കേതിക പുരോഗതികളിലൂടെ ലോകമിന്ന് ഒരു ആഗോള ഗ്രാമമായി മാറിയിരിക്കുകയാണ്. ഒരു കൊച്ചുഗ്രാമത്തിലെവിടെയെങ്കിലും സംഭവിക്കുന്ന ഒരു ചെറിയ കാര്യം പോലും ആ ഗ്രാമത്തിലെ മുഴുവൻ ആളുകൾക്കും അറിയാൻ കഴിയുന്നത് പോലെ ലോകത്ത് ഏത് രാജ്യത്തും സംഭവിക്കുന്ന കാര്യങ്ങൾ തൽസമയം ലോകത്ത് മുഴുവൻ അറിയാൻ കഴിയുന്ന വാർത്താവിനിമയ സംവിധാനങ്ങളാണ് മനുഷ്യനിന്ന് വികസിപ്പിച്ചെടുത്തത്. അതുകൊണ്ട് തന്നെ, ദുരന്ത കാഴ്ച്ചകൾ ആളുകൾക്കിന്ന് പുതുമയല്ലാതായിരിക്കുന്നു. പലർക്കുമിന്ന് ഇത്തരം കാഴ്ച്ചകൾ ഒരു ആസ്വാദനമോ നേരംപോക്കോ ആയി മാറിയിരിക്കുന്നു.

എന്നാൽ, ഇത്തരം ദുരന്തങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം ഇന്ന് ദൂരക്കാഴ്ച്ചകൾ മാത്രമല്ല. മറിച്ച്, അവ നമ്മുടെ കൺമുമ്പിൽ നേരനുഭവങ്ങളായി മാറിയിരിക്കുകയാണ്. ഏതാനും മണിക്കൂറുകൾ കൊണ്ട് നാടും വീടും പ്രളയത്തിൽ മുങ്ങുന്നു. മിനുട്ടുകൾ കൊണ്ട് നൂറുക്കണക്കിന് വീടുകൾ മണ്ണിനടിയിലായിപ്പോകുന്നു. ആയിരങ്ങൾക്ക് കിടപ്പാടവും ജീവിതോപാധികളും നഷ്ടപ്പെടുന്നു. സുഖലോലുപതയിൽ ജീവിച്ച പലരും നിത്യദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്ക് കൂപ്പുകുത്തുന്നു. വിധവകളും അനാഥകളും സമൂഹത്തിൽ ജൻമം കൊള്ളുന്നു. ഇത്തരം പരീക്ഷണങ്ങൾ നേരിട്ട് അനുഭവിക്കേണ്ടി വരുമ്പോഴാണ്, അല്ലെങ്കിൽ അതിന് സാക്ഷികളാകാൻ സാഹചര്യമുണ്ടാകുമ്പോഴാണ് പ്രശ്നത്തിന്റെ ഗൗരവം പലർക്കും ഉൾക്കൊള്ളാനാകൂ.

രണ്ട് വർഷം തുടർച്ചയായി കേരളത്തിലെ ജനങ്ങൾ ഇത്തരമൊരു ദുരന്താനുഭവങ്ങളുടെ മുന്നിലൂടെയാണ് യാത്ര ചെയ്യുന്നത്. അമിതമായ മഴയും പ്രളയവുമൊക്കെ സമയാസമയങ്ങളിൽ ഉണ്ടാകുന്നത് എന്തുകൊണ്ടാണ് എന്നതിന് ശാസ്ത്രീയമായ വിശദീകരണങ്ങൾ കണ്ടെത്തി സമാധാനമടയാനാണ് ചിലർ ശ്രമിക്കുന്നത്. പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഖനനങ്ങളും അമിതമായ പ്രകൃതീ ചൂഷണങ്ങളുമാണ് മണ്ണിടിച്ചിലുകൾക്കും ഉരുൾപൊട്ടലിനും കാരണം എന്ന് വിലയിരുത്തപ്പെട്ടിരിക്കുന്നു. അമിതമായ പ്രകൃതി ചൂഷണങ്ങൾ കണക്കില്ലാത്ത അനർത്ഥങ്ങൾക്ക് കാരണമായേക്കുമെന്നത് ഒരു വസ്തുത തന്നെയാണ്. എന്നാൽ, അതുകൊണ്ടാണ് പ്രളയമുണ്ടാകുന്നത് എന്ന് പറയാൻ പറ്റുമോ? മഴ വർദ്ധിക്കുന്നത് കൊണ്ടാണല്ലോ ഉരുൾപൊട്ടലുണ്ടാകുന്നത്. 1980 കളുടെ തുടക്കത്തിൽ കേരളം അതിശക്തമായ വരൾച്ചയുടെ പിടയിലമർന്നു. അന്ന് മഴക്കുറവിന്റെ കാ

രണമായി നമ്മുടെ 'ബുദ്ധികേന്ദ്രങ്ങൾ' കണ്ടെത്തിയ കാരണം, 'വനനശീകരണ'മായിരുന്നു. മരമില്ലാത്തത് കൊണ്ട്, കാടില്ലാത്തത് കൊണ്ട് മഴയില്ലാതായി. അതുകൊണ്ട് വനവൽക്കരണമാണ് പരിഹാരം! ഇതായിരുന്നു അന്നത്തെ കണ്ടെത്തൽ. പക്ഷെ, ആ വരൾച്ച ഒരു സ്ഥായിയായ പ്രതിഭാസമല്ലായിരുന്നു എന്ന് പിന്നീട് വ്യക്തമായി. മഴക്കുറവ്, വരൾച്ച, അമിത മഴ, പ്രളയം, വിവിധ പേരുകളിലുള്ള കൊടുങ്കാറ്റുകൾ, ചുഴലിക്കാറ്റുകൾ.... ഇവക്കെല്ലാം പിന്നിലുള്ള യഥാർത്ഥ കാരണങ്ങളെന്തെന്ന് മനസ്സിലാക്കാൻ ഒരു ശാസ്ത്രത്തിനും സാധ്യമാകില്ല എന്നതാണ് വസ്തുത. അതില്ലാതാക്കാൻ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രമുള്ള ഒരു മുൻകരുതലുകളും നൂറ് ശതമാനം വസ്തുതാപരമായിരിക്കില്ല എന്നതാണ് നേര്. ന്യൂനമർദ്ദം രൂപം കൊള്ളുന്നത് കൊണ്ട് കാറ്റുണ്ടാകുന്നു, മഴയുണ്ടാകുന്നു, അമിതമായ പ്രളയമുണ്ടാകുന്നു, കാറ്റ് ശക്തമായാൽ നാശനഷ്ടങ്ങളുണ്ടാകുന്നു. ഇതൊരു തുടർപ്രക്രിയയാണ്. പക്ഷെ, എന്തുകൊണ്ട് സമയാസമയങ്ങളിൽ കടലിൽ ന്യൂനമർദ്ദമുണ്ടാകുന്നു? അതില്ലാതാക്കാൻ മനുഷ്യനോ അവന്റെ ശാസ്ത്രീയ നേട്ടങ്ങൾക്കോ കഴിയുമോ? ഇല്ല എന്നതാണ് പരമസത്യം. പ്രകൃതിക്ഷോഭങ്ങളുടെ കാരണങ്ങളെന്തെന്നോ അതിന്റെ പരിഹാര മാർഗ്ഗങ്ങളെന്തെന്നതോ സംബന്ധിച്ച് ഒരു ശാസ്ത്രകാരനും ഒരു അന്തിമ വാക്ക് പറയാൻ കഴിയില്ല. അത് മനുഷ്യ കഴിവിന് അതീതമായ കാര്യമാണ്.

എന്നാൽ, മനുഷ്യനെ സംബോധന ചെയ്തുകൊണ്ട് അല്ലാഹു(ﷻ) പരിശുദ്ധ ക്വുർആനിൽ മനുഷ്യർക്ക് നൽകിയ പാഠങ്ങൾ വിശകലന വിധേയമാക്കിയാൽ ഈ വിഷയങ്ങളിൽ നമുക്ക് വ്യക്തമായ ചില ധാരണകളുണ്ടാകുമെന്നത് തീർച്ചയാണ്.

ലോകം ഇന്നുണ്ടായതല്ല. ആദിമ മനുഷ്യൻ ആദം (ﷺ) മുതൽ ഇന്ന് വരേക്കും തലമുറ തലമുറകളായി അനേകം മനുഷ്യർ ലോകത്ത് ജീവിച്ച് പോയിട്ടുണ്ട്. അതിൽ പല സമുദായക്കാരും, തങ്ങൾ പരമ യോഗ്യൻമാരും കരുത്തൻമാരുമാണെന്ന് അഹങ്കരിച്ചവരായിരുന്നു. അവരുടെയൊക്കെ അഹങ്കാര ജീവിതത്തിന്റെ അവശിഷ്ടങ്ങൾ ഇന്നും ലോകത്ത് മായാതെ കിടക്കുന്നുണ്ട്. അത്തരം സമൂഹങ്ങൾ വിശ്വാസപരമായും ധാർമിക പരമായും സാംസ്കാരികമായും ഒരു വീണ്ടുവിചാരത്തിന് സാധ്യതയില്ലാത്ത വിധം അധഃപതിക്കുകയും അഥവാ, അവരിലേക്ക് മാർഗ്ഗദർശകരായി നിയോഗിക്കപ്പെട്ട പ്രവാചകൻമാരുടെ അദ്ധ്യാപനങ്ങൾ പൂർണ്ണമായി അവർ തിരസ്കരിക്കുകയും ചെയ്തപ്പോഴാണ് ഭൂകമ്പങ്ങൾ, പ്രകമ്പനങ്ങൾ, പ്രളയങ്ങൾ, ഘോര അട്ടഹാസങ്ങൾ, കൊടുങ്കാറ്റുകൾ എന്നിങ്ങനെയുള്ള പ്രകൃതിപ്രതിഭാസങ്ങളിലൂടെയൊക്കെ അവർ നശിപ്പിക്കപ്പെട്ടത്. ഇതാണ് വിശുദ്ധ ക്വുർആൻ നൽകുന്ന പാഠം.

പ്രവാചകൻമാരുടെ അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായ നിലയിൽ തൗഹീദിന്റെ (ഏകദൈവ വിശ്വാസത്തിന്റെ) താൽപര്യങ്ങൾക്ക് നിരക്കാത്ത ബഹുദൈവത്വപരമായ ആചാരാനുഷ്ഠാനങ്ങൾ പെരുകുകയും സാംസ്കാരികമായി അധഃപതിക്കുകയും ചെയ്യുന്ന ഏതൊരു സമുദായത്തിലും മുൻകാല സമുദായങ്ങൾക്കുണ്ടായ അതേ ചരിത്രങ്ങൾ ആവർത്തിക്കപ്പെടും എന്നുള്ള പാഠമാണ് ഓരോ പ്രകൃതി ദുരന്തവുമുണ്ടാകുമ്പോൾ സത്യവിശ്വാസിയുടെ മനസ്സിലേക്ക് ഓടിയെത്തേണ്ട ഒന്നാമത്തെ ചിന്ത.

രണ്ടാമതായി മനസ്സിലാക്കേണ്ടത്, പ്രകൃതി ദുരന്തങ്ങൾ പോലെയുള്ള പ്രതിസന്ധികൾ മനുഷ്യരിൽ വീണ്ടുവിചാരമുണ്ടാക്കാനുള്ള അല്ലാഹുവിന്റെ പരീക്ഷണങ്ങളായി സംഭവിക്കുമെന്നതാണ്. അല്ലാഹു ചോദിക്കുന്നു.

فَلَوْلَا إِذْ جَاءَهُم بَأْسُنَا تَضَرَّعُوا وَلَٰكِن قَسَتْ قُلُوبُهُمْ وَزَيَّنَ لَهُمُ الشَّيْطَانُ مَا كَانُوا يَعْمَلُونَ

"അങ്ങനെ അവർക്ക് നമ്മുടെ ശിക്ഷ വന്നെത്തിയപ്പോൾ അവരെന്താണ് താഴ്മയുള്ളവരാകാതിരുന്നത്? എന്നാൽ, അവരുടെ ഹൃദയങ്ങൾ കടുത്ത് പോവുകയാണുണ്ടായത്. അവർ ചെയ്തുകൊണ്ടിരിക്കുന്നത് പിശാച് അവർക്ക് ഭംഗിയായി തോന്നിപ്പിക്കുകയും ചെയ്തു." (അൻആം 43).

അല്ലാഹുവിന് വിധേയപ്പെട്ട് ജീവിക്കുവാനുള്ള വീണ്ടുവിചാരം ആളുകളിലുണ്ടാക്കുക എന്നതാണ് ഭൗതിക ലോകത്ത് ശിക്ഷകളായി അവൻ ഇറക്കിക്കൊണ്ടിരിക്കുന്ന ദുരന്തങ്ങളുടെ യഥാർത്ഥ ഉദ്ദേശ്യം എന്ന് ഈ സൂക്തത്തിന്റെ ആദ്യഭാഗത്ത് നിന്ന് വ്യക്തമായി മനസ്സിലാക്കാം. എന്നാൽ, അത്തരം വീണ്ടുവിചാരമില്ലാതെ പിശാച് ഭംഗിയാക്കിക്കൊടുക്കുന്നതിനനുസരിച്ച് തിൻമകളുമായി മുന്നോട്ട് പോകുന്നവർക്കാണ് സമ്പൂർണ്ണനാശം സംഭവിക്കുക. ആദ്, ഥമൂദ് ഗോത്രങ്ങൾ, ഖാറൂൻ, ഫിർഔൻ തുടങ്ങിയ ധിക്കാരികൾക്കൊക്കെയുണ്ടായ അന്തിമ വിധി അതായിരുന്നു.

നന്നായി ജീവിക്കുവാനുള്ള പ്രേരണയാണ് ഓരോ ദുരന്തവും വിശ്വാസികളിലുണ്ടാവേണ്ടത്. അല്ലാഹു(സു) നമ്മെ ഓർമ്മിപ്പിക്കുന്നത് ഇപ്രകാരമാണ്.

وَاتَّقُوا فِتْنَةً لَّا تُصِيبَنَّ الَّذِينَ ظَلَمُوا مِنكُمْ خَاصَّةً ۖ وَاعْلَمُوا أَنَّ اللَّهَ شَدِيدُ الْعِقَابِ

"ഒരു പരീക്ഷണം (ശിക്ഷ) വരുന്നത് നിങ്ങൾ സൂക്ഷിച്ച് കൊള്ളുക. അത് ബാധിക്കുന്നത് നിങ്ങളിൽ നിന്നുള്ള അക്രമികൾക്ക് പ്രത്യേകമാ

യിട്ടായിരിക്കുകയില്ല. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക.” (അൻഫാൽ 25).

അല്ലാഹുവിന്റെ കടുത്ത ശിക്ഷയാകുന്ന പരീക്ഷണം ഒരു പ്രദേശത്ത് സംഭവിക്കുമ്പോൾ അത് ബാധകമാകുന്നത് ആ പ്രദേശത്ത് ജീവിക്കുന്ന അക്രമകാരികളെയോ അധർമ്മകാരികളെയോ മാത്രമായിരിക്കില്ല. മറിച്ച്, എല്ലാവരെയുമായിരിക്കും. കുറേയാളുകളുടെ അധാർമിക ജീവിതത്തിന്റെ അനന്തരഫലം ആ നാട്ടിലെ സാത്വികരും അനുഭവിക്കേണ്ടി വരുമെന്ന് ചുരുക്കം. അതുകൊണ്ട്, അല്ലാഹുവിന്റെ കോപശാപങ്ങൾക്ക് മനുഷ്യൻ വിധേയമാകുന്നതിന് കാരണമായിത്തീരുന്ന ശിർക്കും കുഫ്റും അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമൊക്കെ ഇല്ലായ്മ ചെയ്യാനുള്ള കഠിന പരിശ്രമത്തിൽ മുഴുകേണ്ടത് വിശ്വാസികളുടെ മേലുള്ള ഉത്തരവാദിത്തമാണ് എന്ന സന്ദേശമാണ് ഉപരിസൂചിത സൂക്തത്തിലൂടെ നാം ഉൾക്കൊള്ളേണ്ടത്.

ഖുർആനിക അദ്ധ്യാപനങ്ങളിൽ നിന്ന് ഈ ദിശയിൽ കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഒരു കാര്യം ഉറച്ച് വിശ്വസിക്കാനാകും. നമുക്ക് കഴിഞ്ഞുപോയ ദുരന്തങ്ങൾ അവസാനത്തേതായിരിക്കില്ല. മറിച്ച്, അതിലും കടുത്ത പരീക്ഷണങ്ങൾ ഇനിയും വരാം. കാരണം, ശിർക്കിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കാൻ ഏറ്റവും ബാധ്യതയുള്ള ഇസ്‌ലാമിന് വേണ്ടിയാണ് തങ്ങൾ പ്രവർത്തിക്കുന്നതെന്ന് പറയുന്ന പണ്ഡിത വേഷധാരികൾ അല്ലാഹുവിന്റെ മഹത്വത്തെ തള്ളിപ്പറയുകയും ഔലിയാക്കളായി അവർ കാണുന്ന ആളുകളുടെ മക്ബറകൾക്ക് അല്ലാഹുവേക്കാൾ കൂടുതൽ മഹത്വം കാണുകയും ചെയ്യുന്നു എന്ന് മാത്രമല്ല, ഒരു മര്യാദയുമില്ലാതെ അത് വിളംബരം ചെയ്യുകയും ചെയ്യുകയാണവർ. അല്ലാഹുവിന്റെ മഹത്വം കെടുത്തപ്പെട്ടാലും ശരി, മക്ബറകളുടെ മഹത്വം ഉയർന്ന് നിൽക്കണം എന്നാണവരുടെ വാശി.

ഇക്കഴിഞ്ഞ പ്രളയ സമയത്ത് ആളുകൾ ആഗ്രഹ സഫലീകരണത്തിന്റെ ആശ്വാസ കേന്ദ്രമായി കാണുന്ന മമ്പുറം മഖാമടക്കമുള്ള പല ജാറങ്ങളും പ്രളയത്തിന്റെ കെടുതി അനുഭവിച്ചു. അങ്ങോട്ട് സിയാറത്തിന് വരുന്നവരുടെ വഴികളെല്ലാം വെള്ളത്തിനടിയിലായി. ഒരാഴ്ച്ചയോളം പലയിടത്തും പൂജാകർമ്മങ്ങൾ പൂർണ്ണമായും നിലച്ചു. യാസീനോത്തും ജാറം മൂടലും മുത്തലും തടവലുമെല്ലാം നിലച്ചു. സ്വന്തം മക്ബറകൾ പോലും പ്രളയത്തിൽ നിന്ന് സംരക്ഷിക്കാൻ കഴിയാത്തവരാണ് അതിനുള്ളിൽ ഉണ്ടെന്ന് പറയപ്പെടുന്ന, മഹാൻമാരെന്ന് പ്രചരിപ്പിക്കപ്പെടുന്നവർ എന്ന് ബോധ്യമായല്ലോ. ഇത്തരക്കാർക്കെങ്ങനെ മനുഷ്യർക്ക് അവലംബമാകാനും അവരുടെ ആഗ്രഹങ്ങൾക്ക് സാഫല്യം നൽകാനും കഴിയും എന്നുള്ള ചോദ്യങ്ങൾ ഉയർന്നു.

ഖബ്ർ പൂജകരുടെ നെഞ്ചിൽ തറച്ച ഈ ചോദ്യത്തോട് പ്രതികരിച്ച മതപുരോഹിതൻമാർ വിറളി പൂണ്ട് പറഞ്ഞ മറുപടികൾ പൂർണ്ണ സത്യനിഷേധത്തിലധിഷ്ഠിതമായിരുന്നു. മക്ബറകൾ മാത്രമല്ല, അല്ലാഹുവെ മാത്രം ആരാധിക്കുന്ന പള്ളികളും പ്രളയത്തിൽ മുങ്ങിയില്ലേ?, ഭൂമിയിൽ ഏറ്റവും പരിപാലനമായ മസ്ജിദുൽ ഹറമിൽ തീപ്പിടുത്തമുണ്ടായില്ലേ? ഇതൊന്നും തടുക്കാൻ അല്ലാഹുവിന് കഴിവില്ലാഞ്ഞിട്ടാണോ? ഇത്തരത്തിലായിരുന്നു ഖബ്ർ പൂജകരായ പുരോഹിതന്മാരുടെ മറുചോദ്യങ്ങൾ. അവരുടെ ഭക്തജനങ്ങൾക്ക് തൃപ്തികരമായ ഉത്തരമായിരിക്കും ഇത്. എന്നാൽ, ഇതിന്റെ ആശയമെന്താണ്? സർവ്വശക്തനായ അല്ലാഹുവിന്റെ ഭവനങ്ങൾക്ക് നാശനഷ്ടങ്ങളുണ്ടാകുന്നത് അല്ലാഹു തടയാത്തത് പോലെത്തന്നെ കണക്കാക്കിയാൽ മതി മക്ബറകളിൽ വെള്ളം മുങ്ങിയപ്പോൾ അത് തടയാതിരുന്ന ‘ഔലിയാക്കളുടെ’ കാര്യവും എന്നാണവർ സമർത്ഥിക്കുന്നത്. അല്ലാഹുവിനെയും അല്ലാഹുവിന്റെ സൃഷ്ടികളെയും താരതമ്യം ചെയ്യുന്ന ഇത്തരം ശിർക്കുപരമായ കൊടിയ വിശ്വാസങ്ങളും അത് പ്രചരിപ്പിക്കുന്ന പൗരോഹിത്യവും നാട് വാഴുന്നിടത്ത് അല്ലാഹുവിന്റെ കൊടിയ പരീക്ഷണങ്ങൾ ഉണ്ടായില്ലെങ്കിലേ അത്ഭുതമുള്ളൂ.

ഈ പുരോഹിതൻമാർ ഇനി എന്നാണാവോ അല്ലാഹുവിനെ പറ്റി മനസ്സിലാക്കുക? ഇവരെന്താണ് അല്ലാഹുവിനെപ്പറ്റി മനസ്സിലാക്കി വെച്ചിരിക്കുന്നത്? മമ്പുറം തങ്ങളെപ്പോലെ, അല്ലെങ്കിൽ തങ്ങളുടെ ആശ്രയ കേന്ദ്രങ്ങളായ മറ്റു ‘ഔലിയാക്കളെ’ പോലെയാണ് അല്ലാഹുവും എന്നാണോ ഇവർ കരുതുന്നത്?

അല്ലാഹുവിന്റെ പ്രവർത്തനങ്ങൾ അവന്റെ ഇഷ്ടങ്ങളാണ്. അവൻ ചെയ്യുന്നതും ചെയ്യാതിരിക്കുന്നതുമായ സംഗതികൾക്കൊക്കെ അവന് വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങളുണ്ടാകും. അല്ലാഹു(ﷻ) ഒരു കാര്യം ചെയ്യാതിരിക്കുന്നത് ഒരിക്കലും അവന്റെ കഴിവുകേട് കൊണ്ടല്ല. മറിച്ച്, ആ കാര്യം ചെയ്യാതിരിക്കുന്നതിന് അവന് അവന്റേതായ ഹിക്മതുകളുണ്ടാകും. അതെന്താണെന്ന് നമുക്കറിയില്ല. അല്ലാഹു നടപ്പാക്കുന്നതായ കാര്യങ്ങളുടെ രീതികളും അങ്ങനെത്തന്നെ. അതുകൊണ്ട്, പള്ളിയിൽ വെള്ളം കയറിയപ്പോൾ എന്തുകൊണ്ട് അല്ലാഹു തടഞ്ഞില്ല?, കഅ്ബയിൽ പ്രളയമുണ്ടായപ്പോൾ എന്തുകൊണ്ട് അല്ലാഹു തടഞ്ഞില്ല?, മിനയിൽ തീപ്പിടുത്തമുണ്ടായപ്പോൾ എന്തുകൊണ്ട് അല്ലാഹു തടഞ്ഞില്ല? എന്ന ചോദ്യം വഴികേടും കുഫ്റുമാണ്. ആ ചോദ്യം അല്ലാഹുവിന്റെ കഴിവിനെ നിഷേധിക്കലാണ്. അവനെ ചോ

*(ശേഷം 18-ാം പേജിൽ)*

# സകരിയ്യാ സ്വലാഹി: അലകളടങ്ങിയ ആഴക്കടൽ

ശാഫി സ്വലാഹി ചങ്ങലീരി

അതെ, നന്മയുടെ ഒട്ടധികം മാതൃകകൾ നമുക്കായി ബാക്കി വെച്ചുകൊണ്ട് നമുക്കെല്ലാം പ്രിയങ്കരനായ സകരിയ്യാ സ്വലാഹി വിശ്രമത്തിന്റെ ലോകത്തേക്ക് അതിവേഗം യാത്രയായിരിക്കുന്നു. വിശ്രമം, ഒഴിവുസമയം എന്നീ പദങ്ങൾ തന്നെ അദ്ദേഹത്തിന്റെ നിഘണ്ടുവിലുണ്ടായിരുന്നില്ല. ഒരുപക്ഷെ ഉറക്കിൽ മാത്രമേ വിശ്രമം എന്ന ഒരവസ്ഥ അദ്ദേഹം അനുഭവിച്ചിട്ടുണ്ടാവുകയുള്ളൂ. അത്രമാത്രം സെക്കന്റുകൾക്കു പോലും വലിയ വില നൽകുന്നയാളായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ വിയോഗം എന്നെ സംബന്ധിച്ചിടത്തോളം വിവരിക്കാൻ കഴിയാത്ത നഷ്ടമാണ് ബാക്കി വെച്ചിട്ടുള്ളത്. അല്ലാഹുവിന്റെ വിധിയിൽ സമാധാനിക്കുക മാത്രമാണല്ലോ നമ്മുടെ കടമ. അദ്ദേഹത്തിന്റെ മരണവാർത്ത കേട്ടതു മുതൽ ഒന്നര മാസത്തിനു ശേഷം ഇതെഴുതുമ്പോൾ പോലും എല്ലാം ഒരു സ്വപ്നത്തിൽ കഴിഞ്ഞതുപോലെ മാത്രമാണനുഭവപ്പെടുന്നത്. മനസ്സിനെ യാഥാർത്ഥ്യലോകത്തേക്ക് കൊണ്ടുവരാൻ ഇപ്പോഴും സാധിക്കാത്ത അവസ്ഥ! കാരണം, എനിക്ക് സകരിയ്യാ സ്വലാഹി എന്നത് ഒരു പിതാവ്, ജ്യേഷ്ഠൻ, സുഹൃത്ത്, അധ്യാപകൻ എന്നീ വിശേഷണങ്ങളുടെയെല്ലാം അപ്പുറത്തായിരുന്നു. ഏതായാലും, ഒരു കാര്യം ഒറ്റവാക്കിൽ പറയാം. എന്റെ ജീവിതകാലത്തിനിടക്ക് എന്നെ ഇത്രയേറെ സ്വാധീനിച്ച മറ്റൊരാളും നാട്ടിലോ കുടുംബത്തിലോ പ്രസ്ഥാനത്തിലോ പുറത്തോ ഉണ്ടായിട്ടില്ല.

അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഘടകമേതായിരുന്നു എന്നു ചോദിച്ചാൽ, എനിക്ക് ഒറ്റവാക്കിൽ മറുപടി പറയാൻ സാധിക്കുകയില്ല. സാധാരണയായി ഒരാളെ വിലയിരുത്താറുള്ളത് അയാളുടെ ജീവിതത്തിലെ താരതമ്യേന ഉയർന്നു നിൽക്കുന്ന ഒരു ഘടകത്തെ പരിഗണിച്ചു കൊണ്ടായിരിക്കുമല്ലോ? എന്നാൽ, സ്വലാഹിയെ സംബന്ധിച്ചിടത്തോളം ഓരോ ഗുണങ്ങളും ഒന്നിനൊന്ന് മികച്ചു നിൽക്കുമ്പോൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്ന് ഇതിലേതെങ്കിലും ഒരു ഘടകത്തെ ഇഴപിരിച്ചെടുക്കാൻ കഴിയില്ലെന്നതാണ് യാഥാർത്ഥ്യം.

ആർക്കും അനുകരിക്കാനാവാത്ത വാചാലത, പകർത്തിയെടുക്കാനാവാത്ത അവതരണ ശൈലി, ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന നിരവധി പ്രയോഗങ്ങളുടെയും ഉപമകളുടെയും അവതാരകൻ, ക്വുബൂരികളുടെ പേടിസ്വപ്നം, ഹദീഥ് നിഷേധികളുടെ കണ്ഠകോടാലി, ശിഷ്യഗണങ്ങളുടെ ഇഷ്ടപ്പെട്ട ഉസ്താദ്.... ഇങ്ങനെ ഓർമയിൽ ഓളം വെട്ടുന്ന എത്രയെത്ര അനുഭവങ്ങൾ! എല്ലാം ഓർക്കാനുള്ളത് മാത്രം. മറക്കാൻ ഒന്നുമില്ല. ഓർക്കുന്തോറും നോവേറുകയാണ്.

താൻ മനസ്സിലാക്കിയ ആദർശത്തിനു വേണ്ടിയാണദ്ദേഹം ജീവിച്ചത്. ബോധ്യമായ സത്യം തുറന്നു പറയുന്നതിൽ ഭൗതിക ലാഭനഷ്ടങ്ങളോ ഇണക്ക-പിണക്കങ്ങളോ അദ്ദേഹം നോക്കിയിരുന്നില്ല. അതുകൊണ്ടുതന്നെ, കൂടെ നിന്നവർ പോലും അദ്ദേഹത്തെ അകറ്റിയ നിരവധി ഘട്ടങ്ങളുണ്ടായിട്ടുണ്ട്. ആയിരങ്ങൾ അനുയായികളായുള്ള സംഘടനാ നേതാവായിരിക്കുമ്പോൾ പോലും അദ്ദേഹം ഒരു ഒറ്റയാൾ പട്ടാളമായിരുന്നു. ചില സത്യങ്ങൾ തുറന്നു പറയാൻ ഈ ചട്ടക്കൂടുകൾ തടസ്സമാണെന്നദ്ദേഹം അനുഭവങ്ങളിലൂടെ മനസ്സിലാക്കിയിട്ടുണ്ടായിരുന്നു. അതുകൊണ്ടാണ് സംഘടനാ ജീവിത കാലത്ത് അതിലൂടെ ലഭിക്കാവുന്ന ഏറ്റവും വലിയ സ്ഥാനമാനങ്ങൾ കയ്യിൽ വ

ന്നിട്ടും അതെല്ലാം സ്നേഹപൂർവ്വം നിരസിക്കാനദ്ദേഹം തയ്യാറായത്.

### ടെൻഷനില്ലാത്ത ജീവിതം:

ടെൻഷനെന്താണെന്ന് അദ്ദേഹത്തിനറിയുമായിരുന്നില്ല. നിരവധി തവണ, താനുംകൂടി ചോരയും നീരും നൽകി വളർത്തിയ സംഘടനയും നേതൃത്വവും അദ്ദേഹത്തെ അനാവശ്യമായ കുറ്റങ്ങളാരോപിച്ച് കറിവേപ്പില പോലെ എടുത്ത് പുറത്തിട്ടപ്പോഴും അദ്ദേഹം തളർന്നിരിക്കുകയോ മറ്റു മേച്ചിൽപുറങ്ങൾ തേടുകയോ അല്ല ചെയ്തത്. തെറ്റിദ്ധാരണയിൽ കുടുങ്ങിയ നേതാക്കളെയും അണികളെയും സത്യം പൂർണമായി ബോധ്യപ്പെടുത്താൻ സാധിക്കാത്തതിലുള്ള സങ്കടം മാത്രമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. സംഘടനാ രംഗത്ത് എത്ര ഗൗരവമേറിയ പ്രശ്നങ്ങളും നടപടികളുമുണ്ടായാലും അദ്ദേഹം പറയാറുള്ളത്, "എന്തിന് നാം വേവലാതിപ്പെടണം? ഇടപെടുന്നതെല്ലാം സത്യത്തിനും നീതിക്കും ദീനിനും വേണ്ടിയാണല്ലോ. ദീനാണെങ്കിൽ റബ്ബിന്റെ സംരക്ഷണത്തിലുമാണ്. നാം നമ്മെ ഏൽപിച്ച പണി നിയ്യത്ത് മാറാതെ ചെയ്താൽ മതി. അവന്റെ സഹായമുണ്ടാകും" എന്നായിരുന്നു. ഇതായിരുന്നു എല്ലാ പ്രതിസന്ധി ഘട്ടങ്ങളിലും അദ്ദേഹത്തിന്റെ നിലപാട്. എന്നാൽ പലപ്പോഴും അദ്ദേഹം വേവലാതിപ്പെട്ടിരുന്നത്, നാം നമ്മുടെ ഉത്തരവാദിത്തങ്ങളിൽ വീഴ്ചവരുത്തുന്നുണ്ടോ എന്നാലോചിച്ചായിരുന്നു. നമ്മുടെ ഭാഗത്ത് വല്ല അപാകതകളും വന്നാൽ അല്ലാഹു പരീക്ഷിക്കുമെന്ന് അദ്ദേഹം ഇടക്കിടെ ഓർമപ്പെടുത്താറുണ്ടായിരുന്നു.

ഞാനോർക്കുകയാണ്, ഇക്കാര്യം വളരെ വൈകാരികമായി തന്റെ സഹപ്രവർത്തകരെ ഓർമപ്പെടുത്തിയ ഒരു രംഗമായിരുന്നു ചരിത്രപ്രസിദ്ധമായ മണ്ണാർക്കാട് സംവാദത്തിന്റെ തലേ ദിവസം രാത്രി. അദ്ദേഹമുൾപ്പടെ അതിൽ പങ്കെടുക്കേണ്ടവരെല്ലാം അതിന്റെ മുന്നൊരുക്കങ്ങളുമായി ബന്ധപ്പെട്ട് തിരക്കിലാണ്. ചങ്ങലീരിയിലെ സലഫി മസ്ജിദാണ് വേദി. തിരക്കു കാരണം അന്ന് അദ്ദേഹം അൽപനേരം മാത്രമേ ഉറങ്ങിയിട്ടുണ്ടായിരുന്നുള്ളൂ. എന്നിട്ടും സുബ്ഹിക്ക് ഏറെ മുമ്പ് അദ്ദേഹം എഴുന്നേൽക്കുകയും എല്ലാവരെയും വിളിച്ചുണർത്തുകയും ചെയ്തുകൊണ്ട് ഇടറുന്ന ശബ്ദത്തോടെ ഇപ്രകാരം പറഞ്ഞു: "നാളെ രാവിലെ നാം നേരിടാൻ പോകുന്നത് ശിർക്കിനെതിരെ തൗഹീദിനു വേണ്ടിയുള്ള ഒരു യുദ്ധത്തിലേക്കാണ്. ആൾബലവും കഴിവുകളും കുറഞ്ഞ നാം സത്യത്തിന്റെ വക്താക്കളാണ് എന്ന ധൈര്യം മാത്രമാണ് നമുക്കുള്ളത്. എന്നാൽ നമ്മുടെ പക്കൽ നിന്ന് വരുന്ന വല്ല നാക്കുപിഴയോ വൈകാരിക പ്രയോഗങ്ങളോ കാരണം ഒരുപക്ഷെ അല്ലാഹു നമ്മെ പരീക്ഷിച്ചേക്കാം. അതുകൊണ്ട് എല്ലാവരും തഹജ്ജുദ് നമസ്കരിച്ച് ആത്മാർത്ഥമായി പ്രാർത്ഥനകളിൽ മുഴുകുക." ഇക്കാര്യം അന്ന് സുബ്ഹിനമസ്കാര ശേഷവും അദ്ദേഹം ഓർമപ്പെടുത്തുകയുണ്ടായി. ഇതെല്ലാം കേട്ട ഞങ്ങൾക്ക് അന്ന് അനുഭവപ്പെട്ടത്, ബദ്ർ യുദ്ധ തലേദിവസം നബി(സ) സ്വഹാബത്തിന് കൊടുത്ത ഉപദേശവും അവിടുന്ന് നടത്തിയ ദീർഘമായ പ്രാർത്ഥനയുമായിരുന്നു.

### വിജ്ഞാനത്തിന് സമർപ്പിക്കപ്പെട്ട ജീവിതം

സ്വലാഹിയുടെ ജീവിതം ഒരു മണിക്കൂറെങ്കിലും അനുഭവിച്ചവർക്ക് ഈ വാക്യം അദ്ദേഹം പരമാവധി അന്വർത്ഥമാക്കിയിരുന്നു എന്ന് ബോധ്യമാകും. ശൈശവകാലം മുതൽ അദ്ദേഹത്തിന്റെ ജീവിതം ദീനീവിജ്ഞാന സമ്പാദനത്തിനും പ്രബോധനത്തിനും വേണ്ടി സമർപ്പിക്കപ്പെട്ടതായിരുന്നു. ഒരു സെക്കന്റ് സമയം പോലും അദ്ദേഹം പാഴാക്കുമായിരുന്നില്ല. എത്ര തിരക്കുപിടിച്ച കുടുംബ യാത്രകളിലാണെങ്കിലും, കുത്തിക്കുലുങ്ങുന്ന ബസിലാണെങ്കിലും കയ്യിൽ കിതാബുകളുണ്ടാകും. ചെറിയ ഇടവേളകൾ പോലും അനാവശ്യ സംസാരത്തിനോ വിനോദത്തിലോ ഉപയോഗപ്പെടുത്താത്ത മനുഷ്യൻ. മാത്രമല്ല, വിജ്ഞാന സമ്പാദനത്തിനു വേണ്ടി എത്ര ദൂരം താണ്ടാനും, ഏത് ചെറിയവനെ സമീപിക്കാനും അദ്ദേഹത്തിന് മടിയുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കയ്യിലില്ലാത്ത ഒരു പുസ്തകമോ ചെറിയ അറിവുകളോ ലഭിക്കാൻ വേണ്ടി ഞാനടക്കമുള്ള സാധാരണക്കാരുടെ വീട്ടിൽ ദിവസങ്ങളോളം അദ്ദേഹം താമസിച്ചിട്ടുണ്ട്.

### സാമ്പത്തിക രംഗത്തെ സൂക്ഷ്മത

സകരിയ്യാ സ്വലാഹിയിൽ പ്രകടമായി കണ്ടിരുന്ന എടുത്തു പറയേണ്ട ഒരു സവിശേഷതയാണ് സമ്പത്ത് കൈകാര്യം ചെയ്യുമ്പോഴും കൈപറ്റുമ്പോഴും അദ്ദേഹം പുലർത്തിയിരുന്ന അതീവ സൂക്ഷ്മത. സംഘടനയുടെ വിവിധ ഘടകങ്ങളിലുള്ളവർ പല സാമ്പത്തിക വകുപ്പുകളും കൈകാര്യം ചെയ്യുമ്പോൾ പലപ്പോഴും അദ്ദേഹം പറയുമായിരുന്നു, "നാം കൈകാര്യം ചെയ്യുന്നത് പണമാണ്. ഒരുപക്ഷെ പണത്തിന് നാം അത്യാവശ്യക്കാരായിരിക്കാം. പക്ഷെ ഒരു രൂപ പോലും നാം വശത്താക്കുന്ന അവസ്ഥയുണ്ടാകരുത്." സംഘടനയുടെയും സ്ഥാപനത്തിന്റെയും പണം ഒരു ദിവസം പോലും കൈയ്യിൽ വെക്കാതെ ഉടൻ തന്നെ അത് അതിന്റെ അവകാശികളെ ഏൽപിക്കണമെന്നും പ്രത്യേകം ഉപദേശിച്ചിരുന്നു. പലപ്പോഴും അദ്ദേഹം വിദേശ യാത്രകൾ കഴിഞ്ഞു

വന്നാൽ അൽ ഇസ്‌ലാഹ് മാസികക്കോ സ്ഥാപനങ്ങൾക്കോ ആയി വല്ലവരും ഏൽപിച്ച തുകയുണ്ടെങ്കിൽ അത് പ്രത്യേകം കവറുകളിലാക്കി മാസങ്ങളായി സൂക്ഷിച്ചു വെച്ചിട്ടുണ്ടാകും. അഥവാ തന്റെ കയ്യിലുള്ള പണവുമായി പോലും ആ നോട്ടുകൾ കലരാതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു എന്നർത്ഥം.

## കുതന്ത്രങ്ങളറിയാത്ത സാത്വികൻ

സകരിയ്യാ സ്വലാഹിയെ അടുത്തറിയാത്ത ചിലരെങ്കിലും അദ്ദേഹമൊരു പരുക്കനും അഹങ്കാരിയും കുതന്ത്രക്കാരനുമാണെന്നാണ് ധരിച്ചിട്ടുള്ളത്. എന്നാൽ, യഥാർത്ഥ വിജ്ഞാനം മനുഷ്യന് അഹങ്കാരവും പൊങ്ങച്ചവുമല്ല വിനയവും താഴ്മയുമാണ് സമ്മാനിക്കുന്നത് എന്ന് അക്ഷരാർത്ഥത്തിൽ തെളിയിക്കുന്നതായിരുന്നു മരണം വരെയുള്ള അദ്ദേഹത്തിന്റെ ജീവിതം. എല്ലാ വിഷയങ്ങളിലും നേർക്കുനേരെ നിലകൊള്ളുക, സത്യത്തിന്റെ കൂടെ നിൽക്കുക എന്ന പ്രകൃതക്കാരനായിരുന്ന അദ്ദേഹം, ഒരുകാലത്തും തന്ത്രമോ കുതന്ത്രമോ ഇഷ്ടപ്പെട്ടിരുന്നില്ല. അതിനുള്ള വ്യക്തമായ തെളിവാണ് അദ്ദേഹത്തിന്റെ സംഘടനാ ജീവിത കാലഘട്ടം. തനിക്കെതിരെ ശിർക്ക് പോലും ആരോപിച്ച് വലിയ കുറ്റപത്രമുണ്ടാക്കി അത് നാടുനീളെ സംഘടനാ ചാനലുപയോഗിച്ച് ചിലർ വിശദീകരിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തെ മണിക്കൂറുകളോളം വിചാരണ ചെയ്ത് പുറത്താക്കാനുള്ള നടപടികളുമായി മുന്നോട്ടു പോകുകയും ചെയ്യുന്ന ഘട്ടം. ആ സമയത്തദ്ദേഹം പൊതുപരിപാടികളിൽ നിന്നെല്ലാം മാറി നിന്ന് കടവത്തൂരിലെ വീട്ടിൽ ലൈബ്രറിയിൽ പഠനവുമായി കഴിഞ്ഞുകൂടിക്കൊണ്ടിരിക്കുകയാണ്. ഈ സമയത്ത് യാദൃശ്ചികമായി ഈ ലേഖകനും ചില സുഹൃത്തുക്കളും മറ്റൊരാവശ്യവുമായി ആ വഴിക്ക് പോയപ്പോൾ അദ്ദേഹത്തെ കണ്ടു. വലിയ വിഷമത്തിൽ അദ്ദേഹം അവസ്ഥകൾ വിവരിച്ചു. കൂട്ടത്തിൽ എന്റെ കൂടെയുള്ള ഒരാൾ അദ്ദേഹത്തോട് പറഞ്ഞു, “ഇത്രയും കാലം ഈ സംഘടനക്കും ആദർശത്തിനും വേണ്ടി രാപ്പകലില്ലാതെ പ്രവർത്തിച്ച താങ്കളെ കറിവേപ്പില പോലെ പുറത്തിടുന്നത് ഞങ്ങൾക്ക് സഹിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് തൽക്കാലം രക്ഷപ്പെടാൻ വേണ്ടിയെങ്കിലും എന്തെങ്കിലും തന്ത്രം പ്രയോഗിച്ചുകൂടായിരുന്നോ? മനസ്സിൽ തട്ടാതെ വല്ല കളവുകളും പറഞ്ഞ് നടപടികളിൽ നിന്ന് രക്ഷപ്പെടാമായിരുന്നന്നില്ലേ?.” അതിനദ്ദേഹം പറഞ്ഞ മറുപടി: “ഇത് അല്ലാഹുവിന്റെ ദീനാണ്. അതിൽ നാം നമ്മുടെ വക വല്ല തന്ത്രങ്ങളും കാണിച്ചാൽ തൽക്കാലം ഇവിടെ രക്ഷപ്പെട്ടാലും പരലോകം നഷ്ടപ്പെടുത്താൻ പാടില്ലല്ലോ?” എന്നായിരുന്നു. ഇങ്ങനെയുള്ള എത്രയോ അനുഭവങ്ങൾ പലർക്കും പറയാനുണ്ടാകും.

## പ്രസംഗ ചാതുരി

എക്കാലത്തും മുജാഹിദ് പ്രസംഗപീഢത്തിലെ വെള്ളിനക്ഷത്രമായിരുന്നു സകരിയ്യാ സ്വലാഹി. എത്ര കേട്ടാലും മടുപ്പ് വരാത്ത, ആവർത്തന വിരസത അനുഭവപ്പെടാത്ത അപൂർവ്വം പ്രാസംഗികരിലൊരാളായിരുന്നു അദ്ദേഹം. ഓരോ പ്രഭാഷണങ്ങളും ശരിക്കും പഠിച്ചും പരിശോധിച്ചും രേഖപ്പെടുത്തിയും വെടിപ്പായി അവതരിപ്പിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതിനുവേണ്ടി ധാരാളം സമയവും ദിവസങ്ങളും അദ്ദേഹം ഉപയോഗിക്കുമായിരുന്നു. ഒരിക്കലും പഴയ നോട്ടും ഡയറിയും വെച്ചുകൊണ്ടുള്ള ഒരു പ്രസംഗം ഒരു കാലത്തും അദ്ദേഹം നിർവ്വഹിച്ചിരുന്നില്ല. മാത്രമല്ല, ഒരു വിഷയം അവതരിപ്പിക്കുമ്പോൾ മറ്റെവിടെയും തട്ടാതെ അത് മാത്രം പറയുക എന്നതായിരുന്നില്ല അദ്ദേഹത്തിന്റെ ശൈലി. പ്രത്യുത, ആ വിഷയത്തിലേക്ക് വെളിച്ചം വീശുന്നതും അവിടെയുള്ള ശ്രോതാക്കൾക്ക് ആവശ്യമുള്ളതുമായ കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും വിഷയത്തെ ക്രോഡീകരിക്കുക. പ്രദേശത്തിന്റെയും കേൾവിക്കാരുടെയും പൾസ് മനസ്സിലാക്കി വിഷയത്തെ അവതരിപ്പിക്കാനുള്ള അദ്ദേഹത്തിനുള്ള കഴിവ് ഒന്ന് വേറെതന്നെയാണ്. അതിനുദാഹരണമായിരുന്നു, ഒരു വർഷം മുമ്പ് കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ ഐ എസ്സിനെതിരെ അദ്ദേഹം നടത്തിയ പ്രഭാഷണങ്ങൾ. ഒരാഴ്ചയിൽ തന്നെ രണ്ടോ മൂന്നോ പ്രോഗ്രാമുകൾ. എല്ലായിടത്തും ഒരേ ടൈറ്റിൽ. പക്ഷെ, അവതരണമെല്ലാം ഒന്നിനൊന്ന് വ്യത്യസ്ഥമായിരുന്നു. അതിലെ ഒരു മണിക്കൂർ പോലും മറ്റൊന്നിന്റെ തനിയാവർത്തനമോ കോപ്പിപേസ്റ്റോ ആയിരുന്നില്ല. “സകരിയ്യാ സ്വലാഹിയുടെ ഓരോ പ്രസംഗത്തിലും പുതുതായെന്തെങ്കിലും പഠിക്കാനുണ്ടാകും” എന്ന് എതിരാളികൾ പോലും പറയുന്നതിന് നിരവധി തവണ ഈ ലേഖകൻ തന്നെ സാക്ഷിയാണ്.

ഒരു കാലത്ത് ക്വുബൂരീ വിരുദ്ധ ഖണ്ഡന-മണ്ഡന-സംവാദ രംഗത്ത് നിറഞ്ഞ് നിന്നിരുന്ന അദ്ദേഹം അധികവും ക്ഷണിക്കപ്പെടുക ഖുറാഫീ പൗരോഹിത്യത്തിന്റെ ഭീഷണികൾ നിലനിൽക്കുന്ന പ്രദേശങ്ങളിലേക്കായിരുന്നു. കാരണം, മറുവിഭാഗം ഏത് തരം പ്രകോപനങ്ങളുണ്ടാക്കിയാലും, അത് കല്ലേറിലും സ്റ്റേജ് കയ്യേറ്റത്തിലും കലാശിച്ചാൽ പോലും പതറാതെ നിന്ന് പ്രസംഗം പൂർത്തിയാക്കാനുള്ള അസമാമാന്യ ധൈര്യവും കഴിവും അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. ഇന്ന് മുജാഹിദ് പ്രസ്ഥാനം ഇത്രയധികം പടർ

ന്ന് പന്തലിക്കാനും എല്ലാ കുഗ്രാമങ്ങളിലും പള്ളികളും പ്രവർത്തകരുമുണ്ടാകാനും അദ്ദേഹത്തിന്റെ ആ തേരോട്ടം കാരണമായിട്ടുണ്ട് എന്നത് ആർക്കും നിഷേധിക്കാൻ കഴിയാത്ത  പച്ചയായ ചരിത്രമാണ്. പണ്ട് രാമനാട്ടുകരയിലുണ്ടായിരുന്ന 'ഭാഷണ കാസറ്റ്സ്' പുറത്തിറക്കിയ അദ്ദേഹത്തിന്റെ ആവേശോജ്ജ്വലമായ പ്രസംഗമായിരുന്നു 4 ഓഡിയോ കാസറ്റുകളിലായി പുറത്തിറക്കിയ 'പൗരോഹിത്യത്തിന്റെ ചങ്ങലക്കെട്ടുകൾ.' പഴയ സകരിയ്യാ സ്വലാഹി എന്ന് പറയുമ്പോൾ തന്നെ എല്ലാവർക്കും ഓർമ വരിക ഏതൊരു മുജാഹിദ് പ്രവർത്തകനെയും ആവേശത്തിന്റെ മുൾമുനയിൽ നിർത്തുന്ന ആ കാസറ്റുകളാണ്. ആ പ്രഭാഷണം മാത്രം കേട്ട് ഖുറാഫാത്തുകൾ വലിച്ചെറിഞ്ഞ ഒന്നിലധികമാളുകളെ ഈ ലേഖകന് തന്നെ നേരിട്ട് പരിചയമുണ്ട്. ഏതായാലും മുജാഹിദ് പ്രസ്ഥാനത്തിന് വേരോട്ടം ലഭിച്ച ഓരോ കുഗ്രാമങ്ങളിലും ഇറങ്ങി ഈ രംഗത്ത് അദ്ദേഹമുണ്ടാക്കിയ വിപ്ലവങ്ങളും അദ്ദേഹത്തിനുണ്ടായ അനുഭവങ്ങളും മാത്രം ക്രോഡീകരിച്ചാൽ തടിച്ച ഒരു പുസ്തകമാക്കാൻ മാത്രം സംഭവങ്ങളുണ്ടായിരിക്കും.

## രചനാ സൗന്ദര്യം

എഴുത്ത് രംഗത്തും കഴിവ് തെളിയിച്ച ഒരു പ്രതിഭയായിരുന്നു സ്വലാഹി. വെറുതെ എന്തെങ്കിലും വാരിവലിച്ച് എഴുതുന്ന ശൈലിക്കാരനായിരുന്നില്ല എദ്ദേഹം. വായനക്കാർക്ക് താൽക്കാലിക ആവേശവും വായനാ സുഖവും ലഭിക്കാൻ കൃത്രിമ ഉപമകളും ഉദാഹരണങ്ങളും നൽകി മയക്കുന്ന സ്വഭാവവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. എഴുതുന്ന വിഷയത്തിന്റെ എല്ലാ ഭാഗങ്ങളും ശരിക്കും പഠിച്ച് അതിലേക്കുവേണ്ട ചേരുവകളെല്ലാം തയ്യാറാക്കി, നിരവധി തവണ വെട്ടിയും തിരുത്തിയുമാണ് ലേഖനം തയ്യാറാക്കുക. ശേഷം അത് ചുരുങ്ങിയത് രണ്ടാളുകളെക്കൊണ്ടെങ്കിലും പരിശോധിപ്പിക്കും. അതിനു ശേഷവും വേണ്ട തിരുത്തലുകളും മാറ്റങ്ങളും വരുത്തും. അങ്ങനെ ഒരാൾക്ക് പാലിക്കാൻ കഴിയുന്നതിന്റെ പരമാവധി സൂക്ഷ്മത പാലിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. രചനാ രംഗത്ത് പിച്ചവെച്ചു തുടങ്ങുന്ന ഞങ്ങളോടൊക്കെ അദ്ദേഹം പലപ്പോഴും  പറയുമായിരുന്നു, "നാം കൈകാര്യം ചെയ്യുന്നത് അല്ലാഹുവിന്റെ ദീനാണ്. അതുകൊണ്ട് നൂറുവട്ടം ചിന്തിച്ചിട്ടു വേണം എഴുതാൻ. ഒരബദ്ധം വന്നുപോയാൽ അത് രേഖയായി നൂറ്റാണ്ടുകളോളം ഇവിടെ കിടക്കും. അതുവഴി നമ്മുടെ പരലോകമാണ് നഷ്ടപ്പെടുക. അതുകൊണ്ട് തീരെ എഴുതിയിട്ടില്ലെങ്കിലും എഴുതുന്നത് കുറ്റമറ്റതാക്കാനണ് ശ്രദ്ധിക്കേണ്ടത്" എന്ന്.

## ബന്ധം ചേർക്കൽ

സംഘടനാ തെരക്കുകൾക്കിടയിൽ പലർക്കും സാധിക്കാത്തതോ ശ്രദ്ധിക്കാത്തതോ ആയ ഒരു സ്വഭാവമണ് കുടുംബ-അയൽപക്ക-സുഹൃ ബന്ധങ്ങൾ ചേർക്കലും അതിനായി വീടുകൾ സന്ദർശിക്കലും. എന്നാൽ ഈ കാര്യത്തിലും തികച്ചും വ്യത്യസ്ഥനായിരുന്നു സകരിയ്യാ സ്വലാഹി എന്ന് അനുഭവസ്ഥർക്കറിയാം. എത്ര തിരക്കുപിച്ച സമയങ്ങളിലും അദ്ദേഹം ഇത്തരം ബന്ധങ്ങൾ ചേർക്കാൻ വേണ്ടി വീടുകൾ സന്ദർശിക്കാനും സാധിച്ചില്ലെങ്കിൽ ടെലിഫോണിൽ ബന്ധപ്പെടാനും ശ്രമിക്കാറുണ്ടായിരുന്നു. ഇടക്കിടെ വിദേശയാത്രകൾ നടത്തിയിരുന്ന അദ്ദേഹം യാത്ര പോകുന്നതിനു മുമ്പും തിരിച്ചുവന്നാലും ബന്ധുക്കളുടെ വീടുകൾ സന്ദർശിക്കുക എന്നത് ഒരു ചര്യയാക്കിയിരുന്നു.

ഇതുപോലെ തന്നെ പ്രത്യേകം എടുത്തു പറയേണ്ട അദ്ദേഹത്തിന്റെ ഒരു സ്വഭാവമാണ് സഹപ്രവർത്തകരുടെയും ആദർശ ബന്ധുക്കളുടെയും സുഖത്തിലും ദുഃഖത്തിലും പങ്കുചേരുക എന്നത്. തന്റെ ഒരു ആദർശ സഹോദരന് ഒരു രോഗമോ പ്രയാസമോ ഉണ്ടായാൽ എന്ത് തിരക്കുകൾക്കിടയിലും അദ്ദേഹത്തിന്റെ വീട്ടിൽ വന്ന് തന്നെ ആശ്വസിപ്പിക്കാനും സാമ്പത്തിക ബാധ്യതകളാണെങ്കിൽ അതിനുള്ള പരിഹാരം കാണാനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.

മാത്രമല്ല, പഠന സമയങ്ങളിലും പ്രസംഗങ്ങൾക്കൊരുങ്ങുന്ന സമയങ്ങളിലുമൊന്നും അദ്ദേഹം വിളിച്ചാൽ ഫോണെടുക്കാറില്ല. അതെത്ര പ്രിയപ്പെട്ടവരുടേതാണെങ്കിലും ശരി. എന്നാൽ ശേഷം എപ്പോഴാണോ ഒഴിവു ലഭിക്കുന്നതെങ്കിൽ അദ്ദേഹം അതെല്ലാം മുൻഗണനാ ക്രമമനുസരിച്ച് തിരിച്ച് വിളിച്ചിരുന്നു. നമ്മിൽ പലർക്കും കൈമോശം വന്നുപോകുന്ന സ്വഭാവങ്ങളാണിതെല്ലാം.

## ബഹുഭാര്യത്വത്തിലും മാതൃക

മോഡേണിസ്റ്റുകളും ആ രോഗം ബാധിച്ച പല മുജാഹിദുകളും ബഹുഭാര്യത്വത്തെ അറപ്പോടെ കാണുന്നവരും അത് പുരുഷന്മാർക്ക് സുഖിക്കാനുള്ള മാർഗമായി വിലയിരുത്തുന്നവരുമാണ്. എന്നാൽ സകരിയ്യാ സ്വലാഹി ആ വിഷയത്തിലും ഒരു മാതൃകയായിരുന്നു എന്നതാണ് യാഥാർത്ഥ്യം. ഈ രംഗത്തെ അദ്ദേഹത്തിന്റെ ജീവിതമാകട്ടെ തികച്ചും മാതൃകാപരമായിരുന്നു എന്ന് അദ്ദേഹത്തെയും കുടുംബത്തെയും അടുത്തറിഞ്ഞിരുന്ന എനിക്ക് തീർത്ത് പറയാൻ സാധിക്കും. ആദ്യ കാലത്ത് സ്വന്തം നാടായ പാലക്കാഴിയിൽ ഓടിട്ട ചെറിയ ഒരു വീട്ടിലായിരുന്നു രണ്ട് ഭാര്യമാരും ഒന്നിച്ച് കഴിഞ്ഞിരുന്നത്. പലപ്പോഴും കുട്ടികൾ ഏത് ഭാര്യമാരിലുള്ളതാണെന്നുപോലും തിരിച്ചറിയാത്ത വിധം രണ്ടുപേരും പരസ്പരം സ

ഹകരണത്തിലായിരുന്നു പരിപാലിച്ചിരുന്നത്. ഇന്ന് രണ്ടുപേർക്കും ഒരേ കോമ്പൗണ്ടിൽ തന്നെ പ്രത്യേകം വീടുകളൊരുക്കിയിട്ടുണ്ടെങ്കിലും അങ്ങേയറ്റത്തെ അടുപ്പത്തിലും ഇണക്കത്തിലുമാണവർ കഴിഞ്ഞുകൂടുന്നതെന്ന് അവിടെ സന്ദർശിച്ച ആരും ആശ്ചര്യത്തോടെ പറഞ്ഞുപോകും.

## ചില അവിസ്മരണീയ സംഭവങ്ങൾ

സകരിയ്യാ സ്വലാഹിയുടെ ജീവിതത്തിൽ മറക്കാൻ കഴിയാത്ത നിരവധി സംഭവങ്ങളുണ്ട്. അതിലേക്കെല്ലാം വിശദമായി ഇപ്പോൾ പ്രവേശിക്കുന്നില്ല. എങ്കിലും പ്രത്യേകം എടുത്തു പറയേണ്ടതും ചരിത്ര പ്രാധാന്യമുള്ളതും, ഈ ലേഖകന് നേരിട്ട് അനുഭവമുള്ളതുമായ ഒന്നുരണ്ടെണ്ണം ഇവിടെ കുറിക്കാം.

## പ്രമാദമായ ചങ്ങലീരി സംഭവം

ഈ ലേഖകന്റെ നാടാണ് പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ പെട്ട ചങ്ങലീരി എന്ന കൊച്ചു ഗ്രാമം. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും പൂണ്ടുകിടക്കുന്ന പാരമ്പര്യ മതക്കാരായ സമസ്തയുടെ ആശയക്കാരാണ് ഇവിടത്തെ 99 ശതമാനം ആളുകളും. അതിനിടക്കാണ് ഏകദേശം 1980-85 കാലങ്ങളിൽ എന്റെ പിതാവിന് തൗഹീദിന്റെ വെളിച്ചം ലഭിക്കുന്നത്. (പേര് പച്ചീരി ഹംസ ബാഖവി. ഇപ്പോൾ കേരള ജംഇയ്യത്തുൽ ഉലമയുടെ പ്രസിഡന്റും എടവണ്ണ ജാമിഅ നദ്‌വിയ്യയിലെ അധ്യാപകനുമാണദ്ദേഹം.) ആ കാലത്ത് അദ്ദേഹം ജന്മനാടായ ചങ്ങലീരി വലിയ ജുമുഅത്ത് പള്ളിയിലെ മുദരിസും ഖതീബുമായിരുന്നു. മറ്റാരുടെയെങ്കിലും പ്രേരണയാലോ ആരുടെയെങ്കിലും പ്രസംഗത്തിൽ സ്വാധീനിച്ചോ ആയിരുന്നില്ല അദ്ദേഹത്തിന്റെ മാറ്റം. പ്രത്യുത, താൻ ഓതിപ്പഠിച്ച ശാഫിഈ മദ്ഹബിലെ കിതാബിലും ഇസ്‌ലാമിക പ്രമാണങ്ങളായ ക്വുർആനിലും സുന്നത്തിലും ഉള്ളതല്ല നാട്ടിൽ മതത്തിന്റെ പേരിൽ നടക്കുന്നത് എന്ന് മെല്ലെ മെല്ലെ തിരിച്ചറിഞ്ഞതുകൊണ്ടായിരുന്നു. അദ്ദേഹം അറിഞ്ഞ സത്യം ധൈര്യപൂർവ്വം പറയാൻ തുടങ്ങി. അതിനിടക്കാണ് മറ്റൊരു മസ്അലാ പ്രശ്നം ഈ പ്രദേശത്തുടലെടുക്കുന്നത്. (അത് വിശദമായി പ്രതിപാദിക്കേണ്ട മറ്റൊരു വിഷയമായതുകൊണ്ടും പറയുന്ന അടിസ്ഥാന വിഷയത്തോട് ബന്ധമില്ലാത്തതുകൊണ്ടും ഇവിടെ പ്രതിപാദിക്കുന്നില്ല.) പ്രസ്തുത സംഭവവും അദ്ദേഹത്തിന്റെ മാറ്റത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.

ഏതായാലും ഉപ്പയുടെ മാറ്റം നാട്ടിലും പരിസരങ്ങളിലുമെല്ലാം വലിയ തോതിൽ അലയൊലികളുണ്ടാക്കി. കാരണം ഒരു വലിയ ജുമുഅത്ത് പള്ളിയിലെ ഖതീബും മുദരിസുമായ ആളാണ് 'വഹാബി'യാകുന്നത്! കുടുംബത്തിലും നാട്ടിലും പലർക്കും തൗഹീദിലേക്ക് വെളിച്ചം കിട്ടാൻ അതൊരു കാരണമായിമാറി. ഇനി, വിഷയത്തിലേക്ക് മടങ്ങാം. പൊതുവെ കിതാബുകളുടെ ലോകത്തിലൂടെ മാത്രം സഞ്ചരിക്കുകയും അറിവുതേടി ഏതറ്റംവരെ പോവുകയും ചെയ്യുന്ന പ്രകൃതക്കാരനായ സകരിയ്യാ സ്വലാഹി എന്റെ അയൽനാട്ടുകാരനാണ്. ഉപ്പയുടെ മാറ്റം അദ്ദേഹമറിയുകയും കിതാബ് തിരിയുന്ന ഒരു മുദരിസ് എന്നതിനാൽ പഠനത്തിൽ അദ്ദേഹത്തെ ഉപയോഗപ്പെടുത്താം എന്ന ഉദ്ദേശ്യത്തിൽ അദ്ദേഹം ഉപ്പയുമായി ബന്ധപ്പെടുകയായിരുന്നു. മാത്രമല്ല, ചങ്ങലീരി സലഫി മസ്ജിദിനു കീഴിൽ പിന്നീട് സ്ഥാപിച്ച അത്യാവശ്യം വലിയ ലൈബ്രറിയും അദ്ദേഹത്തെ ഈ നാട്ടിലേക്ക് ആകർഷിച്ചിട്ടുണ്ട്. പിന്നീട് ആ ബന്ധം ദൃഢമാവുകയും അങ്ങനെ അദ്ദേഹം എന്റെ നാട്ടിലെയും വീട്ടിലെയും ഒരു നിത്യസന്ദർശകനാവുകയുമായിരുന്നു. ചങ്ങലീരിയിലെ മുജാഹിദ് പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഒരു നിർണായക പങ്കുവഹിക്കാൻ സകരിയ്യാ സ്വലാഹിയുടെ ഈ ബന്ധം കാരണമായി എന്ന കാര്യത്തിൽ തർക്കമില്ല. പിന്നീടങ്ങോട്ട് പ്രഭാഷണങ്ങളുടെ ഒരു തേരോട്ടമായിരുന്നു. ചങ്ങലീരിയുടെയും മണ്ണാർക്കാടിന്റെയും എല്ലാ മുക്കുമൂലകളിലും കേവലം ഒരു പ്രസംഗപീഠം പോലുമില്ലാതെ പത്തിൽ താഴെ മാത്രം ശ്രോതാക്കളുമായി നിരവധി ആദർശ പ്രഭാഷണങ്ങൾ അദ്ദേഹം നടത്തി. അതെല്ലാം വലിയ മാറ്റങ്ങളാണ് ഈ പ്രദേശങ്ങളിലുണ്ടാക്കിയത്.

ആ സുവർണകാലം അധികം നീണ്ടുനിന്നില്ല. കാരണം, ചങ്ങലീരിയുമായുള്ള സകരിയ്യാ സ്വലാഹിയുടെ ബന്ധവും അതുവഴി ഇവിടെയുണ്ടായ പുത്തനുണർവ്വുമെല്ലാം ഇവിടുത്തെ ഇരുട്ടിന്റെ ശക്തികളായ ക്വുബൂരികൾക്ക് സഹിക്കാവുന്നതിലുമപ്പുറമായിരുന്നു. അങ്ങനെ അവർ തങ്ങളുടെ അന്ധവിശ്വാസാനാചാരങ്ങളെ പിടിച്ചുനിർത്താൻ പുതിയ മേച്ചിൽപുറങ്ങൾ തേടിക്കൊണ്ടിരുന്നു. അതിന്റെ ഭാഗമായിരുന്നു 'വലിയ്യുള്ളാഹി അന്ത്രുപ്പാപ്പ' എന്ന് പറയപ്പെടുന്ന ഒരു വൃദ്ധനെ ആനയിച്ചുകൊണ്ട് ചങ്ങലീരിയുടെ ചരിത്രത്തിലാദ്യമായി ഒരു ദിക്റ്-ദുആ മജ്‌ലിസ് സംഘടിപ്പിച്ചത്. അവസാനം ആ പാപ്പ കഴിച്ചതിന്റെ ഭാക്കി ഭക്ഷണാവശിഷ്ടങ്ങൾക്കുവരെ തിരക്കുകൂട്ടുംവിധം അവർക്കിടയിൽ അന്ധവിശ്വാസം ശക്തിപ്പെടാനതു കാരണമായി! അങ്ങിനെയിരിക്കെയാണ് ഇത്തരം തെറ്റിദ്ധാരണകളിലകപ്പെട്ട സാധാരണക്കാരെ ഉദ്ബോധിപ്പിക്കാൻ വേണ്ടി സകരിയ്യാ സ്വലാഹിയെക്കൊണ്ട് 'അല്ലാഹുവിന്റെ ഔലിയാക്കൾ' എന്ന ടൈറ്റിലിൽ ഒരു ഒരു പ്രഭാഷണം സംഘടിപ്പിക്കാൻ ഇവിടുത്തെ മുജാഹിദ് പ്രവർത്തകർ തീരുമാനിച്ചത്. പ്രസ്തുത പരിപാടി നിശ്ചയിച്ച ദിവ

സത്തിൽ ഭംഗിയായി നടന്നു. വിഷയത്തിന്റെ നാനാ ഭാഗങ്ങളും പ്രാമാണികമായി അവതരിപ്പിച്ചു കൊണ്ടുള്ള അൽപം നർമം കലർത്തിക്കൊണ്ടുള്ള സകരിയ്യാ സ്വലാഹിയുടെ സ്വതസിദ്ധമായ ശൈലിയിലുള്ള ആ പ്രഭാഷണം ചങ്ങലീരിയിലെ സാധാരണക്കാരായ ആളുകൾക്കിടയിൽ വലിയ സ്വാധീനമാണുണ്ടാക്കിയത്. എന്നാൽ അതിന് മറയിടാൻ വേണ്ടി ഖുബൂരീ പക്ഷം തൊട്ടുടനെ തന്നെ മറ്റൊരു പരിപാടി സംഘടിപ്പിക്കുകയായിരുന്നു. അതിൽ സമസ്തയുടെ അക്കാലത്തെ വൻതോക്കുകളായിരുന്ന നാട്ടിക മൂസ മുസ്‌ല്യാരും കല്ലൂർ മൊയ്തീൻകുട്ടി മുസ്‌ല്യാരുമാണ് പങ്കെടുത്തത്. ആ പ്രഭാഷണവും ആളുകൾക്കിടയിൽ തെറ്റിദ്ധാരണകൾ നിലനിർത്താൻ ഒരു പരിധിവരെ കാരണമായി. ശേഷം ഇവരുടെ തെറ്റിദ്ധരിപ്പിക്കലുകൾക്ക് ഒരു വിശദീകരണം നൽകണമെന്ന നാട്ടിലെ പല സാധാരണക്കാരുടെയും പ്രവർത്തകരുടെയും ആവശ്യപ്രകാരം സകരിയ്യാ സ്വലാഹിയെ കൊണ്ടു തന്നെ ഒരു മറുപടി പ്രസംഗം സംഘടിപ്പിച്ചു. 21/1/1999 നായിരുന്നു പ്രസ്തുത പരിപാടി തീരുമാനിച്ചത്. അതാകട്ടെ മാസപ്പിറവി വിവാദം പുകഞ്ഞുകൊണ്ടിരിക്കുന്ന സമയവുമായിരുന്നു. ഏതായാലും സംഘാടകർ പരിപാടിയുടെ മുന്നൊരുക്കങ്ങളുമായി മുന്നോട്ടു പോയി. ഖുബൂരിക്കൂട്ടമാകട്ടെ ഈ പരിപാടി കലക്കാനും തകർക്കാനുമുള്ള കോപ്പുകൂട്ടലിലും. അങ്ങനെ നിശ്ചയിച്ച സമയത്ത് തന്നെ ഭീഷണികളുടെയും പ്രകോപനങ്ങളുടെയും പശ്ചാത്തലത്തിൽ പോലീസ് പ്രൊട്ടക്ഷനോടെ പരിപാടി ആരംഭിച്ചു. പക്ഷെ തുടക്കം മുതലെ എതിരാളികളുടെ കൂക്കുവിളികളും കല്ലേറുകളും വന്നുതുടങ്ങി. പിന്നീടത് ശക്തിപ്പെട്ടുകൊണ്ടിരുന്നു. സകരിയ്യാ സ്വലാഹിയാകട്ടെ വിഷയത്തിലൂന്നിനിന്നുകൊണ്ട് ഗുണകാംക്ഷാ ശൈലി കൈവിടാതെ ഘനഗംഭീര പ്രസംഗം തുടരുന്നു. അതിനിടക്കാണ് ഖുറാഫിക്കൂട്ടം എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് ആയുധങ്ങളുടെയും ആൾക്കൂട്ടത്തിന്റെയും അകമ്പടിയോടെ പ്രാസംഗികനെയും മറ്റു പ്രവർത്തകരെയും അടിച്ചോടിക്കാനും സ്റ്റേജ് കയ്യേറാനും നാശനഷ്ടങ്ങളുണ്ടാക്കാനുമായി സ്റ്റേജിനു മുമ്പിലെത്തിയത്. ആ സമയത്തും സ്വലാഹി പ്രഭാഷണത്തിലാണ്. പക്ഷെ അപ്പോഴവിടെയുണ്ടായിരുന്നത് കേവലം രണ്ട് പോലീസുകാർ മാത്രം. കലിയിളകി നിൽക്കുന്ന ഈ അക്രമി സംഘത്തെ അടക്കാനോ ഒതുക്കാനോ അവർക്ക് സാധിക്കാത്ത അവസ്ഥ. അങ്ങനെ പരിപാടി അലങ്കോലമായി നിർത്തിവെക്കേണ്ടിവന്നു. ശേഷമങ്ങോട്ട് ഒരു യുദ്ധം തന്നെയായിരുന്നു. ഈ പ്രദേശത്തുകാരായ വിരലിലെണ്ണാവുന്ന മുജാഹിദ് പ്രവർത്തകരും അടുത്ത പ്രദേശങ്ങളിൽ നിന്ന് പ്രഭാഷണം കേൾക്കാൻ വന്ന ഏതാനുമാളുകളും മാത്രം മുജാഹിദ് പക്ഷത്ത്. ഖുറാഫിക്കൂട്ടമാകട്ടെ നാടാകെ കലിതുള്ളി ഇളകിപ്പുറപ്പെട്ടിരിക്കുന്നു. അതിനിടക്കാണ് രണ്ടു പേർ പരിസരത്തുള്ള സുന്നി പള്ളിയിലെ കിണറിൽ വീണ് മരിക്കുന്നത്. അതിൽ ഒരാൾ മുജാഹിദ് പക്ഷത്തുള്ളയാളും മറ്റെയാൾ എതിർപക്ഷക്കാരനുമായിരുന്നു. എതിർ പക്ഷക്കാരൻ അവരുടെ പരിധിയിലുള്ള പള്ളിക്കിണറ്റിൽ വീഴാനുണ്ടായ കാരണമെന്താണെന്ന കാര്യം ഇപ്പോഴും ദുരൂഹമായി നിലനിൽക്കുന്നു. ചുരുക്കത്തിൽ മുജാഹിദ് പക്ഷത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രവർത്തകന്റെ മരണമടക്കം നിരവധി പരിക്കുകളും സാമ്പത്തിക നഷ്ടവുമുണ്ടാക്കിയ സംഭവമായിരുന്നു അത്.

ഇതോടെ പ്രശ്നം തീരുന്നില്ല. അവർ പിറ്റെ ദിവസം തന്നെ ഞങ്ങൾക്കെതിരിൽ ജാമ്യമില്ലാ വകുപ്പിൽ കേസും ഫയൽ ചെയ്തു! 'അരിയും തിന്ന് ആശാരിച്ചിയെയും കടിച്ച് പിന്നെയും നായ മുന്നോട്ട്' എന്ന് പറഞ്ഞതുപോലെ, മുജാഹിദുകൾ എല്ലാവിധ നിയമ വ്യവസ്ഥകളും പാലിച്ചുകൊണ്ട് പ്രഭാഷണം സംഘടിപ്പിക്കുന്നു. എന്നിട്ട് അതിൽ വന്ന് അക്രമമുണ്ടാക്കുകയും ശേഷം മുജാഹിദുകൾക്കെതിരെ തന്നെ കേസുകൊടുക്കുകയും ചെയ്യുക എന്ന വൈരുധ്യവും ധിക്കാരവും! ശരിക്കും ഇതാണവിടെ സംഭവിച്ചത്. പ്രസ്തുത കേസിൽ ഒന്നാം പ്രതി ഈ ലേഖകനും 14-ാം പ്രതി സകരിയ്യാ സ്വലാഹിയുമായിരുന്നു. കേസ് ഏകദേശം 9 വർഷത്തോളം നീണ്ടുനിന്നു. ഒറ്റപ്പാലം ജില്ലാ കോടതിയിൽ വെച്ചായിരുന്നു കേസ്. (ഈ കേസിനു വേണ്ടി നിരവധി തവണ സ്വലാഹി ജോലിയും ക്ലാസുകളുമുപേക്ഷിച്ച് കോടതി വരാന്തകളിൽ കാത്തുനിൽക്കേണ്ടിവന്നിട്ടുണ്ട്.) പക്ഷെ, ചില സാങ്കേതിക കാരണങ്ങളാൽ പിന്നീട് ആ കേസ് തള്ളിപ്പോവുകയായിരുന്നു. ഏതായാലും സകരിയ്യാ സ്വലാഹിയുടെ പ്രബോധന ജീവിതത്തിലെ തന്നെ അനുസ്മരണീയമായ ഒരു സംഭവമായിരുന്നു ഇത്.

## മണ്ണാർക്കാട് സംവാദം

സലഫി പ്രബോധന മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കിയ ഒരു പ്രധാന സംവാദമായിരുന്നു ഏകദേശം 15 വർഷം മുമ്പ് (2004 സപ്തംബർ 5) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് വെച്ചു സകരിയ്യാ സ്വലാഹി നായകത്വം വഹിച്ച ചരിത്രപ്രസിദ്ധമായ സുന്നി-മുജാഹിദ് വാദപ്രതിവാദം. ഈ സംവാദത്തിന് മുമ്പും കേരളക്കരയിൽ പരസ്യമായി സ്റ്റേജുകളിൽ വെച്ചും ഓഡിറ്റോറിയങ്ങൾക്കകത്തുമായും ധാരാളം സംവാദങ്ങൾ നടന്നിട്ടുണ്ടെങ്കിലും 1983 ൽ നടന്ന പ്രസിദ്ധമായ കൊട്ടപ്പുറം സംവാദത്തിനു ശേഷം ഇത്രയേറെ

ചർച്ച ചെയ്യപ്പെട്ടതും പരിവർത്തനമുണ്ടാക്കിയതുമായ മറ്റൊരു സംവാദമുണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

ഈ സംവാദത്തിന്റെ ഏറ്റവും വലിയ ഒരു പ്രത്യേകത, ഈ കാലയളവിൽ ഏറ്റവും കൂടുതൽ ദുർവ്യാഖ്യാനങ്ങൾ നടന്നുകൊണ്ടിരുന്ന മറുപക്ഷത്തിന്റെ പ്രധാനപ്പെട്ട ഒരു വാദം കാര്യമായി ചർച്ചചെയ്യപ്പെടുകയും അതിന്റെ പൊള്ളത്തരം വ്യക്തമാക്കാൻ സാധിക്കുകയും ചെയ്തു എന്നതാണ്. തങ്ങളെ പരാജയത്തിന്റെ കൈപ്പുനീർ കുടിപ്പിച്ച ആ 'ബഡാ തെളിവാ'യിരുന്നു കാന്തപുരം സുന്നികൾ ആ കാലത്തായി ഇറക്കുമതി ചെയ്ത 'സ്വമദിയ്യത്ത്' എന്ന പുത്തൻ ദുർവ്യാഖ്യാനം!

അഥവാ, അല്ലാഹു സ്വയംപര്യാപ്തനാണെന്ന് വിശ്വസിച്ചാൽ മറ്റുള്ള ഏത് ശക്തികളോടും ആരാധനാപരമായ ഏതു കാര്യങ്ങളും നിർവ്വഹിക്കാം; അത് തെറ്റോ ശിർക്കോ ആവുകയില്ല. പ്രത്യുത, തൗഹീദ് തന്നെയാണ്. ആ ശക്തികളെ കുറിച്ച് അവർ സ്വയംപര്യാപ്തരാണെന്ന് വിശ്വസിക്കാതിരുന്നാൽ മതി! ഇതാണ് സ്വമദിയ്യത്ത് വാദത്തിന്റെ ആകെത്തുക. തങ്ങൾ ചെയ്യുന്ന ശിർക്കിനെ നിർലജ്ജം ന്യായീകരിക്കാൻ വേണ്ടി വർഷങ്ങളുടെ ശ്രമഫലമായി കണ്ടുപിടിച്ച് ഉയർത്തിക്കൊണ്ടുവന്ന മുഖാമുഖ നാടകങ്ങളുടെ മുഖ്യ എസ്സെൻസുകൂടിയായ സ്വമദിയ്യത്ത് എന്ന കള്ളവാദം കുറിക്ക് കൊള്ളുന്ന സകരിയ്യാ സ്വലാഹിയുടെ ചോദ്യങ്ങൾക്കു മുമ്പിൽ നനഞ്ഞ പടക്കം കണക്കെ ശരിക്കും ചീറ്റിപ്പോവുകയായിരുന്നു.

ഈ സംവാദത്തിന്റെ മറ്റൊരു പ്രത്യേകത, മറുപക്ഷത്തു നിന്നും പങ്കെടുത്തവർ ഈ രംഗത്തെ അറിയപ്പെടുന്ന നേതാക്കളായിരുന്നു എന്നതാണ്. ഇതിനു മുമ്പുള്ള ഏതാണ്ടെല്ലാ സംവാദങ്ങളിലും അവർ പങ്കെടുപ്പിച്ചിരുന്നത് ഏതെങ്കിലും പയ്യന്മാരെയാണ്. കാരണം പരാജയം സംഭവിച്ചാൽ 'അത് ഞങ്ങളുടെ ഓദ്യോഗിക പണ്ഡിതന്മാരൊന്നുമല്ലല്ലോ, ചില വിദ്യാർത്ഥികളല്ലേ...' എന്ന ഞൊണ്ടിന്യായം നിരത്തി മുഖം രക്ഷിക്കാൻ വേണ്ടിയായിരുന്നു അത്. എന്നാൽ ഇവിടെ സംഭവിച്ചത് എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചുകൊണ്ട് നേതാക്കന്മാരുടെ തന്നെ അരങ്ങേറ്റമായിരുന്നു. ചോട്ടകളെ വെച്ച് നടത്തിയ മുൻ സംവാദങ്ങളുടെ ക്ഷീണം തീർക്കാൻ വേണ്ടിയാണ് മുഖാമുഖ വേദികളിലെ 'സിംഹഗർജ്ജന'ങ്ങളും 'പേടിസ്വപ്ന'ങ്ങളുമായ ബഡാ നേതാക്കളെ തന്നെ ഇറക്കുമതി ചെയ്തത്. മുജാഹിദുകളെ മൂക്കിൽ വലിച്ച് കയറ്റാമെന്നും അവരുടെ ആദർശത്തെ വേരോടെ പിഴുതെറിയാമെന്നുമുള്ള അഹങ്കാരത്തോടെയായിരുന്നു അവരുടെ വരവ്. പക്ഷെ അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ സംഭവിച്ചത് മറിച്ചായിരുന്നു. സകരിയ്യാ സ്വലാഹി അവതരിപ്പിച്ച തെളിവുകളുടെയും ചോദ്യങ്ങളുടെയും മുമ്പിൽ തങ്ങളുടെ എല്ലാ അടവുകളും പരാജയപ്പെട്ട ആ 'വൻതോക്കുകൾ' ശരിക്കും വിയർക്കുകയും വെപ്രാളപ്പെടുകയും ചെയ്യുന്നത് സംവാദത്തിലുടനീളം ആർക്കും കാണാമായിരുന്നു. സ്വലാഹിയാകട്ടെ തങ്ങളുടെ വാദങ്ങളവതരിപ്പിക്കുന്നതിലും മറുഭാഗത്തിന്റെ ചോദ്യങ്ങൾക്ക് മറുപടി പറയുന്നതിലും അസാമാന്യമായ പ്രകടനമാണ് കാഴ്ചവെച്ചത്.

മുസ്‌ല്യാക്കന്മാർ ശരിക്കും വെട്ടിലാക്കിയ സകരിയ്യാ സ്വലാഹിയുടെ പ്രധാന ചോദ്യങ്ങൾ ഇവയായിരുന്നു:

1. "സ്വഹാബികളാരെങ്കിലും നബി(ﷺ)യുടെ ജീവിത കാലത്ത് അവിടുത്തെ അസാന്നിദ്ധ്യത്തിൽ തങ്ങൾക്കുണ്ടായ ഏതെങ്കിലും പ്രയാസഘട്ടങ്ങളിൽ സഹായത്തിനു വേണ്ടി നബി(സ)യോട് പ്രാർത്ഥിച്ചിരുന്നോ...?"

2. (പ്രാർത്ഥന രണ്ട് തരമുണ്ടെന്ന് മുസ്‌ല്യാക്കന്മാർ വാദിക്കുകയുണ്ടായി. ഒന്ന്: ഇബാദത്തായ പ്രാർത്ഥന. രണ്ട്: ഇബാദത്തല്ലാത്ത പ്രാർത്ഥന. ഈ അടിസ്ഥാനത്തിൽ സലഫി പക്ഷം ചോദിച്ചു:) "ഇബാദത്തായ പ്രാർത്ഥന ഏതാണെന്ന് ഞങ്ങൾക്കറിയാം. എന്നാൽ നിങ്ങൾ പറഞ്ഞ ഇബാദത്തല്ലാത്ത, ആ രണ്ടാമത്തെ സൈസ് പ്രാർത്ഥന ഏതാണ്? അതിനൊരു ഉദാഹരണം ഉദ്ധരിക്കുമോ...?"

ഈ രണ്ട് ചോദ്യങ്ങൾക്കും മുമ്പിൽ മുസ്‌ല്യാക്കന്മാർ അക്ഷരാർത്ഥത്തിൽ ഉത്തരം മുട്ടുകയായിരുന്നു. മാത്രമല്ല, അതിൽ നിന്ന് രക്ഷപ്പെടാൻ അന്ന് അവർ നടത്തിയ ഉരുണ്ടുമറികൾ കാണേണ്ടതുതന്നെയായിരുന്നു. സ്വലാഹി നിരവധി തവണ തന്റെ നർമം കലർന്ന ശൈലിയിൽ ഈ ചോദ്യങ്ങളാവർത്തിച്ചിട്ടും മുസ്‌ല്യാക്കന്മാരുടെ വിയർപ്പ് കുറെ ഒഴുകുന്നത് കാണേണ്ടിവന്നു എന്നല്ലാതെ കാര്യമായ പ്രതികരണങ്ങളൊന്നുമുണ്ടായിരുന്നില്ല.

ഈ സംവാദത്തിൽ തന്നെ മുസ്‌ല്യാക്കന്മാർ ഇറക്കുമതി ചെയ്ത രസകരമായ മറ്റൊരു വാദമായിരുന്നു: 'മക്കാമുശ്‌രിക്കുകൾ ഒരു ദൈവിക സഭയിലാണ് വിശ്വസിച്ചിരുന്നത്. അതോടൊപ്പം ആ സഭയിലെ എല്ലാ ദൈവങ്ങൾക്കും അവർ സ്വമദിയ്യത്ത് (സ്വയംപര്യാപ്തത) കൽപിച്ചിരുന്നു' എന്ന വിചിത്ര വാദം! പക്ഷെ സ്വലാഹിയുടെ കുറിക്കുകൊള്ളുന്ന ചോദ്യങ്ങൾക്കും നിരൂപണങ്ങൾക്കും മുമ്പിൽ ഈ വാദം സമർത്ഥിക്കാനോ അതുമായി മുന്നോട്ടുപോകാനോ അവർക്കായില്ല എന്നത് അവരുടെ മനസ്സിൽ ഒരു ഇടിത്തീ പോലെ ഇന്നും അവശേഷിക്കുന്നുണ്ടാകും!

സകരിയ്യാ സ്വലാഹിയുടെ സ്വതസിദ്ധമായ ശൈലിയിലുള്ള അവതരണവും കുറിക്കുകൊള്ളു

ന്ന ചോദ്യങ്ങളും ഇടതടവില്ലാതെ തെളിവുദ്ധരിച്ചുകൊണ്ടുള്ള മറുപടികളുമെല്ലാം കണ്ട ഖുബൂരി പക്ഷം അക്ഷരാർത്ഥത്തിൽ അടിപതറുകയായിരുന്നു അവിടെ. ഇരുനൂറിലധികം മുഖാമുഖങ്ങളിലൂടെയും മറ്റു ധാരാളക്കണക്കിന് സ്റ്റേജുകളിലൂടെയുമെല്ലാം ദുർവ്യാഖ്യാനിച്ച് കെട്ടിപ്പൊക്കിക്കൊടുന്ന 'സ്വമദിയ്യത്ത്' എന്ന തങ്ങളുടെ അടിയാധാരം കൊടുങ്കാറ്റിൽ പെട്ട ചിലന്തിവല പോലെ തകർന്ന് തരിപ്പണമാകുന്നത് നിസ്സംഗതയോടെ നോക്കിനിൽക്കാൻ സാധിക്കാതെ മുസ്ല്യാക്കന്മാർ വല്ലാതെ വെപ്രാളപ്പെടുന്നതിനും വാക്കുകൾ കിട്ടാതെ ബ...ബ...ബ... പറയുന്നതിനും നിരവധി തവണ സദസ്സ് സാക്ഷ്യംവഹിക്കുകയുണ്ടായി.

'മുജാഹിദ് മൗലവിമാർ എവിടെയെങ്കിലുമുണ്ടെങ്കിൽ ഞങ്ങളുടെ മുന്നിൽ വരട്ടെ', 'ധൈര്യമുണ്ടെങ്കിൽ ചോദിക്കട്ടെ' എന്നെല്ലാം മുഖാമുഖ സ്റ്റേജുകളിൽ ആക്രോശിച്ചിരുന്നവരാണ് മുജാഹിദുകളെ തൊട്ടുമുമ്പിൽ തന്നെ കിട്ടിയിട്ടും തങ്ങളുടെ വാദങ്ങൾ തന്നെ മറന്നുപോകും വിധം വിഷയത്തിൽ നിന്ന് മാറി സഞ്ചരിക്കാൻ ശ്രമിക്കുന്നതും ചോദ്യങ്ങൾ പോലും മറന്നുപോകുന്ന ഘട്ടങ്ങളുമുണ്ടായത്. വേണ്ടത്ര അഹങ്കാരവും പദക്കസർത്ത് നടത്തി ജയിച്ചുകളയാമെന്ന പൂതിയും മാത്രം മതി എന്ന ഭാവമായിരുന്നു മുസ്ല്യാക്കന്മാരുടെ ആഗമന സമയത്ത് മുഖത്ത് നിഴലിച്ചിരുന്നത്. പക്ഷെ സകരിയ്യാ സ്വലാഹിയുടെ മുമ്പിൽ അകപ്പെട്ട അവർ പരാജയത്തിന്റെ കൈപ്പുനീർ ശരിക്കും അനുഭവിച്ചറിയുകയായിരുന്നു. അതിന്റെ ജാള്യത മറച്ചുവെക്കാൻ വേണ്ടി പിന്നീടവർ ചെയ്തത് സംവാദത്തിന്റെ സി ഡി യിൽ തന്നെ ക്രിത്രിമം നടത്തുക എന്നതായിരുന്നു. അതിനുവേണ്ടി മുപ്പതിലധികം സ്ഥലങ്ങളിൽ 'കട്ട്' ചെയ്തുകൊണ്ടായിരുന്നു അവരുടെ സി ഡി പുറത്തിറക്കിയത്! അഞ്ച് മിനുട്ടുള്ള മുജാഹിദ് പക്ഷത്തിന്റെ ചോദ്യങ്ങളും ഉത്തരങ്ങളുമൊക്കെ പലപ്പോഴും മൂന്നര-നാല് മിനുട്ടുകളേയുള്ളൂ. പക്ഷെ, മുജാഹിദുകൾ ആദ്യം തന്നെ സമ്പൂർണമായ കാസറ്റുകൾ പുറത്തിറക്കിയിരുന്നതു കൊണ്ട് അവരുടെ തട്ടിപ്പ് മനസ്സിലാക്കാൻ ജനങ്ങൾക്ക് എളുപ്പമായി.

ചുരുക്കത്തിൽ, സകരിയ്യാ സ്വലാഹിയുടെ ആദർശ ജീവിതത്തിലെ തന്നെ നിർണ്ണായക സംഭവമായ മണ്ണാർക്കാട് സംവാദം കേരള ഖുബൂരികളുടെ നട്ടെല്ലിന് ഏറ്റ കനത്ത പ്രഹരമായിരുന്നു ഏൽപിച്ചത്. മാത്രമല്ല, ആ സംവാദത്തോടെ മണ്ണാർക്കാടും പരിസരത്തും മാത്രമല്ല, കേരളത്തിലുടനീളം വമ്പിച്ച മാറ്റങ്ങളാണുണ്ടായത്. നിരവധി പേർ ശിർക്കൻ വിശ്വാസങ്ങൾ വലിച്ചെറിഞ്ഞ് തൗഹീദിലേക്ക് വരാൻ അത് കാരണമായി. ആ സംവാദത്തിന്റെ ഏറ്റവും വലിയ ഫലങ്ങളിലൊന്നാണ് മണ്ണാർക്കാട് അട്ടപ്പാടി റോഡിലെ മണലടിയിൽ തലയുയർത്തി നിൽക്കുന്ന സലഫി മസ്ജിദും അനുബന്ധ സ്ഥാപനങ്ങളും. (ആ സ്ഥാപനം ഇന്ന് വളർന്ന് വന്ന് ഒരു സലഫി സ്കൂളും ഹിഫ്ള് കേന്ദ്രവുമായി നിരവധിയാളുകൾക്ക് വെളിച്ചം നൽകിക്കൊണ്ട് പ്രയാണം തുടരുകയാണ്.)

## അവസാനമായി

അതെ, മൂന്നര പതിറ്റാണ്ടു കാലത്തെ കർമ്മധന്യമായ ജീവിതത്തിലൂടെ ജനമനസ്സുകളെ കീഴടക്കിയ നമ്മുടെ പ്രിയപ്പെട്ട സകരിയ്യാ സ്വലാഹി ചരിത്രത്തിന്റെ ഭാഗമായി മാറി. നമുക്ക് വേണ്ടി, അല്ല ഈ സമുദായത്തിനു വേണ്ടി രാപ്പകലില്ലാതെ അത്യധ്വാനം ചെയ്ത സ്വലാഹി ഇനി ഇല്ലല്ലോ എന്നോർക്കുമ്പോൾ മനസ്സ് പിടയുന്നു. ആകാശം മുട്ടേ ആവേശം കൊള്ളിക്കുന്ന അദ്ദേഹത്തിന്റെ ഉദ്ബോധനങ്ങളും ലേഖനങ്ങളും ഇനിയില്ല എന്നോർക്കുമ്പോൾ വല്ലാത്തൊരു ശൂന്യത തന്നെയാണനുഭവപ്പെടുന്നത്.

പക്ഷെ, അദ്ദേഹം കത്തിച്ചുവെച്ച ആ വെളിച്ചം ഇവിടെ ജ്വലിച്ച് നിൽക്കുന്നുണ്ട്. എല്ലാ ഊടുവഴികളിലും വഴിവിളക്കുകൾ തെളിയിപ്പിച്ചുകൊണ്ടാണദ്ദേഹം നമുക്ക് പാത കൈമാറിയത്. സലഫിയ്യത്തിലേക്ക് വെളിച്ചം നൽകാൻ കഴിവുള്ള നിരവധി ദാഇമാർ, നൂറുക്കണക്കിന് സലഫീ പ്രവർത്തകർ, ചെറുതാണെങ്കിലും നിരവധി സ്ഥാപനങ്ങൾ, അൽ ഇസ്‌ലാഹ് മാസിക, അഹ്‌ലുസ്സുന്ന ബുക്സ് ഉൾപ്പടെയുള്ള പ്രിന്റ്-ഓൺലൈൻ മീഡിയകൾ... തുടങ്ങി പലതിനെയും സ്വയം ചലിക്കാൻ പ്രാപ്തരാക്കി, കൂടുതൽ ശക്തിയോടെ ചലിക്കാനുള്ള വിശാലമായ വഴി വെട്ടിത്തെളിച്ചു തന്നുകൊണ്ടുമാണ് അദ്ദേഹം പോയിട്ടുള്ളത്. അതുകൊണ്ട് ഉറച്ച ആത്മവിശ്വാസത്തോടെ തന്നെ പറയട്ടെ, അദ്ദേഹം ജീവിതകാലം മുഴുവൻ പടപൊരുതിയ ശിർക്ക് ബിദ്അത്തുകൾക്കെതിരിൽ, തീവ്രവാദ ഭീകരവാദ വിധ്വംസക പ്രവണതകൾക്കെതിരിൽ, മനുഷ്യനെ അടിമകളാക്കുന്ന സംഘടനാ കക്ഷിത്വങ്ങൾക്കെതിരിൽ.... അദ്ദേഹം കൊളുത്തിവെച്ച ഈ ചെറു കൈതിരികൾ പ്രകാശിച്ചുകൊണ്ടേയിരിക്കും! അതൊരു തീഗോളമായി മാറുന്ന കാലവും അതിവിദൂരമല്ല; അസൂയാലുക്കൾ വെറുത്താലും ശരി...!!

അല്ലാഹുവേ, ഞങ്ങൾക്ക് സലഫിയ്യത്തിലേക്ക് വഴികാണിച്ചുതന്ന ഞങ്ങളുടെ ഊർജ്ജവും ആവേശവുമായിരുന്ന ഞങ്ങളുടെ കരളിന്റെ കഷ്ണമായ സ്വലാഹി ഇപ്പോൾ നിന്റെയടുക്കലാണ്. അദ്ദേഹത്തെ നീ പുണ്യവാന്മാരുടെ കൂട്ടത്തിൽ പരിഗണിക്കേണമേ. ആമീൻ.

■

# സലഫീ മൻഹജിന്റെ വീണ്ടെടുപ്പും നൈരന്തര്യവും സ്വലാഹിയിലൂടെ

ബഷീർ സലഫി പൂളപ്പൊയിൽ

കേരളത്തിലെ സലഫീ ആദർശ പ്രബോധനങ്ങൾക്ക് ശരിയായ ദിശ നിർണ്ണയിക്കപ്പെട്ടത് 2002-ാം ആണ്ടിൽ നടന്ന ആദർശ വ്യതിയാന ചർച്ചയോടെയായിരുന്നു. പ്രസ്ഥാനത്തിനുള്ളിൽ ഒരു വിഭാഗം മറുവിഭാഗത്തിന് നേരെ ആദർശ വ്യതിയാനം ആരോപിക്കുകയും മറുവിഭാഗം അത് നിഷേധിക്കുകയും ചെയ്തുകൊണ്ട് പ്രസ്ഥാനത്തിനുള്ളിൽ രണ്ട് വിഭാഗങ്ങളുണ്ടാവുകയും അവർ തമ്മിൽ ആരോപണ പ്രത്യാരോപണങ്ങളിൽ മുഴുകുകയും ചെയ്തപ്പോൾ കേരള ജംഇയ്യത്തുൽ ഉലമ ഇരു വിഭാഗത്തിലെയും പ്രമുഖരെ വിളിച്ച് ഒരു മേശക്ക് ചുറ്റുമിരുത്തിച്ച് വിഷയം ചർച്ച ചെയ്യാൻ തീരുമാനിച്ചു. ആ ചർച്ചയിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നതും തീരുമാനമായി അംഗീകരിക്കപ്പെട്ടതുമായ ഏറ്റവും പ്രധാന വിഷയമായിരുന്നു 'സലഫീ മൻഹജ്' എന്ന വിഷയം. ഇസ്‌ലാമിന്റെ പ്രമാണങ്ങളെ മനസ്സിലാക്കുകയും വിശദീകരിക്കുകയും ചെയ്യുന്നതിന് സച്ചരിതരായ സലഫിന്റെ മാർഗ്ഗം സ്വീകരിക്കണം എന്നതായിരുന്നു 'സലഫീ മൻഹജ്' എന്ന ഈ ചുരുക്ക വാക്കിന്റെ ഏറ്റവും സംക്ഷിപ്തമായ ആശയം. ഇസ്‌ലാമികമായ ഏതൊരു വിഷയത്തിന്റെയും ന്യായപ്രമാണമാണ് വാസ്തവത്തിൽ മുൻഗാമികളായ സച്ചരിതരുടെ മാർഗ്ഗമെന്നത്. ഇസ്‌ലാമിനെ മനസ്സിലാക്കേണ്ട രീതിശാസ്ത്രമാണത്. അല്ലാഹുവിന്റെ റസൂൽ(സ) വളർത്തിയ സ്വഹാബത്തും അവരെ പിന്തുടർന്ന് വന്ന താബിഉകളും പിന്നെ അവരുടെ പിൻമുറക്കാരായ തബഉത്താബിഉകളും ഉൾക്കൊള്ളുന്ന ഉത്തമ തലമുറകൾ എങ്ങനെയാണോ മതത്തിന്റെയും അതിന്റെ ആചാരങ്ങളെയും മനസ്സിലാക്കുകയും പ്രയോഗവൽക്കരിക്കുകയും ചെയ്തത്, അതേ മാർഗ്ഗം മുൻനിറുത്തിയും അവലംബിച്ചും കൊണ്ടേ അന്ത്യനാൾ വരെ ജീവിക്കുന്ന മുസ്‌ലിംകൾ മുന്നോട്ട് പോകാവൂ എന്നതാണ് സലഫീ മൻഹജ് പാലിക്കുക എന്നതിന്റെ ഉദ്ദേശ്യം.

മുൻഗാമികൾ ഉണ്ടാക്കി വെച്ച വ്യവസ്ഥകൾ പാലിക്കാതെ, അവരുടെ നയവും സമീപനവും പരിഗണിക്കാതെയുള്ള മതസമീപനങ്ങൾ വഴികേടിലേക്കാണ് നയിക്കുക. അതുകൊണ്ടു തന്നെ 'സലഫീ മൻഹജ്' എന്നത് മുസ്‌ലിംകൾക്ക് വളരെ മൗലിക പ്രാധാന്യമുള്ള ഒരു വിഷയമാണ്.

മുജാഹിദ് പ്രസ്ഥാനത്തിന്റെ നായകൻമാരായ മുൻകാല പണ്ഡിതൻമാർ ഈ തത്വത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് പ്രവർത്തിച്ച് പോന്നത്. വക്കം മൗലവിയുടെയും മറ്റും ലേഖനങ്ങളിൽ നിന്ന് ഇക്കാര്യം വ്യക്തമാകുന്നതാണ്. കെ എം മൗലവി പ്രയോഗവൽക്കരിച്ച് കാണിച്ചു തന്ന രീതിയാണത്. കേരള ജംഇയ്യത്തുൽ ഉലമയുടെ 'ബൈലോ'യിൽ പോലും "ഇത് അഹ്‌ലുസ്സുന്നത്തി വൽ ജമാഅ സംഘമാണ്" എന്ന് എഴുതി വെച്ചിട്ടുണ്ട്.

എന്നാൽ, കാലാന്തരത്തിൽ മുജാഹിദുകൾക്കിടയിൽ ഈ വിഷയത്തിൽ വ്യതിയാനങ്ങൾ സംഭവിച്ചു. മൻഹജിയായ താൽപര്യങ്ങൾക്ക് നിരക്കാത്ത പല പ്രവർത്തന രീതികളും വ്യാഖ്യാനങ്ങളും അവരിൽ നിന്നുണ്ടായി. മൻഹജ് പാലിക്കുക എന്ന അടിസ്ഥാന തത്വം തന്നെ വിസ്മൃതിയിലായിപ്പോയി എന്നുതന്നെ പറയാം. അഹ്‌ലുസ്സുന്നത്തി വൽ ജമാഅ സംഘം എന്ന അടി

സ്ഥാനത്തിൽ നിന്ന് തെറ്റി ഒരു പുരോഗമന നവോത്ഥാന പ്രസ്ഥാനം എന്ന നിലയിലേക്ക് മുജാഹിദ് പ്രസ്ഥാനം മാറി. ഈയൊരു വ്യതിയാനത്തിന്റേതായ അളവറ്റ ദൂഷ്യങ്ങൾ പ്രസ്ഥാനത്തെ വരിഞ്ഞു മുറുക്കിയിട്ടുണ്ടെന്ന് മനസ്സിലാക്കിയ ഡോ: സകരിയ്യാ സ്വലാഹിയെപ്പോലെയുള്ള പ്രബോധകർ മുജാഹിദ് പ്രസ്ഥാനത്തെ അതിന്റെ യഥാർത്ഥ പരിശുദ്ധിയിലേക്കും ലക്ഷ്യങ്ങളിലേക്കും മടക്കിക്കൊണ്ട് പോകാനുള്ള ശ്രമങ്ങൾ നടത്തി. ആ ശ്രമങ്ങളായിരുന്നു 2002 ൽ കെ ജെ യുവിന്റെ കാർമികത്വത്തിൽ നടന്ന 'ആദർശ വ്യതിയാന ചർച്ച'യിലേക്കും തുടർന്നുള്ള തീരുമനങ്ങളിലേക്കും എത്തിച്ച വിപ്ലവകരമായ മാറ്റങ്ങൾ.

ഇസ്‌ലാമിനെ മനസ്സിലാക്കുന്നതിനും അതിന്റെ പ്രമാണങ്ങളെ വിശദീകരിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനുമൊക്കെ സലഫിന്റെ മാർഗ്ഗം പാലിക്കണമെന്ന തീരുമാനം കേരള ജംഇയ്യത്തുൽ ഉലമ അംഗീകരിക്കുകയും, വ്യതിയാന ആരോപകരും ആരോപിതരും അത് അംഗീകരിച്ച് ഒപ്പിടുകയും ചെയ്തുവെങ്കിലും ആരോപിതരായ ആളുകൾ പിന്നീട് കെ ജെ യു എടുത്ത പ്രസ്തുത തീരുമാനങ്ങളെ ലംഘിച്ച് സമാന്തരമായി മുന്നോട്ട് പോകാൻ തീരുമാനിക്കുകയായിരുന്നു. അതാണ് മുജാഹിദ് പ്രസ്ഥാനത്തിലുണ്ടായ ഒന്നാം പിളർപ്പിന്റെ പശ്ചാതലം.

കെ ജെ യു വിന്റെ ആദർശ വ്യതിയാന ചർച്ചയിൽ പങ്കെടുത്ത് അതിന്റെ തീരുമാനത്തിൽ ഒപ്പു വെക്കുകയും പിന്നീട് സമാന്തര പ്രവർത്തനങ്ങൾ നടത്തി പിളർപ്പുണ്ടാക്കി പോവുകയും ചെയ്തവർ ആദ്യം തന്നെ ചോദ്യം ചെയ്തത്, 'സലഫീ മൻഹജിനെ'യായിരുന്നു. സലഫീ മൻഹജ് എന്നത് ഒരു പുത്തൻ ആശയമാണെന്നും അത് മുജാഹിദുകൾക്ക് പരിചയമില്ലാത്ത അപകടകാരിയായ എന്തോ ഒരു ഭയങ്കര കാര്യമാണെന്നും അതൊരു അഞ്ചാം മദ്ഹബ് സൃഷ്ടിക്കലാണെന്നും സ്വതന്ത്രമായി ചിന്തിക്കുന്ന മുജാഹിദുകളെ അതിൽ നിന്ന് തടഞ്ഞ് തക്‌ലീദ് ചിന്തയിലേക്ക് നയിക്കുന്നതുമാണെന്നുമുള്ള കാര്യങ്ങൾ പ്രചരിപ്പിച്ച് കൊണ്ടാണവർ പിന്നീട് മുന്നോട്ട് പോയത്.

ശരിയാണ്, പുരോഗമനവും നവോത്ഥാനവും മുഖ്യലക്ഷ്യമാക്കി പ്രവർത്തിക്കുന്നവരെ സംബന്ധിച്ചിടത്തോളം അവർക്കൊട്ടും ചേരാത്ത, ഉൾക്കൊള്ളാനാകാത്ത ഒരു വിഷയം തന്നെയാണ് 'മൻഹജുസ്സലഫ്' അഥവാ, സലഫിന്റെ മാർഗ്ഗം പിൻപറ്റുക എന്നത്. മുജാഹിദ് പ്രസ്ഥാനത്തിൽ പെട്ടവരും തുടക്കത്തിൽ തന്നെ ഇതിനെ എതിർത്ത് പ്രവർത്തിച്ചു പോന്നവരുമായ ആളുകൾ ഇന്ന് എത്തിപ്പെട്ടത് എത്രമാത്രം വലിയ വഴികേടിലാണെന്ന് ഇനിയൊരു വിശദീകരണം ആവശ്യമില്ലാത്തയത്ര വ്യക്തമാണ്.

ചുരുക്കത്തിൽ, 2002 ലെ പിളർപ്പോടുകൂടി മുജാഹിദുകൾക്കിടയിൽ സംഭവിച്ചത് എന്തെന്നാൽ, സലഫീ മൻഹജുള്ളവരും സലഫീ മൻഹജിനെ നിഷേധിക്കുന്നവരും എന്നിങ്ങനെ രണ്ട് ആശയധാരകളുടെ രൂപാന്തരണവും അവയുടെ സമാന്തരമായ അഥവാ, ഒരിക്കലും കൂട്ടിമുട്ടാൻ കഴിയാത്ത പ്രവർത്തന രീതികളുമായിരുന്നു. ഇതിൽ ആനീഹാളിലെ മുജാഹിദ് സെന്റർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നവർ മൻഹജിന് വേണ്ടി വാദിച്ചവരും, മർക്കസുദ്ദഅ്‌വ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നവർ മൻഹജ് നിഷേധികളുമായാണ് അറിയപ്പെട്ടത്.

മുജാഹിദ് സെന്റർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മുജാഹിദുകൾ 2002 ന് ശേഷം മൻഹജിലധിഷ്ഠിതമായ പ്രവർത്തനങ്ങളുമായി ബഹുദൂരം മുന്നോട്ട് പോയി. സാധാരണ മുജാഹിദുകൾക്ക് പുതിയ വിഷയമായി തോന്നിയതിനാലും എതിർവിഭാഗം അതിശക്തമായ എതിർപ്രചാരണങ്ങൾ നടത്തിയതിനാലും മൻഹജിനെപ്പറ്റി ആളുകൾക്കിടയിൽ ശരിയായ അവബോധം വരുത്തുന്നതിനാവശ്യമായ ഒട്ടേറെ പരിപാടികളും പ്രഭാഷണങ്ങളും അക്കാലങ്ങളിൽ നടന്നിട്ടുണ്ടായിരുന്നു. കെ എൻ എം മദ്രസകളിലെ പാഠ്യപദ്ധതികളിൽ മൻഹജ് ഒരു പ്രത്യേക വിഷയമായി പഠിപ്പിക്കാനുള്ള ആഹ്വാനങ്ങളുണ്ടായി. സംഘടനയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ അൽ മനാറിന്റെ പുറംചട്ടയിൽ 'സലഫുസ്സാലിഹിന്റെ മൻഹജ് പ്രകാരം നടത്തുന്ന മാസിക' എന്ന് അറബിയിൽ പ്രത്യേകമായി എഴുതിച്ചേർക്കുന്നതിനായി തീരുമാനം വരെയുണ്ടായി. ഇക്കാര്യത്തിൽ മുതിർന്ന തലമുറയേക്കാൾ കൂടുതലായി വിദ്യാർത്ഥി-യുവജന വിഭാഗങ്ങളിലാണ് സ്വാധീനമുണ്ടായത്. വിശ്വാസത്തിലും അനുഷ്ഠാനങ്ങളിലും സമീപന രീതികളിലും ജീവിതരീതികളിലുമെല്ലാം ഈ സ്വാധീനം ശക്തമായി രൂപപ്പെട്ടു. താടി വളർത്തുന്നവരും ഞെരിയാണിക്ക് മുകളിലായി വസ്ത്രം ധരിക്കുന്നവരും പർദ്ദയും നികാബും അണിയുന്നവരുമൊക്കെ മുജാഹിദുകൾക്കിടയിൽ സാധാരണ കാഴ്ച്ചകളായി. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പഠിച്ചിറങ്ങുന്ന പ്രൊഫഷനലുകൾ പോലും ശരിയായ മൻഹജനുസരിച്ച് ജീവിക്കുന്ന ഒരു സാമൂഹിക പശ്ചാതലം കേരളത്തിൽ രൂപപ്പെട്ട് വന്നു. സലഫിന്റെ മൻഹജിന് വിധേയമായിക്കൊണ്ട് മാത്രം സകല മതവിഷയങ്ങളെയും സമീപിക്കുക എന്ന ഒരു സംസ്കാരം തന്നെ പുതുതലമുറയിൽ രൂഢമൂലമായി.

ചുരുക്കത്തിൽ, കേരളത്തിലെ സലഫീ ആദർശ പ്രബോധന പ്രവർത്തനങ്ങൾ മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്ഥമായി തീർത്തും ശരിയായ പാതയിലേക്ക് മാറുക എന്ന നിർണ്ണായകമായ മാറ്റം സംഭവിച്ചത് 2002-ാം ആണ്ടോട് കൂടിയാണ്.

ഈ മാറ്റങ്ങൾക്കെല്ലാം പിന്നിൽ പ്രവർത്തി

ച്ച ഏറ്റവും വലിയ പ്രചോദന കേന്ദ്രം സകരിയ്യാ സ്വലാഹി(ﷺ)യായിരുന്നു. ശരിയായ സലഫീ മൻഹജിലധിഷ്ഠിതമായ ഒരു സമൂഹത്തെ ഉണ്ടാക്കുക എന്ന മഹത്തായ ലക്ഷ്യം മുന്നിൽ വെച്ച് പ്രവർത്തിച്ച പരമ സാത്വികനായിരുന്നു അദ്ദേഹം. സ്ഥിരമായ അദ്ദേഹത്തിന്റെ ക്ലാസുകളും ഖുത്ബകളും ശ്രവിക്കുന്നവരിൽ ഈ മാറ്റം അതിശക്തമായിത്തന്നെ നടന്നു എന്നത് അനുഭവ സത്യമാണ്. ഇതിന് ഏറ്റവും നല്ല ഉദാഹരമാണ് തലശ്ശേരി നാരങ്ങാപ്പുറം സലഫീ മസ്ജിദ്. മറ്റുള്ള സ്ഥലങ്ങളിലൊന്നും കാണാത്ത വിധം സലഫീ തർബിയ്യത്ത് കിട്ടിയ ആളുകളെ ഇന്നും അവിടെ കാണാവുന്നതാണ്. മുജാഹിദ് പ്രസ്ഥാനത്തിലെ മറ്റൊരു പ്രബോധകനും ചെലുത്താൻ കഴിയാത്ത സ്വാധീനമാണ് ഈ രംഗത്ത് സ്വലാഹി ചെലുത്തിയത്.

സലഫീ മൻഹജിനെക്കുറിച്ചുള്ള അറിവും അവബോധവും പുതുതലമുറയിൽ വലിയ മാറ്റങ്ങളുണ്ടാക്കി. അറിവ് അതിന്റെ യഥാർത്ഥ ഉറവിടങ്ങളിൽ നിന്ന് തേടുകയും അത് ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്യുന്നതിൽ പുതുതലമുറ തൽപ്പരരായി. അവരുടെ അറിവന്വേഷണം കേരളത്തിൽ 'ഠ' വട്ടത്തിൽ പരിമിതമായി നിന്നില്ല. ഇസ്‌ലാമിക രാജ്യങ്ങളിൽ ജീവിച്ചിരിക്കുന്നവരും മരണപ്പെട്ടവരുമായ പണ്ഡിതൻമാരുടെ ഗ്രന്ഥങ്ങൾ അവർ പരതാൻ തുടങ്ങി. ശൈഖ് ഇബ്നുബാസ്(ﷺ), ശൈഖ് സ്വലിഹുൽ ഉഥൈമീൻ(ﷺ), ശൈഖ് അൽബാനി(ﷺ) തുടങ്ങിയ മരണപ്പെട്ട് പോയവരും, ശൈഖ് സ്വാലിഹുൽ ഫൗസാൻ പോലെ ജീവിച്ചിരിക്കുന്നവരുമായ സലഫീ പണ്ഡിതൻമാരുടെ ഫത്‌വകളും കൃതികളും അടിസ്ഥാനപ്പെടുത്തി ഇസ്‌ലാമിക കാര്യങ്ങൾ മനസ്സിലാക്കുക എന്ന നിലപാടിലേക്കുള്ള മാറ്റം മൻഹജ് ചർച്ചയുടെ അനന്തര ഫലമായിരുന്നു.

പരമ്പരാഗതമായിത്തന്നെ മുജാഹിദുകൾ തെറ്റെന്നോ മതവിരുദ്ധമെന്നോ ഒക്കെ മനസ്സിലാക്കി വെച്ചിരുന്ന പല കാര്യങ്ങളെക്കുറിച്ചും എതിരഭിപ്രായങ്ങൾ രൂപപ്പെടുന്നതിന് മൻഹജിയായ ഈ പഠനങ്ങൾ കാരണമായി. ഇതിന്റെ സ്വാഭാവികമായ അനന്തരഫലം എന്തായിരിക്കുമെന്നത് വ്യക്തമാണ്. പതിറ്റാണ്ടുകളായി മുജാഹിദുകൾ പിന്തുടർന്ന് പോരുന്ന നിലപാടുകൾക്ക് വിരുദ്ധമായ നിലപാടുകൾ പല വിഷയങ്ങളിലും അവർക്കുണ്ടായി. കണ്ണേറിന്റെ സംഭവ്യതയെ തള്ളിക്കളയുന്ന, സിഹ്റിന്റെ സ്വാധീനത്തെ നിഷേധിക്കുന്ന സമീപനം വലിയൊരു വിഭാഗം മുജാഹിദുകൾ സ്വീകരിച്ചിരുന്നു. എന്നാൽ, സലഫീ മൻഹജിന്റെ വെളിച്ചത്തിലൂടെയുള്ള അറിവും പഠനവും പുരോഗമിച്ചപ്പോൾ കണ്ണേറ് യാഥാർത്ഥ്യമാണെന്നും സിഹ്റിന് സ്വാധീനമുണ്ടെന്നും അത്തരത്തിലുള്ള ഫിത്നകൾക്ക് വിധേയരാകുന്നവരായ ആളുകൾക്ക് ഇസ്‌ലാമിക ശരീഅത്തിൽ ശറഇയ്യായ പരിഹാരങ്ങൾ പറഞ്ഞിട്ടുണ്ടെന്നും അവർ മനസ്സിലാക്കി. അങ്ങനെയാണ്, 'റുക്‌യ ശറഇയ്യ' അഥവാ, 'ശറഇൽ സ്ഥിരപ്പെട്ട മന്ത്രങ്ങൾ' കേരളത്തിൽ ചർച്ചയായത്. സിഹ്റിന്റെ സ്വാധീനം മൂലവും മറ്റുമുണ്ടാകുന്ന പൈശാചികമായ ഉപദ്രവങ്ങളിൽ നിന്ന് ആളുകൾക്ക് സമാധാനം നൽകുന്ന വിധത്തിലുള്ള ചികിത്സാ മാർഗ്ഗങ്ങൾ തന്നെ മൻഹജിന്റെ വെളിച്ചത്തിൽ പലരും ചെയ്യാൻ തുടങ്ങി. ഇമാമുസ്സുന്ന അഹ്മദുബ്ൻ ഹമ്പൽ(ﷺ) മുതൽ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(ﷺ), ഇബ്നുൽ ഖയ്യിമുൽ ജൗസിയ്യ(ﷺ) തുടങ്ങി ആധുനിക കാലത്തെ സലഫീ പണ്ഡിതൻമാർ വരെ പറഞ്ഞതും പഠിപ്പിച്ചതും പ്രയോഗവൽക്കരിച്ചതുമായ കാര്യങ്ങൾ തന്നെയായിരുന്നു മേൽപറയപ്പെട്ട സംഗതികളൊക്കെ. പക്ഷെ, മുജാഹിദ് സംഘടനാ നായകൻമാർക്ക് അതത്ര പിടിച്ചില്ല. അന്ധവിശ്വാസങ്ങളിലേക്കുള്ള തിരിച്ച് നടത്തമായാണ് അവരിതിനെ വിലയിരുത്തിയത്. ഇവിടെ സംഭവിച്ചതെന്താണ്? സലഫീ മൻഹജിന് വേണ്ടി വാദിക്കുകയും, മൻഹജില്ല എന്ന കാരണം പറഞ്ഞുകൊണ്ട്, അല്ലെങ്കിൽ മൻഹജ് നിഷേധികളാണ് എന്ന കാരണം പറഞ്ഞ്കൊണ്ട് 2002 ൽ കുറേയാളുകളെ സംഘടനയിൽ നിന്ന് പുറത്താക്കി. മൻഹജിന്റെ സംരക്ഷകരായി നിലകൊണ്ട കെ എൻ എം സി ഡി ടവർ വിഭാഗക്കാരും അവസാനം മൻഹജിനെ തള്ളിപ്പറഞ്ഞു എന്നതാണ്. എന്നു മാത്രമല്ല, സലഫീ മൻഹജ് എന്നത് ഒരു അഞ്ചാം മദ്ഹബാണ് എന്ന് പറഞ്ഞ് തള്ളിക്കളഞ്ഞവർ ഏത് വഴിയാണോ പിന്നീട് സഞ്ചരിച്ചത്, എന്തൊക്കെയാണോ അവർ പറഞ്ഞത്, അതേ കാര്യങ്ങൾ തന്നെ മൻഹജിന്റെ സംരക്ഷകരായി കപട വേഷം കെട്ടിയ സി ഡി ടവർ മുജാഹിദുകളും പറയാൻ തുടങ്ങി. അതിന്റെ പരിണതി എന്തായിരുന്നു? 2002 ൽ മൻഹജിന്റെ പേരിൽ രണ്ടായി പിരിഞ്ഞ് പരസ്പരം പോരടിച്ചവർ പതിനഞ്ച് വർഷങ്ങൾ കഴിഞ്ഞപ്പോൾ ഉപാധികളൊന്നുമില്ലാതെ ഒന്നിച്ച് ചേർന്ന് ഒരുമിച്ച് പോകാൻ തീരുമാനിച്ചത് നമുക്ക് കാണേണ്ടി വന്നു എന്നതാണ്. സംഘടനയുടെ ഇടുങ്ങിയ താൽപര്യങ്ങൾ സംരക്ഷിക്കാൻ എന്ത് നെറികേടുകളും സ്വീകരിക്കപ്പെടും എന്നതിന്റെ തെളിവുകളാണ് ഇവിടെ നാം കാണുന്നത്.

മതസംഘടനകൾ രാഷ്ട്രീയ സംഘടനകളേക്കാൾ അധഃപതിക്കുന്നു എന്നതിന്റെ നേരനുഭവങ്ങളാണ് 2002 മുതൽ ഇന്നുവരേക്കുമുള്ള മുജാഹിദ് പ്രസ്ഥാനത്തിന്റെ ചരിത്രം. 1980 കളോട് കൂടി ഹുസൈൻ മടവൂരിന്റെ നേതൃത്വത്തിൽ ശക്തി പ്രാപിച്ച യുവഘടകമായ ഐ എസ് എം മൂത്ത് പാകമായപ്പോൾ അത് കെ എൻ എമ്മിനെ ത്തന്നെ വിഴുങ്ങിക്കളയുമെന്ന ഭീതി ചിലർക്കുണ്ടാ

യി. അതിനെ തരണം ചെയ്യാനുണ്ടാക്കിയ ചില പുകിലുകൾ മാത്രമായിരുന്നു ചിലരെ സംബന്ധിച്ചിടത്തോളം ആദർശ വ്യതിയാന ആരോപണങ്ങളും തുടർന്നുണ്ടായ കെ ജെ യു തീരുമാനങ്ങളുമൊക്കെ. വ്യതിയാനമായി ആരോപിക്കപ്പെട്ട കാര്യങ്ങൾ അതേപോലെ നിലനിർത്തിക്കൊണ്ടിരിക്കുന്നവരുമായി ഒരു ഉപാധിയുമില്ലാതെ 15 വർഷത്തിന് ശേഷം വീണ്ടും ഐക്യപ്പെടാൻ മൻഹജിന്റെ പേര് പറഞ്ഞ് ഭിന്നതയുണ്ടാക്കിയവർക്ക് കഴിഞ്ഞു എന്നത് എന്താണ് സൂചിപ്പിക്കുന്നത്? 2002 ലെ ചർച്ചയിൽ പറഞ്ഞ കാര്യത്തിലും അന്നെടുത്ത തീരുമാനങ്ങളിലും ഒരു ആത്മാർത്ഥതയും ഈയാളുകൾക്ക് ഉണ്ടായിരുന്നില്ല എന്നു തന്നെ.

എന്നാൽ, ഇടുങ്ങിയ സംഘടനാ താൽപര്യങ്ങൾക്കതീതമായി ഇസ്‌ലാമിനെ സ്നേഹിക്കുകയും ഇസ്‌ലാമിക അധ്യാപനങ്ങളനുസരിച്ച് ജീവിക്കണമെന്നാഗ്രഹിക്കുകയും ചെയ്തവരെ സംബന്ധിച്ചിടത്തോളം 2002 ലെ ചർച്ചയും തീരുമാനങ്ങളും വലിയൊരു വഴിത്തിരിവ് തന്നെയായിരുന്നു. ആ ചർച്ചയെയും തീരുമാനങ്ങളെയും താൽക്കാലിക താൽപര്യങ്ങൾ പരിരക്ഷിക്കുന്നതിന് വേണ്ടി മാത്രം ഉപയോഗിച്ചവർ പഴയ അവസ്ഥയിലേക്ക് തന്നെ തിരിച്ച് പോയെങ്കിലും ചർച്ചയുടെ അന്തസ്സത്ത ഉൾക്കൊണ്ടവർ സലഫിന്റെ മൻഹജ് പ്രകാരം ബഹുദൂരം മുന്നോട്ട് പോയിക്കഴിഞ്ഞു. വിശ്വാസത്തിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും സമീപനരീതികളിലും ജീവിതരീതികളിലും വേഷഭൂഷാധികളിലുമൊക്കെ മൻഹജിയായ മാർഗ്ഗങ്ങൾ പാലിച്ച് ജീവിക്കുന്ന അനവധിയാളുകൾ ഇന്ന് കേരളത്തിലുണ്ട്. അവരുടെ പ്രബോധന പ്രവർത്തനങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു. മതസംഘടനകളുടെ തടവറയിൽ കുടുങ്ങി സ്വാതന്ത്ര്യം നഷ്ടപ്പെട്ട പലരും ഇന്ന് മൻഹജുസ്സലഫ് നൽകുന്ന വിശാലതയുടെ സ്വാതന്ത്ര്യം ആസ്വദിച്ച് തുടങ്ങിയിരിക്കുന്നു. അത് സകല കെട്ടിക്കുടുക്കുകളെയും അതിജീവിക്കുന്ന ഒരു കാലം സമീപഭാവിയിൽ തന്നെ വരാതിരിക്കില്ല. ഇൻ ഷാഅല്ലാഹ്.

2002 ലെ ആദർശ വ്യതിയാന ചർച്ചയിൽ പങ്കാളികളായവരിൽ പ്രധാനിയായിരുന്നല്ലോ ഡോ: കെ കെ സകരിയ്യാ സ്വലാഹി(﵀). അദ്ദേഹത്തോടൊപ്പം അന്ന് സഹപ്രവർത്തകരായുണ്ടായിരുന്നവരൊക്കെ ഇടുങ്ങിയ സംഘടനാ താൽപര്യങ്ങളുടെ പിന്നാലെ പോയി വ്യക്തിത്വം നഷ്ടപ്പെടുത്തിയപ്പോൾ, മൻഹജിന്റെ കാര്യത്തിൽ അന്നെടുത്ത തീരുമാനങ്ങളിൽ ഉറച്ച് നിന്നുകൊണ്ട് തന്റെ ആദർശവും വ്യക്തിത്വവും കാത്ത് സൂക്ഷിക്കാനും അതുവഴി മറ്റുള്ളവർക്ക് മാതൃകയാകാനും സ്വലാഹി(﵀)ക്ക് കഴിഞ്ഞു. മൻഹജിലധിഷ്ഠിതമായ വായനയും പഠനവും പ്രബോധനവും അദ്ദേഹം ജീവിതാന്ത്യം വരെ തുടർന്ന്കൊണ്ടേയിരുന്നു. തന്റെ ജീവിതത്തിന്റെ അവസാന നിമിഷം വരേക്കും അദ്ദേഹം ആ പാതയിലായിരുന്നു. ഈ മാർഗ്ഗത്തിലുള്ള അദ്ദേഹത്തിന്റെ ജിഹാദ് വെറുതെയായിട്ടില്ല. കേരളത്തിനകത്തും പുറത്തും ഇന്ന് അതിന്റെ സ്വാധീനം കാണുന്നുണ്ട്. ഒരു ആൾക്കൂട്ടശക്തി എന്നതിനപ്പുറം അതൊരു തിരുത്തൽ ശക്തിയാണ്. ഇത്തരമൊരു മാറ്റത്തിന്റെ മുന്നിൽ നടന്ന വഴികാട്ടി എന്ന നിലയിൽ അനേകായിരം സലഫികളുടെ പ്രാർത്ഥനകൾ കിട്ടിക്കൊണ്ടിരിക്കുന്ന ഭാഗ്യവാനാണ് സ്വലാഹി. “വല്ലവനും ഒരു നല്ല കാര്യത്തിന്റെ സൂചകനായാൽ അയാൾക്ക് ആ നൻമയുടെ പ്രതിഫലമുണ്ട്. കൂടാതെ, മറ്റുള്ളവർക്ക് ആ നൻമയനുസരിച്ച് പ്രവർത്തിക്കാൻ കാരണക്കാരനായി എന്നതിനാൽ അവർ പ്രവർത്തിച്ചതിന്റെ പ്രതിഫലത്തിന്റെ ഒരു ഭാഗവും അയാൾക്കുണ്ടാകും” എന്ന നബി(ﷺ)യുടെ തിരുമൊഴിയാണ് ഇവിടെ ഓർമ്മ വരുന്നത്. അല്ലാഹു(ﷻ) സ്വലാഹിയെയും നമ്മെയുമൊക്കെ സ്വർഗ്ഗത്തിൽ ഒരുമിച്ച് കൂട്ടി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

■

*(6-ാം പേജിൽ നിന്നും തുടർച്ച)*

ദ്യം ചെയ്യലാണ്. അവന്റെ ആയത്തുകളെ തള്ളിക്കളയലാണ്. പരിശുദ്ധ ഖുർആനിൽ പറയുന്നത് ഇങ്ങനെയാണ്.

لَا يُسْأَلُ عَمَّا يَفْعَلُ وَهُمْ يُسْأَلُونَ

“അവൻ പ്രവർത്തിക്കുന്നതിനെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുകയില്ല. അവരാകട്ടെ, ചോദ്യം ചെയ്യപ്പെടുന്നവരുമാണ്.” (അമ്പിയാഅ് 23).

അഥവാ, അല്ലാഹുവെപ്പറ്റി അവൻ എന്തുകൊണ്ട് ചെയ്തു, എന്തുകൊണ്ട് ചെയ്തില്ല എന്നീ കാര്യങ്ങളൊന്നും ആർക്കും ചോദ്യം ചെയ്യാൻ അധികാരമില്ല. അല്ലാഹു എല്ലാറ്റിന്റെയും ഉടമയും അധിപനുമാണ്. മനുഷ്യരൊക്കെയും അവന്റെ അടിമകളാണ്. അടിമകൾ ചെയ്യുന്ന കാര്യങ്ങൾക്ക് അവർ ഉത്തരവാദികളാണ്. എന്തുകൊണ്ട് അവർ ചെയ്തു, അല്ലെങ്കിൽ ചെയ്തില്ല എന്നീ കാര്യങ്ങളെക്കുറിച്ച് അവർ ചോദ്യം ചെയ്യപ്പെടും.

അല്ലാഹുവിലുള്ള വിശ്വാസത്തെക്കുറിച്ച് അടിസ്ഥാനപരമായ ഈ ബോധ്യവും ബോധവും ഉള്ള ആർക്കെങ്കിലും അല്ലാഹുവെ ചോദ്യം ചെയ്യാൻ ധൈര്യമുണ്ടാകുമോ?

മഖ്ബറകൾ എന്ന ശിർക്കിൻ കൂടാരങ്ങളെ സംരക്ഷിക്കുവാൻ വേണ്ടി മതപുരോഹിതൻമാർ പറയുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന വാദഗതികളുടെ അപകടങ്ങൾ എത്ര ഭയാനകമാണ്? ഈ പുരോഹിതൻമാരുടെ ഫിത്നകളിൽ നിന്നും മുസ്‌ലിം ഉമ്മത്തിനെ അല്ലാഹു രക്ഷിക്കുമാറാകട്ടെ. ആമീൻ.

■

# എൻ എൽ പി അടിസ്ഥാന തത്വങ്ങൾ: (6)

# ഒരു അവലോകനം

ഷമീം ഇബ്നു ഹാഷിം സേട്ട് M.phil (psychology)

ഓരോ വ്യക്തിയും ലോകത്തെക്കുറിച്ചുള്ള ഒരു ഭൂപടം (Map) രൂപീകരിക്കന്നുണ്ട് എന്ന എൻ എൽ പി മതത്വം കഴിഞ്ഞ അധ്യായത്തിൽ കണ്ടുവല്ലോ? ഒരാളിൽ ഈ 'മേപ്പ്' രൂപീകൃതമാകുന്നത് അയാളുടെ കഴിവും ചുറ്റുപാടുകളും എല്ലാം അടിസ്ഥാനമാക്കിയാണ്. എന്നാൽ പഞ്ചേന്ദ്രിയങ്ങളിലൂടെ ഇപ്രകാരം രൂപീകൃതമാകുന്ന 'മേപ്പ്' മിക്കവാറും പരിമിതവും വികലവും ആയിരിക്കുമെന്നും ഇവർ പറയുന്നു. എൻ എൽ പി തെറാപിസ്റ്റിന്റെ ജോലി തന്നെ സമീപിക്കുന്ന കക്ഷിയുടെ 'മേപ്പ്' മനസ്സിലാക്കുകയും മേപ്പിന്റെ അടിസ്ഥാനത്തിൽ എന്താണോ ആവശ്യമുള്ളത് അത് നടപ്പിലാക്കുക എന്നതുമാണ്.

കാഴ്ച, കേൾവി, സ്പർശനം (അവയവങ്ങളുടെ സംവേദനം), ഗന്ധം, രുചി എന്നീ ഇന്ദ്രിയങ്ങളിലൂടെ ലോകത്തെക്കുറിച്ച് ലഭ്യമാകുന്ന വിവരങ്ങൾ ഗുണ ഗണങ്ങളിൽ വ്യത്യസ്തമായിരിക്കും. ഈ വിവരങ്ങൾ വ്യക്തിയിൽ അയാളുടേതായ രീതിയിലുള്ള ചില കോഡുകളായി രേഖപ്പെടുത്തപ്പെടും. ഇത്തരം വിവരങ്ങളുടെ കോഡുകൾ രൂപീകൃതമാകുന്ന വ്യവസ്ഥയെയാണ് എൻ എൽ പി ഉപജ്ഞാതാക്കളായ റിച്ചാർഡ് ബാന്റ്ലറും, ജോൺ ഗ്രൈൻഡെറും പ്രൈമറി റപ്രസന്റേഷണൽ സിസ്റ്റം (P R S) എന്ന് വിളിക്കുന്നത്.

ചികിത്സകന്റെയും ചികിത്സിക്കപ്പെടുന്ന വ്യക്തിയുടെയും പി ആർ എസ് എന്ന 'മേപ്പും' അതിന്റെ ഘടകങ്ങളും ചേർച്ചയുള്ളതായാൽ മാത്രമേ അവർ തമ്മിൽ ഗുണകരമായ ഇടപഴകലും ചികിത്സാ കാര്യങ്ങളിലെ ഇടപെടലും നടക്കുകയുള്ളൂ എന്നും ഇവർ പറയുന്നു. മാത്രമല്ല, ഈ പി ആർ എസിലേക്ക് കടന്നു ചെല്ലാനും അതിൽ ഇടപെടാനും മാറ്റിമറിക്കാനും എല്ലാം സാധ്യമാണെന്നും ഇവർ അവകാശപ്പെടുന്നു.

'വ്യക്തികളുടെ ദൃഷ്ടി ചലനങ്ങൾ' (Eye Movements) നിരീക്ഷിച്ചാണ് ഇത് മനസ്സിലാക്കുന്നത്. സശ്രദ്ധമായ ദൃഷ്ടി വായനയിലൂടെ (Eye Accessing) എൻ എൽ പി ചികിത്സകൻ ഇതെല്ലാം സാധ്യമാക്കുന്നു. കൈ നോക്കി ഭാവി-ഭൂത-വർത്തമാനങ്ങൾ പറയുന്നത് പോലെ കണ്ണിന്റെ ചലനങ്ങളിലൂടെ ഒരാളുടെ 'മനസ്സ്' വായിക്കാം എന്ന് ലളിതമായി മനസ്സിലാക്കാം. ഈയൊരു അടിസ്ഥാനത്തിലാണ് എൻ എൽ പി യിലെ കൗൺസലിംഗും രോഗ നിർണ്ണയവും തെറാപിയും ചികിത്സയുമെല്ലാം നടക്കുന്നത്.

എൻ എൽ പിയുടെ ആശയ കേന്ദ്രമായി വർത്തിക്കുന്നതും വിശാലമായ വിശദീകരണങ്ങളിലൂടെയും മറ്റും അവതരിപ്പിക്കപ്പെടുന്നതുമായ മൂന്ന് സാങ്കേതിക സംജ്ഞകളിലൂടെ എൻ എൽ പിയെ മനസ്സിലാക്കാം.

1) ഭാവനാത്മകത (Subjectivity).
(2) ബോധ മണ്ഡലം (Consciousnes).
(3) പഠനം (Learning).

1) ഭാവനാത്മകത (Subjectivity)

ബാൻഡലറുടെയും ഗ്രൈന്ററുടേയും അഭിപ്രായത്തിൽ നാം ഈ ലോകത്തെ പഞ്ചേന്ദ്രിയങ്ങളിലൂടെ അനുഭവബേദ്യമാകുന്ന കാര്യങ്ങൾ ഭാവനാത്മക പ്രതിരൂപങ്ങളായി (Representations) രേഖപ്പെടുത്തപ്പെടുന്നതാണ്. നാം മുമ്പ് അനുഭവിച്ചിട്ടുള്ള കാര്യങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ ഇത്തരം രൂപീകൃത കോഡുകൾ പുനർ വായിക്കപ്പെടുകയും (Construct Recalling) നാമത് തിരിച്ചറിയുകയും ചെയ്യുന്നു എന്നാണ് ഇവർ പറയുന്നത്.

മാത്രമല്ല ഥാവനാത്മകമായ ഈ അനുഭവ പ്രതിരൂപങ്ങൾക്ക് (Reprasentational System of Subjective Experiece) തിരിച്ചറിയാനാകും വിധമുള്ള ഘടനകളും (Structure) മാതൃകകളും (Patterns) ഉണ്ട് എന്നും ഇവർ വാദിക്കുന്നു. ഈ അർത്ഥത്തിലാണ് എൻ എൽ പി എന്നാൽ ഭാവനാത്മക അനുഭവങ്ങളെ സംബന്ധിച്ചുള്ള പഠനം എന്ന് നിർവചിക്കുന്നത്. (Study of Subjective Experience).[1]

വ്യക്തികളുടെ സ്വഭാവം ഈ ഭാവനാത്മക അനുഭവങ്ങളുടെ പ്രതിരൂപങ്ങളിലൂടെ (PRS) മനസ്സിലാക്കാം എന്നാണ് വാദം. സ്വഭാവം (Behaviour) എന്നതിൽ വാചികവും അവാചികവും ആയ ആശയ വിനിമയം (Verbal and Nonverbial Communication), കാര്യശേഷി ഇല്ലാത്തതും പ്രശ്നകരമായതും രോഗബാധിതമായതുമായ എല്ലാ സ്വഭാവ പെരുമാറ്റങ്ങളും ഫലപ്രദവും നിപുണാത്മകവുമായ സ്വഭാവങ്ങളും എല്ലാം ഉൾപ്പെടുന്ന വിശാലമായ ഒരു അർത്ഥബോധമാണ് ഉള്ളത്.[2]

ഇന്ദ്രിയാസ്പദമായി രൂപീകൃതമാകുന്ന ഈ ഭാവനാത്മക രൂപങ്ങളെ ഭേദഗതി വരുത്തുക വഴി തന്റെയും മറ്റുള്ളവരുടെയും സ്വഭാവങ്ങളെ മാറ്റി മറിക്കാവുന്നതാണ്.[3]

### (2) ബോധ മണ്ഡലം (Conciousness)

എൻ എൽ പി യിൽ ബോധമണ്ഡലത്തെ സ്വബോധ ഘടകങ്ങൾ ഉൾക്കൊള്ളുന്നതെന്നും അബോധ ഘടകങ്ങൾ ഉൾക്കൊള്ളുന്നതെന്നും രണ്ടായി തിരിച്ചിരിക്കുന്നു. ഒരാളുടെ സ്വബോധ മണ്ഡലത്തിന് പുറത്ത് ഭാവനാത്മക അനുഭവങ്ങൾ രൂപീകൃതമാകുന്നതിനെ ഉൾപ്പെടുത്തിയാണ് അബോധ മണ്ഡലം എന്ന് പറയുന്നത്.[4]

ഒരു വ്യക്തിയുടെ സ്വഭാവവും അനുഭവങ്ങളും എല്ലാം രേഖപ്പെടുത്തപ്പെടുന്നത് അബോധ മണ്ഡലത്തിലാണെന്ന് മനസ്സിലാക്കാം. ഇന്നുവരെ കൃത്യമായ ഒരു വിശദീകരണവും ലഭ്യമല്ലാത്ത ഈ അബോധ മണ്ഡലത്തിലെ പി ആർ എസ്സിനെ അടിസ്ഥാനമാക്കി നിലനിൽക്കുന്നതാണ് എൻ എൽ പി യിലെ എല്ലാ കാര്യങ്ങളും എന്ന് കണ്ടുവല്ലോ? ഇതിൽ നിന്നുതന്നെ വെറും ഭാവനാത്മകമായ ചില സൈദ്ധാന്തിക ചർച്ചകളും അബോധ മനസ്സ് എന്ന പൈശാചിക മേഖലയെ ഉപയോഗിച്ചുകൊണ്ടുള്ള ചില തട്ടിപ്പുകളും മാത്രമാണ് എൻ എൽ പി എന്ന് മനസ്സിലാക്കാൻ ഇവരുടെ രചനകൾ തന്നെ പര്യാപ്തമാണ്. (അബോധ മനസ്സിനെ സംബന്ധിച്ചുള്ള മുൻ ലക്കങ്ങളിലെ ഭാഗങ്ങൾ ചേർത്തി വായിക്കുക).

### (3) പഠനം (Learning)

അനുകരണാത്മകമായ ഒരു പഠനത്തെയാണ് എൻ എൽ പി അവതരിപ്പിക്കുന്നത്. അതിനെ 'മോഡലിങ്ങ്' എന്ന് പറയുന്നു. നിപുണനായ ഒരാളുടെ നൈപുണ്യങ്ങളുടെ മാതൃക കോഡുകളാക്കുവാനും പകർത്തുവാനും പുനരാവിഷ്കരിക്കുവാനും കഴിയും എന്ന് ഇവർ വാദിക്കുന്നു. നിപുണനായ ഒരു വ്യക്തി തന്റെ നൈപുണ്യം പ്രവർത്തി പഥത്തിലേക്ക് കൊണ്ടുവരുമ്പോൾ അതിന്റെ ഇന്ദ്രിയപരവും ഭാഷാപരവുമായ ഭാവനാത്മക പ്രതിരൂപങ്ങൾ ഉണ്ടാകുന്നു. ആ കോഡുകളുടെ ശ്രേണി(Sequence)യുടെ വിശദീകരണമാണ് കോഡിങ്ങിന്റെ പ്രധാന ഭാഗം.[5]

ഇപ്രകാരം ഉത്ഭവംകൊണ്ട നാൾ മുതൽ നാലു പതിറ്റാണ്ടുകളായിട്ടും ആരുടെയും നൈപുണ്യം പകർത്താൻ ആർക്കും കഴിഞ്ഞിട്ടില്ല. എന്നാൽ എൻ എൽ പി ഉപജ്ഞാതാക്കൾ പരസ്പരം ബൗദ്ധിക സമ്പത്തിന്റെ (Intellectual Property) അവകാശവാദം ഉന്നയിച്ചുകൊണ്ട് കോടതി കയറുകയാണുണ്ടായത്.

### വി എ കെ മാർഗനിർദേശങ്ങൾ
(V A K Guidelines)

എൻ എൽ പി പരിശീലനത്തിലെ ഒരു പ്രധാന പരിപാടിയാണ് ദൃഷ്ടി ചലനങ്ങളെ വ്യക്തിയുടെ പി ആർ എസുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക എന്നത്. ഇതിനെ വി എ കെ മാർഗനിർദേശങ്ങൾ എന്നാണ് പറയുക. വി എ കെ എന്നത് യഥാക്രമം വിഷ്വൽ, ഓഡിറ്ററി, കൈനസ്തറ്റിക് എന്നീ സംജ്ഞകളുടെ ചുരുക്കമാണ്.

#### വിഷ്വൽ (Visual)

അനുഭവങ്ങളുടെ പുനർവായനയിൽ മനോമുകുരത്തിൽ ചിത്രങ്ങൾ കടന്ന് വരികയും തദടിസ്ഥാനത്തിൽ ചിന്തിക്കുകയും സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്ന ആളുകളെയാണ് എൻ എൽ പി യിൽ 'വിഷ്വൽ' എന്ന് പറയുന്നത്. ഇത്തരക്കാരെ മനസ്സിലാക്കാനുള്ള ലക്ഷണങ്ങൾ ഇപ്രകാരമാണ്. കണ്ണുകൾ ഇടത്തോട്ടോ വലത്തോട്ടോ പിടിക്കുന്ന (മസ്തിഷ്കത്തിന്റെ ഇടത് വലത് അർദ്ധഗോള ഭാഗങ്ങളിൽ ഏതിനാണ് വ്യക്തിയിൽ കൂടുതൽ മുൻതൂക്കം ഉള്ളത് എന്നതിന്റെ അടിസ്ഥാനത്തിൽ) ശീലമുള്ളവർ, ഉയർന്നതോ അല്ലെങ്കിൽ നേർത്തതോ ആയ ശ്വാസോച്ഛ്വാസം, പിരടിയിലെ പേശികളുടെ മുറുക്കം, ഉയർന്നതോ അനുനാസികമോ ആയ സ്വരം എന്നിവക്ക് പുറമെ ചിത്രബന്ധിതമായ പദപ്രയോഗങ്ങൾ (Predicates) ഉപയോഗിക്കുന്നവർ.

ഉദാഹരണത്തിന്: "ഞാൻ അതിനെ വീക്ഷിക്കുന്നത്.., എനിക്ക് ദർശിക്കാനാകുന്നത്... അതിനെക്കുറിച്ച് ഞാൻ കാണുന്ന ചിത്രം..." എന്നിങ്ങനെയുള്ള സവിശേഷതകളുള്ളവർ 'വിഷ്വൽ' എന്ന വിഭാഗത്തിലാണെന്ന് നിഗമനം.[6]

'വിഷ്വൽ' ടൈപ്പ് വ്യക്തികൾ എല്ലാ കാര്യങ്ങളും ഒരു ചിത്രരൂപേണ മാത്രം ചിന്തിക്കുന്നവ

രാണ് എന്നും, എന്ത് കേട്ടാലും ഉടൻ അവർക്ക് തത്സംബന്ധിയായ ചിത്രമാണ് മനസ്സിൽ ഓടിയെത്തുക എന്നും നഇവർ പറയുന്നു. മനുഷ്യരിൽ ഭൂരിഭാഗവും 'വിഷൽ' ടൈപ്പ് ആണെന്നും അല്ല, 40% ഇപ്രകാരമാണെന്നും ഇവർ വാദിക്കുന്നു.

ഈ വാദം ശരിയാണ് എങ്കിൽ മുസ്ലിംകളുടെ വിശ്വാസപരമായ പല കാര്യങ്ങളും കുഴപ്പത്തിലാകും. രൂപം നൽകിക്കൊണ്ടോ രൂപകൽപന ചെയ്തോ വിഭാവനം ചെയ്യുന്നത് വലിയ പാപമായി വരുന്ന കാര്യങ്ങൾ തന്നെ ഇസ്‌ലാമിക വിശ്വാസത്തിൽ ഉണ്ടല്ലോ? അല്ലാഹുവിന്റെ നാമ-ഗുണ-വിശേഷണങ്ങളും കൈ, മുഖം, നടത്തം, ഇറക്കം, ചിരി തുടങ്ങി യാതൊന്നും തന്നെ രൂപകൽപന നടത്തുവാനോ ചിത്രാടിസ്ഥാനത്തിൽ സങ്കൽപിക്കുവാനോ പാടില്ല എന്നത് അഹ്‌ലുസ്സുന്നയുടെ അകീദയിൽ ഉൾപ്പെട്ട കാര്യമാണല്ലോ?

### ഓഡിറ്ററി (Auditory)

ഇത്തരക്കാരുടെ ദൃഷ്ടി ഇടത്തോ വലത്തോ ആകാം. ഉദരഭിത്തി കൊണ്ടുപോലും ശ്വസിക്കാം. പേശീ മുറുക്കം (Muscle Tension) ക്രമീകൃതമോ താളാത്മകമോ ആകാം. വ്യക്തവും മധ്യമവുമായ സ്വരം ചിലപ്പോൾ മൃദുലമോ ശീൽക്കാര രീതിയിലുള്ളതോ ആകാം. ഇവരുടെ പദപ്രയോഗങ്ങൾ: "....അപ്രകാരമാണ് അതിന്റെ ധ്വനി, എനിക്ക് കേൾക്കാനായത്, ഉറക്കെ ചിന്തിച്ചാൽ, ഞാൻ നിശബ്ദനായിപ്പോയി...."തുടങ്ങി ശബ്ദവുമായി ബന്ധപ്പെട്ട പ്രയോഗ, ശൈലികളിൽ ആയിരിക്കും.[7]

### കൈനസ്തറ്റിക് (Kinesthetic)

സ്പർശനാത്മകമായും അനുഭവപരമായും ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്നവരെയാണ് 'കൈനസ്തറ്റിക്' ഗ്രൂപിൽ പെടുത്തിയിട്ടുള്ളത്. ഇവരുടെ ദൃഷ്ടി ഇടതോ വലതോ ആകാം. ഉദരംകൊണ്ടുള്ള ശ്വസനം, ദീർഘശ്വാസം, അയഞ്ഞ പേശീഘടന, പതിഞ്ഞ സംസാരം, സംഭാഷണത്തിൽ നീണ്ട വിരാമങ്ങൾ എന്നിവ കൂടാതെ, "മനസ്സിനെ തൊട്ടറിഞ്ഞ അനുഭവമായി, ഞാനത് അനുഭവിച്ചറിഞ്ഞതാണ്, എന്റെ അനുഭവത്തിൽ....." തുടങ്ങിയ പദപ്രയോഗങ്ങളും ശൈലിയും ഇവർക്ക് ഉണ്ടാകും. (8)

ഈ മൂന്ന് ഇന്ദ്രിയാടിസ്ഥാന തത്വങ്ങൾക്ക് പുറമെ മറ്റു ചില ദൃഷ്ടി വായനാ സൂചകങ്ങളും (eye accessing cues) ഇവർ പ്രദിപാദിക്കുന്നുണ്ട്. എൻ എൽ പി നരചയിതാക്കളായ ഡിൽറ്റ്സ് (Dilts), ലൂയിസ് (lewis), പ്യൂസ്ലിക് (Pucelik) എന്നിവർ പറയുന്നത് ഒരു വ്യക്തിയുടെ ശരീരപ്രകൃതി (Body Type) അയാളുടെ ചിന്താ ശൈലിയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. ചിന്തയുടെ രീതി അനുസരിച്ച് ശരീരപ്രകൃതി രൂപപ്പെടുമെന്ന് ഇവർ വാദിക്കുന്നു.[9]

മെലിഞ്ഞ് ഉറച്ച ശരീരം, തുറിച്ച കണ്ണുകൾ, ഉന്തിയ കവിളെല്ലുകൾ, സ്വഛന്ദമല്ലാത്ത ചലനങ്ങൾ, ഉറച്ച അധരങ്ങൾ, അനുനാസികമായ സംഭാഷണം എന്നീ രീതികളുള്ളവർ 'വിഷൽ' ആയിരിക്കും. മൃദുല ശരീര പേശികൾ, വലിയ മൃദുലമായ ചുണ്ടുകൾ, പതിയെയുള്ള സംസാരം, എന്നിവ 'കൈനസ്തറ്റിക്' ആയിരിക്കും. ഇവക്ക് മധ്യേയുള്ള രീതികൾ പ്രകടിപ്പിക്കുന്നവർ 'ഓഡിറ്ററി'കളും ആയിരിക്കുമെന്നും പറയുന്നുണ്ട്.

ഈ ശ്വസന ശൈലികളും മാനസീക പ്രക്രിയകളും മസ്തിഷ്കത്തെ ബാധിക്കുന്ന ചില രാസപദാർത്ഥങ്ങളുടെ തോത് രക്തത്തിൽ വ്യത്യസ്തപ്പെടുന്നതു കൊണ്ടാണെന്നും ചില എൻ എൽ പിക്കാർ സിദ്ധാന്തിക്കുന്നു.

മാത്രമല്ല, വിഷൽ ചിന്തകർ കൈനസ്തറ്റിക് ചിന്തകരിൽ വിശ്വാസമർപ്പിക്കാത്തവരായിരിക്കും. വിഷൽകാർ വേഗത്തിൽ ചിന്തിക്കുമ്പോൾ കൈൻസ്തറ്റിക്കാർ വളരെ സാവധാനം ചിന്തിക്കുന്നവരാണ്. ഇതാണ് ഈ പരസ്പര അവിശ്വാസത്തിന് ഹേതുവായി പറയുന്നത്.(10)

വി എ കെ ലക്ഷണങ്ങളെ ചേർച്ചയുള്ളതാക്കാൻ സാധിക്കുന്നതിലൂടെ ചികിത്സകനും രോഗിക്കുമിടയിൽ സുദൃഢമായ ബന്ധം സൃഷ്ടിച്ചെടുക്കാം എന്നും ഇവർ അവകാശപ്പെടുന്നുണ്ട്.(11)

എൻ എൽ പി ചികിത്സകൻ തന്റെ രോഗി അല്ലെങ്കിൽ കക്ഷി എന്തു പറയുന്നു എന്നതിലേക്കല്ല, മറിച്ച് എപ്രകരം പറയുന്നു എന്നാണ് നിരീക്ഷിക്കുന്നത്.

വി എ കെ യിലെ കര്യങ്ങൾ ഒന്ന് സംക്ഷിപ്തമാക്കി പറയാം:

1) പ്രധാനമായും ആളുകൾ വി എ കെ എന്നിങ്ങനെ മൂന്ന് തരമാണ്.
(1) മനോദൃഷ്ടിയിൽ ചിത്രങ്ങളേയും രൂപങ്ങളേയും ആസ്പദമാക്കി ചിന്തിക്കുന്നവർ.
(2) ശബ്ദത്തെ ആസ്പദമാക്കി ചിന്തിക്കുന്നവർ
(3) സ്പർശനം പോലുള്ള അനുഭവങ്ങളെ ആസ്പദമാക്കി ചിന്തിക്കുന്നവർ.
2) ഇവർക്ക് ഓരോരുത്തർക്കും സവിശേഷമായ ഭാഷാശൈലിയും, ദൃഷ്ടി സ്ഥാനങ്ങളും, പേശീ അവസ്ഥകളും ഉണ്ട്.
3) ഇത്തരം ശാരീരിക ഘടനകളും വാക്പ്രയോഗങ്ങളും ഉപയോഗിച്ച് ഒരു വ്യക്തിയുടെ പഞ്ചേന്ദ്രിയങ്ങളിലൂടെ മനസ്സിൽ (അബോധ മണ്ഡലത്തിൽ) രൂപപ്പെടുത്തപ്പെട്ട അയാളുടെ 'മേപ്പ്' അഥവാ പി ആർ എസ് മനസ്സിലാക്കാം.
4) ഈ പി ആർ എസ്സിലേക്ക് കടന്ന് ചെല്ലാനും അതിൽ ഇഷ്ടാനുസാരം മാറ്റം വരുത്തുവാനും കഴിയും.

5) ഇത്തരം മാറ്റത്തിരുത്തലിലൂടെ വ്യക്തിക്ക് സ്വയമോ ചികിത്സകന്റെ സഹായത്തോടെയോ എന്തും നേടാനും സ്വഭാവ മാറ്റങ്ങൾ വരുത്തുവാനും കഴിയും.
6) മറ്റൊരാളുടെ പി ആർ എസ്സിനെ തന്റേതിന് അനുസൃതമാക്കി രൂപപ്പെടുത്തിയാൽ അയാളുമായി ഉറ്റബന്ധം സ്ഥാപിക്കാം.
7) കഴിവുറ്റവർ തങ്ങളുടെ കഴിവ് പ്രകടിപ്പിക്കാൻ ഉപയോഗിച്ച പി ആർ എസ് മറ്റൊരാൾക്ക് പകർത്താനും അയാളെപ്പോലെ കഴിവുറ്റവനായി മാറുവാനും സാധിക്കും.

ശാസ്ത്രീയത

സൈകോ ന്യൂറോ ഇമ്മ്യൂണോളജിയിൽ എത്തി നിൽക്കുന്ന ആധുനീക മനശാസ്ത്രം നമ്മുടെ ചിന്താരീതികളെക്കുറിച്ചും മനോരോഗങ്ങളെക്കുറിച്ചും മസ്തിഷ്കവും ശരീരവും പ്രധിരോധ ശേഷിയും ശരീര ധർമ്മ ശാസ്ത്ര പ്രവർത്തനങ്ങളും (Physiological) തമ്മിലുള്ള ബന്ധങ്ങളെ സംബന്ധിച്ചും എല്ലാം ഗഹനമായ പഠനത്തിലും ഗവേഷണത്തിലും ആണുള്ളത്. നാഡീ വ്യവസഥയെ സംബന്ധിച്ചുള്ള പഠനങ്ങൾ വളർന്ന്വന്ന്കൊണ്ടിരുന്ന കാലത്ത് രൂപം കൊണ്ട വെറും ഊഹാടിസ്ഥാനത്തിലുള്ള കുറെ തത്വങ്ങൾ മാത്രമാണ് എൻ എൽ പി യിൽ ഇന്നും ഉള്ളത്. പ്രസ്തുത മേഖലയിലെ ഇക്കണ്ട കാലഘട്ടത്തിൽ ഉടലെടുത്ത ഈ വാദമുഖങ്ങൾ അന്നത്തെയും ഇന്നത്തെയും ശാസ്ത്ര സാങ്കേതികതയുടേയും ഗവേഷണങ്ങളുടേയും അടിസ്ഥാനത്തിൽ പൊള്ളയായ വാചകക്കസർത്തുകൾ മാത്രമാണെന്ന് തെളിയിക്കപ്പെട്ടതാണ്. എന്നിട്ടും അതെല്ലാം അപ്രകാരംതന്നെ നിലനിർത്തിപ്പോരുകയാണ് എൻ എൽ പി പ്രചാരകർ. ഗണിത ശാസ്ത്രവും കമ്പ്യൂട്ടർ സയൻസും ഭാഷാശാസ്ത്രവും അല്ലാതെ കൃത്യമായി ജീവശാസ്ത്രം (Biology) പഠിക്കാത്തവരാണ് ഇതിന്റെ ഉപജ്ഞാതാക്കൾ എന്നതിനാലാണ് ഈ അവസ്ഥാ വിശേഷം നിലനിൽക്കുന്നത്.

കമ്പ്യൂട്ടറിലേക്ക് കൊടുക്കുന്ന വിവരങ്ങൾ ചില കോഡുകളായി പ്രോഗ്രാം ചെയ്യപ്പെട്ടതിൽ നിന്നും തിരഞ്ഞ് സമാനമായ വായനയിൽ നിന്നും പ്രതിഫലനമായി പുറത്തുവരുന്ന രീതിയാണ് മനുഷ്യന്റെ മനോ പ്രവർത്തനങ്ങൾക്കും ഉള്ളതെന്ന ഒരു ശൈലിയാണ് എൻ എൽ പി ഉപജ്ഞാതാക്കളുടെ ഭാഷ. പഞ്ചേന്ദ്രിയങ്ങളിലൂടെ കടന്നുവരുന്ന വിവരങ്ങൾ കോഡുകളായി അല്ലെങ്കിൽ പ്രതിനിധീകരണങ്ങളായി അബോധ മണ്ഡലത്തിൽ രൂപപ്പെടുന്നു എന്നും വ്യക്തിയുടെ വി എ കെ യിലെ പ്രബലമായ ശൈലി ഉപയോഗിച്ച് അത് പുനർ വായിക്കപ്പെടുകയും ചെയ്യുന്നു എന്നാണല്ലോ ഇവർ പറയുന്നത്. കാഴ്ചകൾ രേഖപ്പെടുത്തുന്നതിന് വിഷ്വൽ കൺസ്ട്രക്ട് എന്നും അത് പുനർവായിക്കുന്നതിന് വിഷ്വൽ റീ കോൾ എന്നും അപ്രകാരം തന്നെ ശ്രവണപരമായതിന് ഓഡിറ്ററി കൺസ്ട്രക്റ്റ്/ഓഡിറ്ററി റീ കോൾ എന്നും ഇവർ സാങ്കേതികമായി പറയുന്നുണ്ട്. എന്നാൽ ഇതെല്ലാം തന്നെ അബദ്ധജഡിലമായ വാദങ്ങളാണെന്ന് സൂക്ഷ്മമായ ഗവേഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്.

1) ക്ലിനിക്കൽ സൈകോളജിസ്റ്റും ഫോറൻസിക് സൈകോളജിസ്റ്റുമായ ഡോ: ഹീപ് (Dr. Heap) പറയുന്നു:

“ഒരു വ്യക്തിക്ക് പി ആർ എസ് ഉണ്ട് എന്നും അത് പദപ്രയോഗങ്ങളെ തെരെഞ്ഞെടുക്കുന്നതിലൂടെയും മറ്റും നിരീക്ഷിച്ച് മനസ്സിലാക്കാം എന്ന ധാരണ തെറ്റാണ് എന്ന് റകണിശതയാർന്ന ഗവേഷണങ്ങളുടെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെട്ടിട്ടുണ്ട്. മാത്രമല്ല, ഒരാളുടെ പി ആർ എസ് ദൃഷ്ടി വായനയിലൂടെ തീരുമാനിക്കാൻ കഴിയും എന്നതിന് ഗവേഷണങ്ങളിൽ യാതൊരു അനുകൂല തെളിവുകളും ലഭ്യമായിട്ടില്ല.[12]

2) ദൃഷ്ടിചലനങ്ങളെ വായിച്ചെടക്കുന്ന മനോദർപ്പണ പരിപാടി (Mirdroring) ഒട്ടും ഫലപ്രദമല്ലാത്തതാണെന്ന് എൻ എൽ പി യെ സംബന്ധിച്ചുള്ള ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു.[13]

3) ആശയ വിനിമയ സംബന്ധിയായ (Communication) ഗവേഷണങ്ങൾ പൊതുവെ പറയുന്ന കാര്യമാണ് ആശയ വിനിമയവും സുഗമമായ ബന്ധവും (Rapport) പുരോഗമിക്കുന്നത് വ്യക്തികളുടെ സംഭാഷണം ശ്രദ്ധിച്ച് സഹാനുഭൂതി(Empathy)യോടെ പ്രതികരിക്കുന്നതിലൂടെയാണ് എന്നത്. എന്നാൽ എൻ എൽ പിക്കാർ റാപ്പോ സൃഷ്ടിക്കാനായി രൂപം കൊടുത്തിട്ടുള്ള ടെക്നിക്കുകൾ ഗവേഷണ പരിശോധനകൾക്ക് വിധേയമാക്കിയപ്പോൾ എ എൽ പി ആളുകളിൽ ആശയ വിനിമയ വിശ്വാസ്യത കുറക്കുന്നതായിട്ടാണ് മനസ്സിലായത്.[14]

4) മസ്തിഷ്കത്തിന്റെ വലത് ഇടത് അർദ്ധ ഗോളങ്ങളോട് ദൃഷ്ടി ചലനങ്ങളും ശാരീരിക ഹാവഭാവങ്ങളും തമ്മിൽ ബന്ധപ്പെടുത്തി വിശദീകരിച്ചതും മനുഷ്യ സമൂഹത്തെ 40% വിഷ്വൽ, 405 ഓഡിറ്ററി, 20% കൈനസ്തറ്റിക് എന്ന വിഭജനവും (15) നെഗറ്റിവ്/പോസിറ്റീവ് എനർജികളെക്കുറിച്ചുള്ള സംസാരങ്ങളും എൻ എൽ പി യെ കൂടുതൽ കപടശാസ്ത്ര വിഭാഗത്തിൽ ഉൾപ്പെടുത്താൻ പര്യാപ്തമാണെന്നാണ് ആധുനിക നാഡീശാസ്ത്രം പറയുന്നത്.

5) എൻ എൽ പി യെ സംബന്ധിച്ചുള്ള കണിശതയാർന്ന ഗവേഷണത്തിൽ പി ആർ എസ്സിനെക്കുറിച്ച് ഡോ: ഷാർപ്ലെ സംഗ്രഹിക്കുന്നത് ഇപ്രകാരമാണ്:

a) പി ആർ എസ് വിശ്വസനീയമാം വിധം

അളക്കുവാൻ സാധ്യമല്ല.

b) പി ആർ എസ് അളക്കാനായാൽ തന്നെ അത് സമയ ബന്ധിതമായി അസ്ഥിരമായിരിക്കും.

c) പി ആർ എസ് എന്നത് വസ്തുതാപരമായി നിലനിൽക്കുന്നുണ്ടോ എന്നുപോലും ഉറപ്പില്ല.

d) കക്ഷികളുടെയോ ഇതര വ്യക്തികളുടേയോ പി ആർ എസ് കൗൺസലർക്ക് സഹായകമായി വർത്തിക്കുമെന്ന കാര്യം ശരിയല്ല. എന്തെങ്കിലും രീതിയിൽ വിശ്വസനീയമാം വിധം വ്യക്തതയോടെ ഇത് അവതരിപ്പിക്കാൻ സാധ്യമല്ല.(16)

ഇപ്രകാരം ശാസ്ത്രീയ ഗവേഷണാടിസ്ഥാനത്തിൽ തള്ളപ്പെട്ട ഒരു കപടശാസ്ത്ര ശാഖയിൽ ആളുകൾ ആകൃഷ്ടരാകുന്നത് അപകടകരമായ പ്രവണതയാണ്. മന:ശാസ്ത്രം എന്നത് ഏത് വഴി പോക്കർക്കും കൈകാര്യം ചെയ്യാനുള്ള ഒരു മേഖലയല്ല. കാരണം, അത് മനുഷ്യ ശരീരത്തെ മൊത്തമായും ചിന്തകളേയും ശാരീരിക പ്രവർത്തനങ്ങളെയും മാനസീകവും ശാരീരികവുമായ ആരോഗ്യത്തെയും എല്ലാം ബാധിക്കുന്ന ഒന്നാണ്. എന്നിരിക്കെ, എൻ എൽ പി പോലെയുള്ളവർ അത് കൈകാര്യം ചെയ്യാൻ അടിസ്ഥാന വിദ്യാഭ്യാസം പോലും വേണ്ടതില്ല എന്ന് അവരുടെ നിയമാവലിയിൽ തന്നെ ചേർത്തിരിക്കുന്നു. ആളുകളുടെ അറിവില്ലായ്മയും നിർബന്ധിതാവസ്ഥയും എല്ലാം ചൂഷണം ചെയ്ത് വളർന്ന ഇവർ ഒട്ടേറെ ധനം സമ്പാദിക്കുമ്പോൾ സമൂഹത്തിന്റെ ശാരീരികവും മാനസീകവുമായ ആരോഗ്യത്തിന് ഒരു വെല്ലുവിളിയാണെന്ന് അറിയുക. ഈ കപട ശാസ്ത്രത്തെ മതത്തോട് കൂട്ടിക്കെട്ടി അവതരിപ്പിക്കുമ്പോൾ അതിന് പിന്നാലെ പോകുന്നവർക്ക് തന്റെ ദീൻ തന്നെ നഷ്ടമാകുമെന്നതും ഓർക്കുക.

## Reference:


1) Dilts, Robert:, Grinder, John; Bandler, Richard; Leslie C; Delozier, Judith (1980) Neuro Linguistics Programming: Volume I, The Study of the Structure of Subjective Expeience (Limited Ed) Cwaliforniwa: Meta Publications pp.7.

2) (a) Ibid p.36

(b) Grinder, John; Bandler, Richard (1977). Patterns of the Hypnotic Techniques of Milton H.Erickson: Volume 2 (1st ed.) Meta Publications. pp. 11–19

3) (a) Hall, L. Michael; Belnap, Barbara P. (2000) [1999]. The Sourcebook Of Magic: A Comprehensive Guide To The Technology Of NLP (1st ed.). Wales: Crown House Publishing Limited. pp. 89–93. ISBN 1þ899836-22-5. #23 The Change Personal History Pattern

(b) Bandler, Rechard; Grinder, John (1985). Hypnotic Language Patterns: The Milton Model". In Andreas, Connirae. Tranceormations. Real People Press. pp. 240–50.

4) Dilts, Robert:, Grinder, John; Bandler, Richard; Leslie C; Delozier, Judith (1980)Neuro Linguistics Programming: VolumeI, The Study of the Structure of Subjective Experiencse (Limited Ed.) California: Meta Publications pp.77-80

5) (a) Bandler, Richard; Grinder, John (1979). Andreas, Steve, ed. Frogs into Princes: Neuro Linguistic Programming (1st ed.). Utah: Real People Press. pp. 7,9,10,36,123.

(b) Bandler, Richard; Grinder, John (1975). The Structure of Magic I: A Book about Language and Therapy (1st ed). California: Science and Behavior Books, Inc. p. 6.

6) Dilts, Robert:, Grinder, John; Bandler, Richard; Ledlie C; Delozier, Judith (1980) Neuro Linguistics Programming: Volume I, The Study of the Structu of Subjective Experience (Limited Ed.) California: Meta Publications pp.3-4,6,14,17

7) Ibid

8) Ibid

9) (a) Ibid

(b) Lewis BA , Pucelic, F. 2000, Magic of NLP Demystified: A Pragmatic Guide to Communication&Change. (Positive Change Guides).

10) Dilts, Robert:, Grinder, John; Bandler, Richard; Leslie C; Delozier, Judith (1980) Neuro Linguistics Programming: Volume I, The Study of the Structure of Subjective Experience (Limited Ed) California: Meta Publications pp.3-4,6,14,17.

11) Bandler, R. Grinder, J. (1979). Frogs into Princes: Neuro linguistic Programming. Moab, UT: Real People Press. pp. 149 (p.8 (quote), pp. 15, 24, 30, 45,52).

12) Heap, M. (1988). Neurolinguistic programming, In M. Heap (Ed.) Hypnosis: Current Clinical, Experimental and Forensic Practices. London: Croom Helm, pp 268-280

13) Feldman. Robert S. 1992. Applications of Nonverbal behavioural Theories and Research.

14) Sharpley C.F. (1987). "Research Findings on Neuro lingistic Programming: Non supportive Data or an Untestable Theory. "Communication and Cognition Journal of Counselling Psycholgy, 1987, Vol.34, No.1: 103-107, 105.

15) Grinder, John&Carmen Bostic St. Cwlair (2001). Whispering in the Wind. CA: J&C Enterprises, 127, 171, 222, ch.3 Appendix.

16) Sharpley C.F. (1987). "Research Findings on Neurolinguistic Programming: Non supportive Data or an Untestable Theory. "Communication and Cognition Journal of Counselling Psychology, 1987, Vol.34, No.1: 103-107.

### അൽ കവിസ്സതുൽ കാമില 7

# മൂന്നാം ഘട്ടത്തിന്റെ അടയാളങ്ങൾ (തുടർച്ച)

അബ്ദുർറഊഫ് നദ്‌വി

7) ഖാരിജീ ചിന്തക്ക് സൈദ്ധാന്തിക നേതൃത്വവും പ്രായോഗിക നേതൃത്വവും ഉണ്ടായി. സയ്യിദ് ഫദ്ൽ, അൽ മക്ദിസി, അബൂ ഖതാദ അൽ ഫലസ്തീനി, ഫാരിസ് അസ്സഹ്റാനി, അബ്ദുൽ അസീസ് അത്ത്വുവൈലഈ, അബ്ദുല്ല അർറശൂദ്, അബൂ മുസ്അബ് അസ്സൂരീ, അബൂ ബസ്വീർ അത്ത്വുർത്വൂശി, നാസിർ അൽ ഫഹ്ദ് എന്നിവർ സൈദ്ധാന്തിക വൈജ്ഞാനിക നേതാക്കളിൽ ചിലരാണ്.

എന്നാൽ, പ്രായോഗിക നേതൃത്വം ബിൻ ലാദിനിലും ഐമൻ ളവാഹിരിയിലും കേന്ദ്രീകരിച്ചു. വാർത്താ മാധ്യമങ്ങളിൽ ദൃശ്യ-ശ്രാവ്യ സി ഡി കളിലൂടെ, മുസ്‌ലിം ഉമ്മത്തിന്റെ അകത്തളത്തിൽ ഹറൂരിയൻ അപകടങ്ങൾ ഏൽപ്പിച്ചുകൊണ്ടല്ലാതെ അവരിലൊരാളും പ്രത്യക്ഷപ്പെടാറുണ്ടായിരുന്നില്ല. ഇത് ഇവരുടെ പൂർവ്വീക നേതാക്കളെയാണ് ഓർമ്മപ്പെടുത്തുന്നത്. അവർ ഒരു പ്രസംഗം നടത്തിയാൽ ഖവാരിജുകൾ ആയുധമേന്താൻ കുതിക്കുമായിരുന്നു.

8) അർധ വിദ്യാർത്ഥികളെയും ഭൗതിക (വിജ്ഞാന) സ്പെഷ്യലിസ്റ്റുകളെയും എട്ടുകാലി വലയിലെ (ഇന്റർനെറ്റ്) അജ്ഞാതരെയും സ്ഫടികവൽക്കരിക്കലും അവരെ സമുദായത്തിന്റെ തുല്യതയില്ലാത്ത പണ്ഡിതരായി അവതരിപ്പിക്കലും തക്ഫീറിൽ മുഴുകലും രക്തം അനുവദനീയമാക്കുകയും ചെയ്യുമ്പോഴെല്ലാം അവരുടെ പ്രശസ്തി ഉയരുകയും അനുയായികളുടെ മനസ്സിൽ സ്ഥാനം വർദ്ധിക്കുകയും ചെയ്യുന്നു.

തക്ഫീരീ ഗ്രന്ഥകാരനായ അബൂ മുഹമ്മദ് അൽ മക്ദിസിയെ കുറിച്ച് നാസിർ അൽ ഫഹ്ദ് പറയുന്നു. "തൗഹീദിനെയും അതിന്റെ സാക്ഷാൽക്കരണത്തെയും ത്വാഗൂതുകളിൽ നിന്നുള്ള ബറാഅതിനെയും വാചാ കർമണ ശ്രദ്ധിച്ചവരിൽ പെട്ടവനാണ ദ്ദേഹം." أخو من طاع الله (അല്ലാഹുവിനെ അനുസരിച്ചവന്റെ സഹോദരൻ) എന്ന പേരിൽ പ്രസിദ്ധനായ അബ്ദുൽ അസീസ് ത്വവൈലഇയെ കുറിച്ച് പറയപ്പെട്ടത് ഇപ്രകാരമാണ്. "ജസീറതുൽ അറബിലെ അത്യപൂർവ്വ പണ്ഡിതരിൽ ഒരാളാണ് അദ്ദേഹം" എന്നാണ്. മുപ്പത് വയസ്സ് പിന്നിട്ടിട്ടില്ലാത്ത, ജസീറതുൽ അറബിലെ ചെറുപ്പക്കാരിലും പിള്ളേരിലും ഒരാൾ മാത്രമാണ് അദ്ദേഹം എന്നതാണ് വസ്തുത. ഈ പേരിൽ ഒരു കുഞ്ഞു വിദ്യാർത്ഥിയെ പോലും നമ്മുടെ രാജ്യം കേട്ടിട്ടില്ല. എന്നിട്ടല്ലേ ത്വാലിബുൽ ഇൽമും പണ്ഡിതനും!

അവലംബിക്കാവുന്ന പണ്ഡിതരെയും ഫത്‌വകളെയും എണ്ണിയപ്പോൾ ളവാഹിരി താഴെ പറയുന്നവരെ പ്രസ്താവിക്കുകയുണ്ടായി.

* അബൂ മുഹമ്മദ് അൽ മക്ദിസിയെക്കുറിച്ച് ളവാഹിരി പറയുന്നു. "അറിവ് കൊണ്ടും ഗ്രന്ഥരചന കൊണ്ടും ഇരമ്പുന്ന സാഗരവും പ്രബോധന നേതാക്കളിൽ ഒരാളുമാണ് അദ്ദേഹം." ഇയാളുടെ രചനകളിലധികവും കാഫിറാക്കുന്നതിലും രക്തം അനുവദനീയമാക്കുന്നതിലുമാണ്. പള്ളി ഇമാമുമാരെയും പ്യൂണുമാരെപ്പോലും കാഫിറാക്കുകയുണ്ടായി.

* ലിബിയക്കാരനായ അബൂ യഹ്‌യയെക്കുറിച്ച് അദ്ദേഹം പറയുന്നു. "മുഹാജിറും മുജാഹിദും മുറാബിത്വു(അതിർത്തി കാവൽ ഭടൻ)മാണ്." എന്നാൽ ഇയാൾ പ്രസിദ്ധ സ്വപ്നങ്ങളുടെ ആളാണ്.

* അബൂ വലീദിൽ ഗസ്സിയെക്കുറിച്ച് ഉവാഹിരി പറഞ്ഞു. "തൂലികയുടെയും വാളിന്റെയും ആളുകളിൽ പെട്ടവൻ, പ്രവർത്തിക്കുന്ന പണ്ഡിതൻ, മുജാഹിദ്, മുഹാജിർ, മുറാബിത്, ജിഹാദികളുടെ ഉസ്താദും പരിശീലകനും മുഫ്തിയും ക്വാദിയും." (ളവാഹിരിയുമായുള്ള സഹാബ് നെറ്റിന്റെ അഭിമുഖം. പേജ് 45-48).

എന്നാൽ, ലണ്ടനിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന മാഗസിന്റെ കാര്യദർശിയായി ഏതാനും വർഷം കൂടെ പ്രവർത്തിച്ച സിറിയക്കാരനായ അബൂ മുസ്അബ് പറയുന്നത് മറ്റൊന്നാണ്.

"ശൈഖ് എന്ന സ്ഥാനപ്പേര് സ്വീകരിച്ചു. തലപ്പാവും ഒരു ഗൾഫ് മേലങ്കിയും (ബിശ്ത്) അണിഞ്ഞ് അബൂ ക്വതാദയോട് മത്സരിക്കാൻ തുടങ്ങി. എണ്ണമറ്റ ഫത്‌വകൾ കൊണ്ട് അദ്ദേഹം പ്രസിദ്ധനായി. മറ്റു പലരും ചെയ്ത പോലെ നിരർത്ഥകത ബോധ്യപ്പെടുത്താൻ ഞാൻ ചർച്ച നടത്തിയ, എന്നാൽ ഫലം കാണാതെ പോയ ഒരു ഫത്‌വ അവയിൽ പ്രസിദ്ധമാണ്. അതിന്റെ ഉള്ളടക്കം ഇപ്രകാരമാണ്.

"അല്ലാഹു അവതരിപ്പിച്ചത് കൊണ്ടല്ലാതെ വിധി നടത്തുന്ന മുസ്‌ലിം രാജ്യങ്ങളിലെ ജനങ്ങൾ മൂന്ന് വൃത്തങ്ങളിലാണുള്ളത്. സൈന്യം, പോലീസ് എന്നിവ പോലെ ഭരണ സംവിധാനങ്ങളിൽ പ്രവർത്തിക്കുന്നവർ കുഫ്റിന്റെ വൃത്തത്തിലാണ്. എന്നാൽ വിദ്യാഭ്യാസം, ആരോഗ്യം പോലെ മറ്റ് ഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ പാപത്തിന്റെ വൃത്തത്തിലാണ്. കാഫിർ രാഷ്ട്രത്തിൽ നിന്നും ശമ്പളം പറ്റുന്ന എല്ലാവരും ഇതിൽ ഉൾപ്പെടുന്നു. ജീവിത മാർഗ്ഗത്തിന് ഭരണകൂടവുമായി യാതൊരു ബന്ധവുമില്ലാത്ത ഇതിനപ്പുറത്തുള്ളവർ ഇസ്‌ലാമിന്റെ വൃത്തത്തിലാണ്. അവരുടെ ദീൻ സുരക്ഷയിലുമാണ്." ഇതാണ് ഫത്‌വയുടെ ഒരു ഭാഗം.

എന്നാൽ, അത്യാപത്ത് അതിന്റെ രണ്ടാം പകുതിയിലാണ്. അദ്ദേഹം തുടരുന്നു. "എന്നാൽ, ആ രാജ്യത്ത് ത്വാഗൂതീ ഭരണകൂടത്തോട് ജിഹാദ് നടത്തുന്ന ഒരു ഏകീകൃത സംഘം നിലവിൽ വന്നാൽ കുഫ്റിന്റെ വൃത്തം പാപത്തിന്റെ വൃത്തത്തോടൊപ്പം ഒന്നായി മാറുന്നു. പിന്നെ രണ്ട് വൃത്തമല്ലാതെ ഉണ്ടാവുകയില്ല. കുഫ്റിന്റെ വൃത്തവും ഈമാനിന്റെ വൃത്തവും."

തുടർന്ന് പറയുന്നു. "അൽ ജമാഅതുൽ ഇസ്‌ലാമിയ്യത്തുൽ മുസല്ലഹ (ഇസ്‌ലാമിക സായുധ സംഘം) എന്ന ഏകീകൃത സംഘം നിലവിൽ വന്നതോടു കൂടി അൾജീരിയയിൽ ഇത് സംഭവിച്ച് കഴിഞ്ഞിരിക്കുന്നു." (മുഖ്തസ്വറു ശഹാദതീ അലൽ ഔദാഇ ഫിൽ ജസാഇർ എന്ന അബൂ ബസ്വീർ അത്ത്വുർത്വൂശിയുടെ പുസ്തകം. പേജ് 71).

ഇതാണ് ക്വൗമിന്റെ പണ്ഡിതരിൽ ഒരാൾ. മതപരമായ തെളിവുകളിൽ നിന്ന് തന്റെ അമ്പുകുറ്റി ശൂന്യമായപ്പോൾ, കുഫ്റ് സ്ഥാപിക്കുന്നതിൽ ക്ഷേത്രഗണിത വൃത്തങ്ങളും ത്രികോണങ്ങളും ചതുരങ്ങളുമല്ലാതെ മറ്റൊന്നും അയാൾ കണ്ടില്ല. ഇവരുടെ ബുദ്ധികൾ ഇൽമിൽ നിന്ന് ശൂന്യവും ഹൃദയങ്ങൾ ഖവാരിജീ ചിന്തയിൽ നിറഞ്ഞ് തുളുമ്പുന്നതുമാണ്. ളവാഹിരി ഇയാളെക്കുറിച്ച് പണ്ഡിതൻ, ജിഹാദികളുടെ ഉസ്താദ് എന്നൊക്കെ പറയുമ്പോൾ, ഇയാളുടെ സുഹൃത്ത് ഇദ്ദേഹത്തെയുമായി ഗർത്തത്തിലേക്ക് ഇറങ്ങിയിരിക്കുന്നു. ഈ ഏറ്റക്കുറവ്, ഹദീഥ് റിപ്പോർട്ടർമാരെക്കുറിച്ച് ശീഈ റാഫിദികളുടെ നിരൂപണത്തെയാണ് നമ്മെ ഓർമ്മപ്പെടുത്തുന്നത്. അവരിൽ ഒരാൾ ആകാശത്തിലേക്ക് എത്തുന്നത് വരെ പ്രശംസിക്കപ്പെടുന്നത് നിനക്ക് കാണാം. അതോടൊപ്പം മറ്റൊരു നിരൂപകൻ അതേ റിപ്പോർട്ടറെ നിരീശ്വരത്വം ആരോപിക്കുന്നതും നിനക്ക് കാണാം.

* അബൂ ക്വതാദ അൽ ഫലസ്തീനിയെക്കുറിച്ച് ളവാഹിരി പറയുന്നത് ഇപ്രകാരമാണ്. "ഉയർന്ന് നിൽക്കുന്ന നേതാക്കൻമാരിലും വിജ്ഞാനകോശ തുല്യ പണ്ഡിതൻമാരിലും ഹക്കിൽ അടിയുറച്ച ചൂണ്ടുപലകകളിലും പെട്ടവർ. പരീക്ഷണങ്ങൾ അദ്ദേഹത്തെ കുലുക്കിയില്ല. കൊടുങ്കാറ്റുകൾ അദ്ദേഹത്തെ കടപുഴക്കിയില്ല. ഹിജ്റ പോയി, കാവൽ ഭടനായി, രചന നടത്തി, പ്രസംഗിച്ചു." (ളവാഹിരിയുമായി സഹാബ് നെറ്റ് നടത്തിയ അഭിമുഖം. പേജ് 45-48). ഇവരുടെ ഈ പണ്ഡിതൻ ലണ്ടനിലെ കശാപ്പുകാരനാണ്. മറ്റാരും ചരിത്രത്തിൽ ഇയാളെ മറി കടന്നിട്ടില്ലാത്ത മൂന്ന് പ്രസിദ്ധ ഫത്‌വകളുടെ ഉടമയുമാണ്.

'മൻഹജുൽ ജമാഅതിൽ ഇസ്‌ലാമിയ്യ ഫിൽ ജസാഇർ' (അൾജീരിയയിലെ ജമാഅതെ ഇസ്‌ലാമിയുട മൻഹജ്) എന്ന പുസ്തകം പുറത്ത് വന്നപ്പോൾ അതിനെ വാഴ്ത്തിക്കൊണ്ട് ഇദ്ദേഹം പറഞ്ഞു. "നൻമയുടെയും മാർഗ്ഗദർശനത്തിന്റെയും കുന്തങ്ങൾ ദിനം തോറും അതിന്റെ ഉയരം വർദ്ധിക്കുകയും അതിന്റെ കമ്പുകൾ ബലപ്പെടുകയും ചെയ്യുന്നു. ഇതാ, 'ഇസ്‌ലാമിക സായുധ സംഘം' അതിന്റെ മൻഹജ് ജനങ്ങൾക്കായി പ്രസിദ്ധീകരിക്കുന്നു. സൻമാർഗത്തിന്റെ സംഘങ്ങളിൽ പെട്ട അതിന്റെ സഹോദര സംഘങ്ങളുടെ ശ്വാസോച്ഛ്വാസത്തിന്റെ മാതൃകയിലുള്ള ശ്വാസോച്ഛ്വാസമാണ് ആ മൻഹജ്. അപ്പോൾ ആ സംഘം സലഫീ രീതിശാസ്ത്രവും ഗ്രഹണവും ചലനവും സ്വഭാവവുമുള്ള ഒരു സംഘമാണ്. പിഴച്ച ചിന്തക്ക് അത് ഒരു വിലയും കൽപ്പിക്കുകയില്ല. ജീർണ്ണിച്ച ആസ്വാദനത്തിന് അത് തലയുയർത്തുകയില്ല. സച്ചരിതരായ പൂർവ്വീകരുടെ വ്യവസ്ഥകളും ഗ്രഹണവുമനുസരിച്ചല്ലാതെ അത് പെരുമാറുകയില്ല." (മക്വാലാതുൻ ബൈന മൻഹജൈനി. നമ്പർ 85).

എന്നാൽ, അദ്ദേഹത്തിന്റെ സുഹൃത്തായ അബൂ മുസ്അബ് അസ്സൂരി ഇതേ പുസ്തകത്തെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്. "വിവരക്കേടിന്റെ വിവിധ കലകളെയും ഭീകരവാദത്തിന്റെ ഇനങ്ങളെയും ത

ക്ഫീറിനെയും കുറ്റകൃത്യത്തിന്റെ അടിസ്ഥാന നിയമങ്ങളെയും നിരപരാധികളെ കൊല്ലുന്നതിനെയും ഈ പുസ്തകം വഹിക്കുന്നു....ഒരു സഹോദരൻ ഈ പുസ്തകത്തെക്കുറിച്ച് അനുബന്ധമായി പറഞ്ഞത് "മുഹമ്മദിന്റെ സമുദായമേ! നിങ്ങളുടെ അടുത്തേക്ക് ഞാൻ അറവുമായി വന്നിരിക്കുന്നു" എന്ന് ഇതിന്റെ ആദ്യത്തിൽ രേഖപ്പെടുത്തൽ കുറഞ്ഞ് പോയിട്ടുണ്ട്" എന്നാണ്. (ശഹാദതീ അലൻ ഔദാഇ ഫിൽ ജസാഇർ. പേജ് 48).

രണ്ട് പേരുടെ വാക്കുകൾക്കും ഇടയിലുള്ള അന്തരം നീ കാണുക. അതോടൊപ്പം ളവാഹിരി തന്നെ അതേ അഭിമുഖത്തിൽ ഈ അബൂ മുസ്അബിനെ പരിശുദ്ധനാക്കുകയും പണ്ഡിതൻമാരിൽ എണ്ണുകയും ചെയ്തിരിക്കുന്നു. ഒരാൾ തക്ഫീറിലും രക്തം അനുവദനീയമാക്കുന്നതിലും മുഴുകുമ്പോൾ, അയാൾ ഉയരുകയും പ്രശസ്തനാവുകയും ആലിമുൽ അല്ലാമയാവുകയും ചെയ്യുമെന്ന തുടക്കത്തിൽ പറഞ്ഞ കാര്യം ബലപ്പെടുത്താനാണ് ഈ താരതമ്യം ഞാൻ കൊണ്ട് വന്നത്. ഈ അബൂ മുസ്അബ് ഇവരുടെ ചരിത്രകാരനാണ്. ഇവരുടെ ഫത്വകളോട് അടുത്ത ഫത്വയും ഇദ്ദേഹത്തിനുണ്ട്. ഇയാളുടെ എതിർപ്പ് ഇദ്ദേഹം അവരിൽ നിന്ന് അകന്നവനാണെന്ന് അർത്ഥമാക്കുന്നില്ല. അനുയായികൾക്ക് കളവ് നടത്തലും മോഷണവും ഇയാൾ ഹലാലാക്കിക്കൊടുത്തിട്ടുണ്ട്. ഇസ്ലാമിക സൈന്യങ്ങളെ കാഫിറാക്കിയിട്ടുമുണ്ട്.

9) തങ്ങളുടെ ബാത്വിൽ നടപ്പിലാക്കാനും ഹറൂറിയൻ മൻഹജ് പ്രചരിപ്പിക്കാനും വേണ്ടി കളവ് ഉപയോഗപ്പെടുത്തൽ. ഈ സ്വഭാവത്തിൽ പേരക്കുട്ടികൾ പിതാമഹാൻമാരോട് എതിരായിരിക്കുന്നു. ഇവരുടെ പൂർവ്വികർ ശൈലിയുടെ സത്യസന്ധത കൊണ്ട് പ്രസിദ്ധരായിരുന്നു. ഐമൻ അള്ളവാഹിരി പറയുന്നു. "ഇന്ന് അമേരിക്കയും ആലു സുഊദിൽ നിന്നുള്ള അതിന്റെ പെൺകുട്ടിയും മുസ്ലിം ഉമ്മത്തിനും ഹജ്ജിന്റെ സ്ഥലങ്ങൾക്കുമിടയിൽ തടസ്സമായി നിൽക്കുന്നു. അമേരിക്കയെ തടയാത്തവന് ആലു സുഊദ് എംബസികൾ ഹജ്ജിന് അനുവദിക്കുകയും ഇസ്റാഈലിനെ തൃപ്തിപ്പെടാത്തവനെ തടയുകയും ചെയ്യുന്നു. തങ്ങളുടെ നേതാക്കൻമാരുടെ കൽപ്പനകൾ നടപ്പിലാക്കിക്കൊണ്ട് അല്ലാഹുവിന്റെ ബൈതുൽ ഹറാമിന് വേണ്ടി പോരാടുന്ന, ഇന്ന് ജസീറതുൽ അറബിന്റെ ഭൂമിയിൽ അധിനിവേഷം നടത്തിയ മില്ല്യൺ കണക്കിന് പോരാളികൾക്ക് മുമ്പിൽ എംബസികൾ തടയിടുന്നു. ഖൈബറിൽ നിന്ന് നബി(സ) ആട്ടിയോടിച്ച തെൽ അബീബിലെ തങ്ങളുടെ പങ്കാളികളെ തൃപ്തിപ്പെടുത്തലാണ് ഇത്." (അൽ മുജാഹിദൂൻ മാഗസിൻ. ഒന്നാം വർഷം ലക്കം 17 പേജ് 9).

മേൽ പറയപ്പെട്ടവനെപ്പോലെ അഹങ്കാരിയായ മറ്റൊരു കള്ളനെ നിങ്ങൾ കണ്ടിട്ടുണ്ടോ? കൃസത്യാനികളും ജൂതരും ഹജ്ജ്, ഉംറ പ്രശ്നങ്ങളിൽ ഇടപെടാറുണ്ടോ?

ഇത്തരം നുണപ്രചാരണത്തിൽ പെട്ടതാണ്, ഭരണകൂടത്തിനെതിരിൽ പുറപ്പെടാൻ അൾജീരിയയിലെ ഖവാരിജുകൾക്ക് ശൈഖ് ഇബ്നുബാസ് ഫത്വ നൽകി എന്ന് ശൈഖിന്റെ പേരിൽ ഇവർ ആരോപിച്ചത്. ശൈഖ് ഇബ്നുബാസിനോട് ചോദിക്കപ്പെട്ടു. "അൾജീരിയയിലെ ജമാഅതെ ഇസ്ലാമി പറയുന്നു. ആയുധമേന്തുക, പോലീസിനെ തട്ടിക്കൊണ്ട് പോവുക, തുടങ്ങിയ അവർ ചെയ്യുന്ന പ്രവർത്തനങ്ങളെ നിങ്ങൾ ബലപ്പെടുത്തിയിട്ടുണ്ട് എന്ന്. ഇത് ശരിയാണോ?"

മറുപടി: "അൾജീരിയയിലെ ഏതെങ്കിലും ഒരു ദാഇ എന്നെക്കുറിച്ച് അങ്ങനെ പറഞ്ഞാൽ, അത് ശരിയല്ല. മാത്രമല്ല, അവൻ കളവ് പറയുന്നവനാണ്." (മക്കയിലെ തൗഇയ ഇസ്ലാമിയ്യയുടെ ഓഡിയോ സിഡി യിൽ നിന്ന്).

10 അഹ്ലുൽ ഖിബ്ലക്കിടയിൽ തട്ടിക്കൊണ്ട് പോകൽ സുന്നത്തിനെ ജീവിപ്പിക്കുന്നതിലേക്കുള്ള ക്ഷണം. അത് അവഗണിക്കപ്പെട്ട് പോയ സുന്നതുകളിൽ പെട്ടതാണത്രെ.

تحريض المجاهدين على إحياء سنة الإغتيال

(തട്ടിക്കൊണ്ട് പോകൽ സുന്നതിനെ ജീവിപ്പിക്കാൻ മുജാഹിദകളെ പ്രേരിപ്പിക്കൽ) എന്നത് ഈ വിഷയത്തിൽ എഴുതപ്പെട്ട രിസാലകളിൽ ഒന്നാണ് الباحث في حكم قتل رجال المَباحث (അന്വേഷണ ഉദ്യോഗസ്ഥൻമാരെ കൊല്ലുന്നതിന്റെ വിധിയെക്കുറിച്ച ഗവേഷകൻ) എന്ന പുസ്തകവും പുറത്ത് വന്നു. രണ്ടും ഫാരിസ് അസ്സഹ്റാനിയുടേതാണ്. ഈ വിഷയത്തിൽ സയ്യിദ് ഫദ്ലും രചന നടത്തുകയുണ്ടായി. ഈ തത്വങ്ങളുടെ അടിസ്ഥാനത്തിൽ സുഊദിയിലടക്കം മുസ്ലിം നാടുകളിൽ ആധുനിക ഖവാരിജുകൾ സുന്നത് ജീവിപ്പിക്കാനും പ്രതിഫലം ലഭിക്കാനുമായി അഹ്ലുൽ ഖിബ്ലയിൽ പെട്ട ചിലരെ തട്ടിക്കൊണ്ട് പോവുകയും ചിലതിൽ വിജയിക്കുകയും ചെയ്തു.

ആകാശ ഭൂമികളെ സൃഷ്ടിച്ച ദിവസം തന്നെ അല്ലാഹു പവിത്രമാക്കിയ പവിത്ര സ്ഥലമായ മക്കയിൽ വെച്ച് ഹിജ്റ 1426 ൽ സ്വന്തം മക്കൾക്ക് മുമ്പിൽ വെച്ച് വളരെ വൃത്തികെട്ട രീതിയിൽ മേജർ മുബാറക് സവ്വാത്വിനെ കൊല ചെയ്യാൻ ഖവാരിജുകൾക്ക് സാധിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ 48 മണിക്കൂറിനുള്ളിൽ കുറ്റവാളികൾ പിടിക്കപ്പെട്ടു. അതിൽ ഒരാൾ ആഭ്യന്തര വകുപ്പിന്റെ വിവരണമനുസരിച്ച് മുമ്പ് കുറ്റകൃത്യറങ്ങൾ ചെയ്ത ആളും അടുത്ത കാലത്ത് നന്നായവനുമാണ്. സ്വർഗത്തിന്റെയും പാപങ്ങളിൽ നിന്നുള്ള രക്ഷയുടെയും വഴി മഅ്സ്വൂമായ വ്യക്തിയെ കൊല്ലലാണെന്ന് ഹറൂറിയൻ സൈദ്ധാന്തികർ അയാൾക്ക് ചിത്രീകരിച്ച് കൊടുത്തു.

ഇതേപോലെ ബുറൈദയിൽ വെച്ച് വൃത്തികെട്ട രീതിയിൽ പൂർണമായും തല ഉടലിൽ നിന്ന് വേർപ്പെടുത്തപ്പെട്ട നിലയിൽ ബ്രിഗേഡിയർ ജനറൽ നാസിർ അൽ ഉഥ്മാനെയും ഹിജ്റ 1428 ൽ ഇവർ വധിക്കുകയുണ്ടായി. തൗഹീദിന്റെ രാജ്യത്തെ ചെറുപ്പക്കാരിൽ കുറേ പേർ, അഹ്ലുൽ ഖിബ്ല മതത്തിൽ നി

ന്ന് പുറത്ത് പോയിരിക്കുന്നു എന്നും അവരെ അറവ് നടത്തി അല്ലാഹുവിലേക്ക് അടുക്കണമെന്നും വിശ്വസിക്കുന്ന ഹറൂറിയൻ ചിന്തയിൽ സംതൃപ്തരായിട്ടുണ്ടെന്നതിനെ ഇതുപോലെയുള്ള സംഭവങ്ങൾ ബലപ്പെടുത്തുന്നു.

'കഅ്ബുബ്നു അശ്റഫിന് വേണ്ടി ആരുണ്ട്?' എന്ന് നബി(ﷺ) ചോദിച്ച ഹദീഥാണ് ഇവർ ഇതിന് തെളിവാക്കുന്നത്. ഹാരിസ് സഹ്റാനി തന്റെ പുസ്തകത്തിന് മുഖവുര കുറിച്ചത് ഈ ഹദീഥ് കൊണ്ടാണ്. എന്നാൽ, ബുഖാരി ഈ ഹദീഥിന് അധ്യായം കൊടുത്തത് باب القتل بأهل الحرب (ശത്രുക്കളെ ഓർക്കാപ്പുറത്ത് കൊലപ്പെടുത്തുന്നതിനെ സംബന്ധിച്ച അധ്യായം) എന്നാണ്. ഇവരാകട്ടെ, സച്ചരിതരായ സലഫുകളുടെ ഗ്രന്ഥങ്ങളിൽ നിന്ന് വിരക്തി കാണിക്കുകയും പകരം ദുർവൃത്തരായ പിൻമുറക്കാരുടെ ചിന്താപുസ്തകങ്ങൾ സ്വീകരിക്കുകയും ചെയ്തു. സയ്യിദ് ക്വുത്ബിന്റെ 'വഴിയടയാളങ്ങൾ', മൗദൂദിയുടെ 'നാല് സാങ്കേതിക ശബ്ദങ്ങൾ', സുഊദീ അറേബ്യയെ കാഫിറാക്കുന്ന 'അൽ കവാശിഫുൽ ജലിയ്യ' എന്ന ബർക്വാവിയുടെ പുസ്തകം പോലുള്ള തക്ഫീരീ ചിന്താപുസ്തകങ്ങൾ.

ഇസ്‌ലാമിക ശരീഅതിന്റെ വിവിധ വിഷയങ്ങളെക്കുറിച്ച് പതിനഞ്ച് നൂറ്റാണ്ടിനിടയിൽ പണ്ഡിതൻമാർ നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവരാരും ഇവർ വാദിക്കുന്ന ഈ 'സുന്നതി'നെക്കുറിച്ച് പറഞ്ഞിട്ടില്ല. തങ്ങളുടെ പൂർവ്വികരുടെ 'സുന്നതിനെ' ജീവിപ്പിക്കാനായി പവിത്ര രക്തം ചിന്തിക്കൊണ്ട് ദുൽഖുവൈസിറയുടെ പേരക്കുട്ടികൾ വന്നെത്തുന്നത് വരെ.

സെക്യൂരിറ്റി ഉദ്യോഗസ്ഥരെയും അന്വേഷണ ഏജൻസികളെയും അവർ മുർതദ്ദുകളാണെന്ന വാദത്തിന്റെ അടിസ്ഥാനത്തിൽ കൊല ചെയ്യുന്നതിനെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ ശൈഖ് സ്വാലിഹ് അൽ ഫൗസാൻ ഇപ്രകാരം മറുപടി നൽകി. "ഇത് ഖവാരിജുകളുടെ മാർഗമാണ്. അവർ അബൂബക്ർ, ഉമർ, ഉഥ്മാൻ എന്നിവർ കഴിഞ്ഞാൽ സ്വഹാബികളിൽ ശ്രേഷ്ഠനായ അലിയ്യുബ്നു അബീത്വാലിബിനെ മുമ്പ് അവർ വധിച്ചിട്ടുണ്ട്. അലി(ﷺ)വിനെ കൊന്നവൻ സുരക്ഷാ ഉദ്യോഗസ്ഥരെ വധിക്കാതിരിക്കുമോ? ഇതാണ് ഖവാരിജുകളുടെ മാർഗം. അവർക്ക് ഫത്‌വനൽകിയവനും അവരെ പോലെ തന്നെയാണ്. അല്ലാഹുവിനോട് നാം ആഫിയതിനെ തേടുന്നു." (അൽഫതാവാ അശ്ശറഇയ്യ. പേജ്: 96)

അവരുടെ മറ്റൊരു ശ്രമം, സുഊദി കിരീടാവകാശിയും ഉപപ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയുമായിരുന്ന മുഹമ്മദ് ബ്നു നായിഫ് ബ്നു അബ്ദിൽ അസീസിനെ തട്ടിക്കൊണ്ട്പോകാനായിരുന്നു. ഇതിൽ ചില പാഠങ്ങളുണ്ട്. ഈ കുറ്റവാളി മതവിരുദ്ധമായ ചില കുറ്റകൃത്യങ്ങൾ ചെയ്തിട്ടുണ്ട്. സുരക്ഷാ വിദഗ്ദ്ധർ വ്യക്തമാക്കിയത് പോലെ ഇവർ സ്ഫോടന വസ്തുക്കൾ ഒളിപ്പിച്ചുവെച്ചത് തന്റെ ശരീരത്തിലെ സ്വകാര്യഭാഗത്താണ്. സൽസ്വഭാവത്തിനും മനുഷ്യത്വത്തിനും നാട്ടുമര്യാദക്കും ശരീഅത്തിനും എതിരായതാണിത്. ഒരു കാലത്തും അത്തരം സ്ഥലങ്ങൾ സ്വർഗത്തിലേക്കുള്ള വഴിയായിട്ടില്ല. ആധുനിക ഖവാരിജുകൾ പുതുതായി കണ്ടെത്തിയതാണ്. നബി(ﷺ) പറഞ്ഞു: "എല്ലാ വഞ്ചകന്നും ക്വിയാമത് നാളിൽ ഒരു കൊടി നാട്ടപ്പെടും." (ബുഖാരി: 3015) മറ്റൊരു റിപ്പോർട്ടിൽ "അവന്റെ ഗുദത്തിനടുത്ത്" (മുസ്‌ലിം: 1735) എന്നാണുള്ളത്. അമീർ മുഹമ്മദുബ്നു നായിഫ് അല്ലാഹുവിന്റെ തൗഫീക്വ് കൊണ്ട് രക്ഷപ്പെട്ടു. നബി(ﷺ) പറഞ്ഞത് സത്യം "നന്മയുടെ പ്രവർത്തനങ്ങൾ തിന്മയുടെ പതനസ്ഥാനങ്ങളെ തടുക്കും." (ത്വബറാനി: 8014) അമീറിന്റെ കരങ്ങൾ ശുഭ്രമാണെന്ന് പൊതുജനത്തിനും പ്രത്യേകക്കാർക്കും സുപരിചിതമാണ്. ഈ കുറ്റവാളി അമീറിന്റെ അടുക്കൽ വെച്ചാണ് പൊട്ടിത്തെറിച്ചത് എങ്കിലും ചെറിയ പോറൽ മാത്രം ഏറ്റ് അമീർ രക്ഷപ്പെടുകയും ഈ ഖവാരിജി കഷ്ണം കഷ്ണമായി വേർപെടുകയും ചെയ്തു.

11) ഇവരുടെ തക്ഫീരി ക്വാഇദ (നിയമം/അടിസ്ഥാനം) ഒരേരീതിയിൽ പ്രാവർത്തികമാകാതിരിക്കൽ. ഒരേ അടിസ്ഥാനങ്ങളുപയോഗിച്ചു തന്നെ അവരുദ്ദേശിക്കുന്നവരെ കാഫിറാക്കുകയും മറ്റു ചിലരെ കാഫിറാക്കാതെ വിടുകയും ചെയ്തു. രണ്ടിലും കാരണം ഒന്നായിരുന്നിട്ടും. മതം പരസ്പര തുല്യമായ രണ്ടെണ്ണത്തെ വേർപിരിക്കുകയോ പരസ്പര വിരുദ്ധമായതിനെ ഒരുമിപ്പിക്കുകയോ ഇല്ല.

ഐക്യരാഷ്ട്രസഭയിൽ അംഗത്വമെടുത്തു എന്ന കാരണത്താൽ ഇസ്‌ലാമിക രാഷ്ട്രങ്ങളെ ഒന്നടങ്കം ഇവർ കാഫിറാക്കി. തങ്ങൾക്ക് നിർഭയ സങ്കേതങ്ങൾ ഒരുക്കുന്ന ത്വാലിബാൻ രാഷ്ട്രത്തിന്റെ കാര്യമെത്തിയപ്പോൾ അവർ വ്യാഖ്യാനിച്ചു. അബൂമുസ്അബുസ്സൂസൂരി പറയുന്നു: "തീർച്ചയായും ത്വാലിബാൻ, ഇക്കാര്യത്തിന് വേണ്ടിയുള്ള അവരുടെ പരിശ്രമത്തിൽ ഒഴിവുകഴിവുള്ളവരാണ്. ആ രണ്ട് ന്യായമായ കാരണങ്ങൾ അറിവില്ലായ്മയും ആവശ്യവുമാണ്. നേർക്കുനേരെ ബന്ധപ്പെട്ടുകൊണ്ടും നസ്വീഹത്ത് കൊണ്ടും ബോധവൽക്കരണം കൊണ്ടും അവരുടെ അറിവില്ലായ്മ നീക്കൽ നമ്മുടെയും നമ്മോടൊപ്പമുള്ള മുസ്‌ലിംകളുടെയും ബാധ്യതയാണ്. ശരിയായ സഹായം കൊണ്ട് സാധ്യമായത്ര അവരുടെ ആവശ്യങ്ങൾ പരിഹരിക്കലും." (അഫ്ഗാനിസ്ഥാൻ വ ത്വാലിബാൻ. പേജ്: 83).

അതേസമയം ഇവർ പാർലമെന്റ് മെമ്പർമാരെയും ജനാതിപത്യ സമിതിയുടെ ആളുകളെയും വ്യക്തിപരമായി തന്നെ കാഫിറാക്കി. അബ്ബാസീ മദനി, അലിബെൻഹാജ് എന്നിവരുടെ അൾജീരിയൻ പാർലമെന്റ് പ്രവേശനത്തെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ-ഇവർ രണ്ടുപേരാണ് അൾജീരിയയിൽ ആയുധമണിഞ്ഞ ഫിത്നയെ കത്തിജ്ജ്വലിപ്പിച്ചത്-അബൂമുഹമ്മദ് അൽ മക്വ്ദിസി അവർക്കുവേണ്ടി ദുർവ്യാഖ്യാനിച്ച് ഇപ്രകാരം പറഞ്ഞു: "പാർലമെന്റ് സ്ഥാനാർത്ഥിയുടെ പാർട്ടി ഭൂരിപക്ഷത്തോടെ വിജയിക്കുകയാണെ

ങ്കിൽ പ്രസിഡന്റ് പദം ഏറ്റെടുക്കുകയും സർക്കാരിനെ പിരിച്ചുവിടുകയും പുതിയ ഭരണഘടന താൻ ക്ഷണിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന അടിസ്ഥാന തത്വങ്ങൾക്ക് അനുസരിച്ച് നിർമിക്കുമെന്നും എനിക്ക് വിവരം ലഭിച്ചിട്ടുണ്ട്. ഈ സഹോദരങ്ങൾ പറഞ്ഞതുപോലെയാണ് കാര്യമെങ്കിൽ പാർലമെന്റ് അംഗങ്ങളെ കാഫിറാക്കാവുന്ന കാരണങ്ങളിൽ നിന്ന് ഒന്നും ഈ രണ്ട് ശൈഖുമാരുടെയോ ആ തെരഞ്ഞെടുപ്പുകളിൽ അവരുടെ മാർഗം സ്വീകരിച്ചവരുടെയോ മേൽ അല്ലാഹുവിന്റെ നിയമമനുസരിച്ച് ഭരണം നടത്താനും വ്യവസ്ഥിത മാറ്റത്തിനും പരിശ്രമിക്കുമെന്ന് അവർ പ്രഖ്യാപിക്കുന്ന കാലത്തോളം യോജിക്കുന്നതായി ഞാൻ കാണുന്നില്ല." (ഫതാവാ വ റുദൂദ്. മക്ദിസിയുടെ സൈറ്റിൽ നിന്ന്)

ഇസ്‌ലാമിക ലോകത്തെ അധിക സംഘങ്ങളുടെയും വ്യക്തികളുടെയും കാരണം ഇതുതന്നെയാണ്. നന്മയുടെ ആളുകളുടെ സംഘത്തെ വർദ്ധിപ്പിക്കാനും തിന്മയെ കുറക്കുവാനും സാധിക്കുമെങ്കിൽ ഭരണഘടന മാറ്റത്തിന് ശ്രമിക്കാനുമാണ് അവരിൽ ചിലർ ഉദ്ദേശിക്കുന്നത്. പിന്നെ എന്തുകൊണ്ടാണ് ഈ രണ്ടുപേർക്ക് ഉദ്ർ നൽകുകയും ഇസ്‌ലാമിക ലോകത്തെ മുഴുവൻ പാർലമെന്റ് മെമ്പർമാരെയും ഇദ്ദേഹവും കൂട്ടുകാരും കാഫിറാക്കുകയും ചെയ്യുന്നത്?

12) അജ്ഞതയുടെ അനന്തരഫലങ്ങൾ പ്രകടമാകൽ: ഇവരുടെ ലഘു കൃതികളും പുസ്തകങ്ങളും പരിശോധിച്ചാൽ, അവരിൽ ചിലർ വാചകസൗന്ദര്യം കൊണ്ട് മേന്മ നേടാൻ ശ്രമിക്കുന്നുണ്ടെങ്കിലും സൃഷ്ടികളിൽ വെച്ച് ഏറ്റവും ജാഹിലുകളാണിവരെന്ന് വ്യക്തമാകും. പാർപ്പിട സമുച്ചയങ്ങളിലെ അഹ്‌ലുൽ ഖിബ്‌ലയിൽ പെട്ട പാറാവുകാരെയും തൊഴിലാളികളെയും വധിക്കൽ അനുവദനീയമാണെന്നതിന് ഇവരിലൊരാൾ തെളിവുപിടിച്ചത് 'മുശ്‌രിക്കുകൾക്കിടയിൽ താമസിക്കുന്നവരിൽ നിന്ന് ഞാൻ മുക്കതനാണെ'ന്ന ഹദീഥ് കൊണ്ടാണ്. മുശ്‌രിക്കുകളുടെ താമസസ്ഥലങ്ങളിൽ അവർക്കടുത്ത് താമസിക്കുന്നവർക്കെതിരെയാണ് ഈ ഹദീഥ് മുഴുവനായും സൂചന നൽകുന്നത്. ഇസ്‌ലാമിന്റെ നാട്ടിൽ മുശ്‌രിക്കുകൾക്കടുത്ത് താമസിക്കുന്നവർക്കെതിരിൽ അടുത്തോ അകന്നോ ആയ യാതൊരു സൂചനയും ഇല്ല. ഈ പാർപ്പിട സമുച്ചയങ്ങളാകട്ടെ ഇസ്‌ലാമിക രാജ്യത്താണ്. താമസക്കാർ അഹ്‌ലുദ്ദിമ്മഃ (സംരക്ഷിക്കപ്പെട്ടവർ)യിൽ പെട്ടവരും!

"മുശ്‌രിക്കുകൾക്കിടയിൽ താമസിക്കുന്ന എല്ലാ മുസ്‌ലിമിൽ നിന്നും ഞാൻ ഒഴിവാണ്." (അബൂദാവൂദ്, തിർമിദി, അസ്സ്വഹീഹ) എന്ന ഹദീഥിനെ കുറിച്ച് ഇബ്നു ഹസ്മ് പറഞ്ഞത് "ശത്രു രാജ്യമാണ് അതു കൊണ്ടുദ്ദേശിക്കുന്നത്" എന്നാണ്. (അൽ മുഹല്ല. 11/200)

ഭരണാധികാരിക്കെതിരിൽ പുറപ്പെടലും അവരെ അനുസരിക്കാതിരിക്കലും അനുവദനീയമാണെന്നതിന് മറ്റൊരാൾ തെളിവു പിടിച്ചത് മഅ്മൂമിന് ഇമാമിനോടെതിരാവൽ നിയമവിധേയമാണ് എന്നതിനെ തെളിവാക്കിക്കൊണ്ടാണ്. ഇവരുടെ സൈദ്ധാന്തികരിൽ ഒരാളായ ഹാമിദ് അബ്ദുല്ല അൽ അലിയ്യ് പറയുന്നു: "നമസ്കാരം മത നിയമത്തിലുള്ളത് പോലെ നിർവ്വഹിക്കുന്നതുമായി ബന്ധിപ്പിക്കപ്പെട്ടവനാണ് ഇമാം. അത് മറികടക്കാൻ അയാൾക്ക് അനുവാദമില്ല. രാഷ്ട്രീയ വ്യവസ്ഥയിലെ ഇമാമും അതുപോലെയാണ്. ശരീഅത്ത് അനുസരിച്ച് തന്റെ ഉത്തരവാദിത്തങ്ങൾ കൈകാര്യം ചെയ്യുന്നതുമായി അയാൾ ബന്ധിക്കപ്പെട്ടിരിക്കുന്നു. അത് മറികടക്കാൻ അയാൾക്ക് അനുവാദമില്ല. നമസ്കാരത്തിൽ ഇമാമിന് വല്ല പിഴവും സംഭവിച്ചാൽ രഹസ്യമായല്ല പരസ്യമായി തന്നെ അടുത്തുള്ളവർ ഇമാമിനെ ഉണർത്തേണ്ടതുണ്ട്. അതുപോലെയാണ് രാഷ്ട്രീയ വ്യവസ്ഥയിലും പിഴവ് പറ്റിയാൽ ഉണർത്താനായി ഭരണാധികാരിക്ക് പിന്നിൽ കൈകാര്യകർത്താക്കളെ നിർത്തേണ്ടതുണ്ട്. നമസ്കാരം ബാത്വിലാക്കുന്ന വല്ല കാര്യവും ഇമാം മനഃപൂർവ്വം ചെയ്താൽ നമസ്കരിക്കുന്നവർ ഇമാമിനെ വിട്ട് പിരിയണം. കാരണം അവന്റെ നമസ്കാരം ബാത്വിലായിരിക്കുന്നു. ഭരണാധികാരി ശരീഅത്തിനെ ദുർബ്ബലമാക്കിയാൽ രാഷ്ട്രീയ വ്യവസ്ഥിതിയും അതുപോലെ തന്നെയാണ്." (ഹാമിദ് അൽ അലിയുടെ 'അൽ ഹിസ്ബതുൽഹാകിം, വസാഇലുഹാ വ മശ്റൂഈയ്യതുഹാ'. പേജ്: 15).

ഇത് ഏറ്റവും നിരർത്ഥകമായ ഖിയാസാണ്. മുസ്‌ലിം ഭരണാധികാരിക്കെതിരെ രംഗത്ത്‌വരുന്നതിനെ വിലക്കുന്ന വ്യക്തവും സ്പഷ്ടവുമായ ഖണ്ഡിതമായ തെളിവുകളെ ഉപേക്ഷിച്ച് സാങ്കൽപിക പ്രശ്നത്തോട് ഖിയാസാക്കുകയും ചെയ്യുന്നു!!

13) നിർണിത ചരിത്ര സംഭവങ്ങളെയും വിധികളെയും വർത്തമാന കാലത്തിന്ന് ബാധകമാക്കുക. നേരത്തെ രണ്ടാം ഘട്ടത്തിൽ നാം സൂചിപ്പിച്ച പോലെ 'അൽ ഫരീദതുൽ ഗാഇബ'യുടെ രചയിതാവാണ് ഈ തത്വം ആദ്യം ആവിഷ്കരിച്ചത്. താർത്താരികളുടെ കുഫ്റിനെയും അവരോട് യുദ്ധംചെയ്യേണ്ടതിന്റെ അനിവാര്യതയെയും സംബന്ധിച്ച് അക്കാലത്തെ പണ്ഡിതർ നൽകിയ ഫത്‌വകൾ ആധുനിക അറബ് ഭരണാധികാരികൾക്കെതിരിൽ ഉപയോഗിച്ച് താർത്താരികളും അവരുടെ സൈന്യവും മുസൈലിമതുൽ കദ്ദാബും ഇവരേക്കാൾ മെച്ചപ്പെട്ടവരും ഇസ്‌ലാമിനോട് അടുത്തവരുമാണെന്ന് വാദിക്കാൻ. മുസൈലിമ ഇസ്‌ലാമിനോട് ഏറ്റവും അടുത്തവനാണെന്ന് പറയുന്നവന്റെ തലയിൽ നിന്ന് എന്താണ് പുറത്തുവരുന്നതെന്ന് അവനറിയില്ല. അവനു പറ്റിയ സ്ഥലം മാനസിക രോഗ ആശുപത്രിയാണ്. നമുക്കല്ലാഹുവിനോട് ആഫിയത് തേടാം.

മുർതദ്ദുകളോട് സ്വഹാബത് യുദ്ധം ചെയ്തതും താർത്താരികളുടെ സംഭവവും മുസ്‌ലിം ഉമ്മതിനെയും അതിന്റെ സൈന്യത്തെയും കാഫിറാക്കുന്നതിൽ ഇവർ അംഗീകരിച്ചുള്ള ഏകകണ്ഠമായ തത്വമാണെന്ന് കാണാം. സുഊദ് അറേബ്യക്കാരനായ അബ്ദുല്ല അർറശൂദ്, 'താർത്താരികളും ആലുസുഊദും' എന്ന തലക്കെട്ടിൽ ഒരു രിസാല രചിക്കുക വരെയുണ്ടായി.

അവന്റെ വാക്കുകളിൽ ചിലത്: "ആലു സഊദ് ഭരണകൂടം മുർതദ്ദാണെന്നും, അബൂബക്ർ(റ)വും നബിയുടെ സ്വഹാബതും വ്യക്തിബാധ്യത എന്ന നിലയിൽ അവരുടെ കാലത്തെ മുർതദ്ദുകളോട് സ്വീകരിച്ച മാർഗം സ്വീകരിക്കൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവന്റെ മേൽ നിർബന്ധമാണെന്നുള്ളതിൽ അല്ലാഹുവിന്റെ ശിക്ഷാവിധികളെ കുറിച്ച് അറിവുള്ള നീതിബോധമുള്ള ഒരാൾക്കും ശങ്കയുണ്ടാവുകയില്ല. അല്ലാഹു ഇവരിൽ നിന്ന് ജസീറതുൽ അറബിനെ ശുദ്ധീകരിക്കുകയും മതം മുഴുവൻ അല്ലാഹുവിന്നായിത്തീരുകയും ചെയ്യുന്നതുവരെ അത് തുടരട്ടെ." (അത്തത്താറു വ ആലു സുഊദ്. പേജ്: 12)

വീണ്ടും എഴുതുന്നു: "എന്നാൽ ആലു സുഊദിലെ ത്വാഗൂതുകൾ, അബൂബക്ർ(റ) കാലത്തെ മുർതദ്ദുകൾ ചെയ്തതിനോട് ഒരിക്കലും തുലനം ചെയ്യാൻ പറ്റാത്ത തരത്തിലുള്ള ഗുരുതരമായ വിശ്വാസത്തെ പൊളിക്കുന്നതും കാഫിറാക്കുന്നതുമായ കാര്യങ്ങളാണ് ചെയ്തത് എന്ന് മുർതദ്ദുകളോടുള്ള സ്വഹാബതിന്റെ ചരിത്രത്തെ കുറിച്ച് ഏറ്റവും കുറഞ്ഞ അറിവെങ്കിലും ഉള്ള ഒരാൾക്കും ബാധ്യമാകാതിരിക്കുകയില്ല." (പേജ്: 16)

വീണ്ടും എഴുതുന്നു: "ഹാ കഷ്ടം! സഊദി സൈന്യത്തിലെ ഏറെപ്പേരെക്കാളും ശ്രേഷ്ഠരാകുന്നവർ ഈ ധാരണയുടെ അടിസ്ഥാനത്തിൽ താർത്താരികളുടെ സൈന്യത്തിലുണ്ട്." (പേജ്: 31)

വെറുക്കപ്പെടേണ്ട വ്യതിചലനം. ബിദ്അത്ത് കണ്ണിനെയും ഉൾക്കാഴ്ചയെയും എത്രത്തോളമാണ് അന്ധമാക്കുന്നത്. തൗഹീദിന്റെ സൈന്യത്തെക്കാൾ താർത്താരികളുടെ സൈന്യത്തെ മെച്ചപ്പെടുത്തുന്നതിലേക്ക് മതതീവ്രത ഇവരെ എത്തിച്ചിരിക്കുന്നു. താർത്താരികളിലാകട്ടെ ഇബ്നുതൈമിയ പറഞ്ഞപോലെ നിരീശ്വരവാദികളും ചെങ്കിസ്ഖാൻ ഇലാഹാണെന്ന് വിശ്വസിക്കുന്നവരടക്കം ഉണ്ട് താനും.

തൗഹീദീ സൈന്യത്തിന്റെ മൊത്തത്തിലുള്ള നന്മയെ കുറിച്ചും വിശ്വാസപരമായി ഇസ്‌ലാമിക ലോകത്തെ സൈന്യങ്ങളിൽ ഏറ്റവും ഗുണമേന്മയുള്ളവർ അവരാണെന്നും ഏറ്റവും നന്നായി അറിയുന്ന സുഊദിയുടെ സന്താനങ്ങളിൽ പെട്ട ഒരുവനാണ് "ഇവരേക്കാൾ ഉത്തമം താർത്താരികളുടെ സൈന്യമാണ്" എന്ന് പറഞ്ഞതെന്നത് കൂടി ശ്രദ്ധിക്കുക.

അബൂബസ്വീർ പറഞ്ഞു: "വർത്തമാന കാല അറേബ്യൻ സൈന്യത്തെ കുറിച്ച് ചിന്തിക്കുന്നവന് അവരുടെ ഗുണങ്ങൾ താർത്താരികളുടെ സൈന്യത്തിന്റെയും പട്ടാളത്തിന്റെയും സ്ഥിതിയിൽ നിന്ന് വ്യത്യസ്ഥമല്ലെന്ന് വ്യക്തമാകും." (സ്വിഫതുത്ത്വാഇഫതിൽ മൻസൂറഃ പേജ്: 107) സയ്യിദ് ഫദ്ൽ പറയുന്നു: "ഇന്നത്തെ ഭരണകർത്താക്കൾ താർത്താരികളേക്കാൾ പിഴച്ചവരും അവരേക്കാൾ കടുത്ത കാഫിറുകളുമാണ്." (അൽ ജാമിഅ്. പേജ്: 993)

ഇവരുടെ കരളുകളിലുള്ള ഖവാരിജിയൻ മൃഗീയത മുസ്‌ലിം ഭരണാധികാരികളെയും അനുയായികളെയും കാഫിറാക്കുക എന്നതിൽ മാത്രമല്ല, താർത്താരികളെക്കാളും മുസൈലിമയെക്കാളും കടുത്ത കാഫിറുകളാണെന്ന് വിധിക്കുന്നതിലേക്ക് എത്തിച്ചിരിക്കുന്നു. ബാത്വിനിയ്യാക്കളോട് അടുത്ത് നിൽക്കുന്നവരും ഇസ്‌ലാം തന്നെ ഉൾക്കൊണ്ടിട്ടില്ലാത്ത ചിലരും അവരിൽ ഉണ്ടായിരിക്കെ, താർത്താരീ ഭരണാധികാരികളെയും മുസ്‌ലിം ഭരണാധികാരികളെയും സമമാക്കുക എന്നത് ഗുരുതരമായ അനീതിയാണ്. ഇത്തരം ഹറൂറിയൻ ജീർണതയാണ് അഫ്ഗാൻ യുവാക്കളുടെ മനസ്സിൽ കുടിയിരുത്തപ്പെട്ടത്. താർത്താരികളെക്കാൾ കടുത്ത കുഫ്റിന്റെ കക്ഷികളോടും മുസൈലിമതിന്റെ അനുയായികളേക്കാൾ മോശപ്പെട്ടവരോടുമാണ് തങ്ങൾ യുദ്ധം ചെയ്യുന്നത് എന്ന ഉറച്ച വിശ്വാസത്തിലേക്ക് മുസ്‌ലിം ഉമ്മത്തിന്റെ ചെറുപ്പക്കാരെ തള്ളി വിട്ടതും ഈ ആധുനിക ഖവാരിജീ ചിന്തയാണ്.

14) മനസ്സ് താൽപര്യം പ്രകടിപ്പിക്കുന്ന 'ജിഹാദ്' പോലുള്ള മത സാങ്കേതിക ശബ്ദങ്ങളെ ഹറൂറിയൻ മൻഹജിന് സേവനം ചെയ്യുന്ന തരത്തിൽ ഉപയോഗപ്പെടുത്തി പ്രാവർത്തികമാക്കൽ.

ജിഹാദ് എന്ന യാഥാർത്ഥ്യത്തെ മുസ്‌ലിംകളോടുള്ള യുദ്ധത്തിന്റെ മൂശയിൽ വാർത്തെടുത്തതിലാണ് ആപത്ത്. ഇസ്‌ലാമിക രാജ്യത്തിനകത്തുള്ള ജിഹാദും അതിന്റെ തീ കൊണ്ട് മുസ്‌ലിംകളെ ചൂട് വെക്കുകയും ചെയ്യുക എന്നത് ശൈത്വാന്റെ മാർഗ്ഗത്തിലുള്ള ജിഹാദാണ്.

ശൈഖുൽ ഇസ്‌ലാം പറഞ്ഞു. "ജിഹാദും പ്രവാചകൻമാർക്കെതിരായവർക്കെതിരിൽ നില കൊള്ളലും അല്ലാഹുവിലേക്ക് അടുക്കുവാൻ അവൻ കൽപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതാണെന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ അല്ലാഹുവും അവന്റെ ദൂതനും കൽപ്പിച്ചിട്ടുള്ള മതപരമായ ജിഹാദിനെ മതപരമല്ലാത്ത ജിഹാദിൽ നിന്നും വേർതിരിച്ച് മനസ്സിലാക്കേണ്ടതുണ്ട്.

ഇസ്‌ലാമിന്റെ ആളുകളോട് യുദ്ധം ചെയ്യുന്ന ഖവാരിജുകളെപ്പോലുള്ള ശൈത്വാന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്ന വഴികേടിന്റെ ആളുകൾ വിചാരിക്കുന്നത് അവർ റഹ്മാനിന്റെ മാർഗ്ഗത്തിലാണ് യുദ്ധം ചെയ്യുന്നതെന്നാണ്." (അർറദ്ദു അലൽ അഖ്നാഈ. പേജ്: 205 സംക്ഷിപ്തം) പിന്നീട് കാലം തതുല്ല്യനായി മറ്റൊരാളെയും കണ്ടിട്ടില്ലാത്ത ഈ ഇമാമിന്റെ വിലപ്പെട്ട വാക്കുകൾ ആധുനിക കാലത്തെ ഖവാരിജുകളോടുള്ള കനപ്പെട്ട സംബോധനയായത് പോലെയാണ്. ഇതുപോലെ ഇവർ ദുരുപയോഗം ചെയ്ത മറ്റൊരു സാങ്കേതിക ശബ്ദമാണ് ശരീഅതിനെ വിധികർത്താവാക്കുന്നതിന്റെ അനിവാര്യത എന്നത്. അസത്യം ഉദ്ദേശിക്കപ്പെട്ട സത്യവാചകമാണത്. ഭരണാധികാരികളും ഭരണീയരുമായ ഒട്ടേറപ്പേരെ കാഫിറാക്കുന്നതിലേക്ക് ഇതുമൂലം എത്തിച്ചേരുകയുണ്ടായി.

*(തുടരും...)*



**ശൈഖ് മുഹമ്മദ്ബിൻ അബ്ദിൽ വഹ്ഹാബ്(رحمه الله)**

## വിമർശനങ്ങളും വസ്തുതകളും

*ഡോ: അബ്ദിൽ അസീസ് ബ്ൻ മുഹമ്മദ് ബ്ൻ അലി അബ്ദിൽ ലത്വീഫ്*

# ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് (رحمه الله) തവസ്സുൽ ഹറാമാക്കിയോ?

വിവർത്തനം : ബഷീർ സലഫി പൂളപ്പൊയിൽ

ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്(رحمه الله)യും അദ്ദേഹത്തിന്റെ പ്രബോധന മാർഗ്ഗം പിന്തുടർന്ന അനുയായികളും 'തവസ്സുൽ' നിഷേധികളാണെന്ന ദുരാരോപണം എതിരാളികൾ പ്രചരിപ്പിക്കുന്നുണ്ട്. ഈ ആരോപണം സത്യമാക്കി സ്ഥിരീകരിക്കുന്നതിന് വേണ്ടി വ്യാജ മാർഗ്ഗത്തിലൂടെ കഴിവിന്റെ പരമാവധി പരിശ്രമിക്കുന്നുണ്ട് അവർ.

ജീവിച്ചിരിക്കുന്നവരെക്കൊണ്ടുള്ള തവസ്സുൽ അനുവദനീയമായത് പോലെത്തന്നെ അനുവദനീയമായ കാര്യമാണ് മരണപ്പെട്ടവരെക്കൊണ്ടുള്ള തവസ്സുലുമെന്ന് വാദിച്ച്കൊണ്ട് ആശയക്കുഴപ്പം സൃഷ്ടിക്കുകയും, തവസ്സുൽ എന്ന വാക്കിനെ ഒരു വാഹനമായി ഉപയോഗിച്ച് മരണപ്പെട്ടവരോട് നടത്തപ്പെടുന്ന സഹായാർത്ഥന, ആവശ്യപൂർത്തീകരണത്തിനായി അവരോട് തേടൽ തുടങ്ങിയ തീർത്തും ബഹുദൈവത്വപരമായ(ശിർക്കിയ്യാത്ത്)തും കുഫ്റിലധിഷ്ഠിതമായതുമായ കാര്യങ്ങളെ ന്യായീകരിക്കുന്ന നിലപാടാണ് ഈ ആളുകൾ സ്വീകരിക്കുന്നത്. ഇസ്തിഗാഥ (സഹായാർത്ഥന), തവസ്സുൽ (ഇടതേട്ടം) എന്നീ വാക്കുകൾ തമ്മിൽ അന്തരമില്ലെന്ന് പറഞ്ഞുകൊണ്ട് കാര്യങ്ങൾ കൂട്ടിക്കുഴച്ച് അവതരിപ്പിക്കാനാണ് ഈ വിവരദോഷികൾ ശ്രമിക്കുന്നത്.

തവസ്സുലിന്റെ കാര്യത്തിൽ ഈ ആളുകളുടെ നിലപാട് രണ്ട് വിധത്തിലാണ്.

ഒന്ന്), ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ സൃഷ്ടികളുടെ 'ദവാതു'കൾ (സത്ത) കൊണ്ടുള്ള തവസ്സുൽ അനുവദനീയമാണ്. ആ സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ഠൻ മുഹമ്മദ് നബി(ﷺ)യാണ്. അവിടുത്തെക്കൊണ്ട് ജീവിതകാലത്തും മരണാനന്തരവും ഉയർത്തെഴുന്നേൽപ്പ് നാളിലും തവസ്സുൽ നടത്തൽ അനുവദനീയമാണ്. എന്ന് മാത്രമല്ല, അവിടുന്ന് ഭൂജാതനാകുന്നതിന് മുമ്പും അവിടുത്തെക്കൊണ്ട് തവസ്സുൽ അനുവദനീയമായിരുന്നു. പുണ്യകർമ്മങ്ങൾ കൊണ്ട് അല്ലാഹുവിലേക്കുള്ള അടുപ്പം തേടൽ (തവസ്സുൽ) അനുവദനീയമാണെന്ന് വരികയാണെങ്കിൽ ശ്രേഷ്ഠമായ ദവാതുകൾ (സത്തകൾ) കൊണ്ടുള്ള തവസ്സുൽ അതിനേക്കാൾ കൂടുതൽ അനുവദനീയമാകണം!!

രണ്ട്), ജീവിച്ചിരിക്കുന്നവരെക്കൊണ്ടുള്ള തവസ്സുൽ പോലെത്തന്നെ അനുവദനീയമായതാണ് മരണപ്പെട്ടവരെക്കൊണ്ടുള്ള തവസ്സുലും. അവ രണ്ടും തമ്മിൽ വ്യത്യാസമില്ല. മരണപ്പെട്ടവർക്ക് ഒരു സ്വാധീനവും വരുത്താൻ കഴിയാത്തത് പോലെ ജീവിച്ചിരിക്കുന്നവർക്കും സ്വയമേവ ഒരു സ്വാധീനവും ചെലുത്താൻ കഴിയില്ല. സ്വാധീനം ചെലുത്തുന്നവനും പ്രവർത്തിക്കുന്നവനുമൊക്കെ അ

ല്ലാഹു മാത്രമാണ്. മരണപ്പെട്ടവരെ സംബന്ധിച്ചിടത്തോളം മരണത്തിന് മുമ്പ് അയാൾക്ക് ജീവനുണ്ടായിരുന്നത് പോലെ മരണാനന്തരം ഖബ്റിലും അവർക്ക് ജീവിതമുണ്ട്. അതുകൊണ്ട് തന്നെ ജീവിച്ചിരിക്കുന്നവരെക്കൊണ്ടെന്ന പോലെ മരണപ്പെട്ടവരെക്കൊണ്ടും തവസ്സുലാക്കാം. അത് തമ്മിൽ യാതൊരു വ്യത്യാസവുമില്ല. എന്നുമാത്രമല്ല, തവസ്സുൽ, ഇസ്തിഗാഥ എന്നീ വാക്കുകളുടെ ആശയങ്ങൾ തമ്മിലും അന്തരമില്ല. രണ്ടും ഒരേ അർത്ഥത്തിലുള്ളതാണ്.

ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്(ﷺ)യേയും സലഫികളെയും തവസ്സുൽ നിഷേധികളാക്കാൻ ശ്രമിക്കുന്നവരായ ആളുകൾക്ക് വിഷയസംബന്ധമായി മുന്നോട്ട് വെക്കാനുള്ള രണ്ട് കാഴ്ച്ചപ്പാടുകളാണ് വായനക്കാർ മേലെ കണ്ടത്.

'തവസ്സുലി'നെ ദുർവ്യാഖ്യാനിച്ചും ദുരുപയോഗം ചെയ്തും ശിർക്ക് പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന സലഫീ വിരുദ്ധരുടെ കൃതികളിൽ തങ്ങളുടെ ആ തെറ്റായ നിലപാടിനെ ന്യായീകരിക്കാൻ വേണ്ടി അവർ കൊണ്ടുവരാറുള്ള വാദങ്ങളിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം.

റസൂൽ(ﷺ)യുടെ വഫാതിന് ശേഷം അവിടുത്തെക്കൊണ്ട് തവസ്സുലും (ഇടതേട്ടം) തശഫ്ഫുഉം (ശുപാർശകനാക്കൽ) അനുവദനീയമാണെന്ന് വാദിച്ച്കൊണ്ട് ഇബ്നു അഫാലിക് ചോദിക്കുന്നു. "ഹേ, വഹ്ഹാബികളേ! നബി(ﷺ)യുടെ ജീവിത കാലത്തും ക്വിയാമത് നാളിലെ പ്രയാസത്തിലും അവിടുത്തെക്കൊണ്ട് തവസ്സുൽ അനുവദനീയമാണെന്ന് നിങ്ങൾ പറയുകയും, എന്നാൽ വഫാതിന് ശേഷമുള്ള തവസ്സുലിനെ നിങ്ങൾ തള്ളിക്കളയുകയും ചെയ്യുന്നു. എന്ത് തെളിവാണ് നിങ്ങൾക്ക് അതിനുള്ളത്? നബി(ﷺ)യുടെ എന്ത് മഹത്വമാണ് അവിടുത്തെ വഫാതോട് കൂടി ഇല്ലാതാവുന്നത്?" (രിസാലതു ഇബ്നു അഫാലിക് ഇബ്നി മഅ്മർ. പേജ് 43).

ഉമറുൽ മഹ്ബൂബ് പറയുന്നു. "സൃഷ്ടികളെക്കൊണ്ടുള്ള തവസ്സുൽ നിയമവിധേയം (മശ്റൂഅ്) ആണ്. അത് സുന്നത്തിൽ വന്നതാണ്. അത് പാടില്ലാത്തതോ വിലക്കപ്പെട്ടതോ അല്ല. അതിന് ധാരാളം വ്യക്തമായ തെളിവുകളുണ്ട്. രണ്ടാം ഖലീഫ ഉമർ(ﷺ)വിന്റെ കാലത്ത് സ്വഹാബതും താബിഉകളും അബ്ബാസ്(ﷺ)വിനെ തവസ്സുലാക്കി മഴക്ക് വേണ്ടി തേടിയത് പ്രധാന തെളിവാണ്." (രിസാലതുൻ ഫിർറദ്ദി അലൽ വഹ്ഹാബിയ്യ. പേജ് 5).

സൃഷ്ടികളുടെ (ദവാത്) തടികൾ കൊണ്ടുള്ള തവസ്സുൽ അനുവദനീയമാക്കിക്കൊണ്ട് ഇസ്മാഈലുത്തമീമി ഇപ്രകാരം വാദിക്കുന്നു. "നബി(ﷺ)യെക്കൊണ്ടുള്ള തവസ്സുൽ അനുവദനീയമാണെന്ന കാര്യത്തിൽ ഇജ്മാഉണ്ട്. പുണ്യകർമ്മങ്ങൾ കൊണ്ടുള്ള തവസ്സുൽ അനുവദനീയമാണെങ്കിൽ പിന്നെ ശ്രേഷ്ഠ വ്യക്തികളുടെ ദവാതുകൾ (തടികൾ) കൊണ്ട്മ അവരുടെ മരണാനന്തരം നടത്തുന്ന തവസ്സുൽ അതിനേക്കാൾ കൂടുതൽ അനുവദനീയമാണെന്ന് കിട്ടും." (അൽ മിനഹുൽ ഇലാഹിയ്യ ഫീ ത്വമബിദ്ദലാലതിൽ വഹ്ഹാബിയ്യ. പേജ് 39).

റസൂൽ(ﷺ)യുടെ തടി (ദവാത്) കൊണ്ട് അവിടുത്തെ വഫാതിന് ശേഷം തവസ്സുൽ ചെയ്യൽ മതാനുസാരം അനുവദനീയമാണെന്ന് സ്ഥാപിക്കുവാനുദ്ദേശിച്ച് കൊണ്ട് സൈനീ ദഹ്ലാൻ ചില 'തെളിവുകൾ' കൊണ്ട് വന്നിട്ടുണ്ട്. ഇമാം ത്വബറാനിയും ബൈഹക്വിയും ഉദ്ധരിച്ച ഹദീഥാണ് അതിലൊന്ന്. മൂന്നാം ഖലീഫ ഉഥ്മാൻ(ﷺ)വിന്റെ ഭരണകാലത്ത് ഒരാൾ അദ്ദേഹത്തിന്റെയരികിൽ തുടരെത്തുടരെ വന്നുപോയിക്കൊണ്ടിരുന്നു. ഉഥ്മാൻ(ﷺ) അയാളെ തിരിഞ്ഞ് നോക്കിയില്ല. അയാളുടെ ആവശ്യം എന്തെന്ന് അദ്ദേഹം നോക്കിയതുമില്ല. ആ വ്യക്തി ഇക്കാര്യം ഉഥ്മാനുബ്നു ഹനീഫ്(ﷺ)വിന്റെ അരികിൽ ചെന്ന് പരാതിയായി പറഞ്ഞു. അപ്പോൾ അദ്ദേഹം ഇങ്ങനെ നിർദ്ദേശിച്ചു. നീ പോയി വുദൂ എടുത്ത് പള്ളിയിൽ ചെന്ന് നിസ്കരിക്കുക. എന്നിട്ട് ഇങ്ങനെ പറയുക. "അല്ലാഹുവേ! കാരുണ്യത്തിന്റെ നബിയായ മുഹമ്മദ് നബിയെക്കൊണ്ട് ഞാൻ നിന്നിലേക്ക് മുന്നിടുകയും നിന്നോട് ഞാൻ ചോദിക്കുകയും ചെയ്യുന്നു...." എന്നിട്ട് നിന്റെ ആവശ്യം പറയൂ." അയാൾ അപ്രകാരം ചെയ്തു. എന്നിട്ട് ഉഥ്മാനുബ്നു അഫ്ഫാൻ(ﷺ)വിന്റെ വാതിൽക്കലേക്ക് പോയി. അപ്പോൾ പാറാവുകാരൻ വന്ന് അയാളുടെ കൈ പിടിച്ചു ഉഥ്മാൻ(ﷺ)വിന്റെ അടുക്കലേക്ക് കൊണ്ടുപോയി. അദ്ദേഹത്തോടൊപ്പമിരുത്തിച്ചു. എന്നിട്ട് പറഞ്ഞു, "നീ നിന്റെ ആവശ്യം പറയൂ." അയാൾ ആവശ്യം പറഞ്ഞു. അത് സാധിച്ചു." ഇത് ഉദ്ധരിച്ച് കൊണ്ട് ദഹ്ലാൻ പറയുന്നു. "അപ്പോൾ ഇത് നബി(ﷺ)യെ അവിടുത്തെ മരണശേഷം വിളിക്കലും തവസ്സുലാക്കുകയും ചെയ്യുന്നതിന് തെളിവാണ്." (അദ്ദുററുസ്സനിയ്യ. പേജ് 8-9).

ആദം(ﷺ) വിലക്കപ്പെട്ട കനി തിന്നപ്പോൾ, "റബ്ബേ! മുഹമ്മദിന്റെ ഹക്ക് കൊണ്ട് ഞാൻ നിന്നോട് ചോദിക്കുന്നു. എന്നോട് പൊറുക്കണേ എന്ന് പറഞ്ഞതായി ഉദ്ദേശിക്കപ്പെടുന്ന റിപ്പോർട്ടും ദഹ്ലാൻ തെളിവാക്കുന്നുണ്ട്. നബി(ﷺ) ഭൂജാതമാകുന്നതിന് മുമ്പ് തന്നെ അവിടുത്തെക്കൊണ്ടുള്ള തവസ്സുൽ തേട്ടം അനുവദനീയമാണെന്നതിനുള്ള തെളിവാണിയാൾ ഈ രിവായത്ത് കൊണ്ട് വന്നത്." (അദ്ദുററുസ്സനിയ്യ. പേജ് 8-9).

തെറ്റായ തവസ്സുലിനെ ന്യായീകരിച്ച് കൊണ്ട് എഴുതപ്പെട്ട മേൽ പരാമർശിച്ചതും അല്ലാത്തതുമായ ഉദ്ധരണികൾ വിശകലനം ചെയ്താൽ കിട്ടുന്ന സംക്ഷിപ്ത ആശയം ഇതാണ്. അഥവാ,

വിലക്കപ്പെട്ടതും മാതൃകയില്ലാത്ത വിധം ബിദ്അത്തായതുമായ തവസ്സുലുകളെയാണ് അവയിലൂടെ അനുവദനീയമാക്കുന്നത്. ജീവിച്ചിരിക്കുന്നവരായാലും അല്ലാത്തവരായാലും ശരി, സൃഷ്ടികളുടെ ദവാതുകൾ കൊണ്ടുള്ള തവസ്സുലിനെയാണ് ഇതിലൂടെ അനുവദനീയമാക്കുന്നത്. സ്വാലിഹീങ്ങളെക്കൊണ്ട് സത്യം ചെയ്ത് പറയലും ഔലിയാക്കൻമാരുടെ മഹത്വം (ജാഹ്) കൊണ്ടുമുള്ള തവസ്സുലുമാണതിലൂടെ അനുവദനീയമാക്കുന്നത്. വിശുദ്ധ ഖുർആനിൽ നിന്നുള്ള ചില ആയതുകളും ഹദീഥുകളിൽ നിന്നുള്ള ചില രാവായതുകളും അവരുടെ ഈ തെറ്റായ നിലപാടിനെ സമർത്ഥിക്കുന്നതിനായി അവർ ഉദ്ധരിക്കുകയും ചെയ്യുന്നു.

ഒന്നാമതായി ഇവിടെ വിശകലന വിധേയമാക്കേണ്ടത് 'തവസ്സുൽ' എന്ന വാക്കിന്റെ ഭാഷാപരവും സാങ്കേതികവുമായ അർത്ഥകൽപ്പനകൾ എന്താണ് എന്നതാണ്. ലക്ഷ്യത്തിലേക്കുള്ള ഒരു മാർഗ്ഗം അന്വേഷിക്കൽ എന്നതാണ് ഭാഷാപരമായി തവസ്സുലിന്റെ അർത്ഥം. സ്വഹാബതിന്റെയും താബിഉകളുടെയും ഭാഷയിൽ അതിന്റെ അർത്ഥം നബി(ﷺ)യോടോ അല്ലെങ്കിൽ ഏതെങ്കിലും സ്വാലിഹിനോടോ അല്ലാഹുവിനോട് പ്രാർത്ഥിക്കാനായി ആവശ്യപ്പെടലാണ്. അല്ലെങ്കിൽ അവിടുത്തെ പ്രാർത്ഥന കൊണ്ട് (അല്ലാഹുവിലേക്ക്) മുന്നിടലാണ്.

എന്നാൽ, തവസ്സുലിന്റെ പേരിൽ വഴികേടിലകപ്പെട്ടവരും തവസ്സുൽ പറഞ്ഞ് വഴി തെറ്റിക്കുന്നവരുമായ ആളുകളുടെ വീക്ഷണത്തിൽ അതിന്റെ അർത്ഥകൽപ്പന മറ്റൊന്നാണ്. സൃഷ്ടികളുടെ ദവാതുകൾ (തടികൾ) മുൻനിറുത്തിക്കൊണ്ട് അല്ലാഹുവോട് ചോദിക്കുക, അല്ലെങ്കിൽ സൃഷ്ടികളോട് തന്നെ നേരിട്ട് അയാളുടെ ദാത്ത് (സത്ത) അല്ലാഹുവിങ്കലേക്ക് അടുക്കാവുന്ന ഒരു വസീല (മാർഗ്ഗം) ആണെന്ന ധാരണയിൽ ചോദിക്കുക. അല്ലെങ്കിൽ, അയാളോട് ശുപാർശക്ക് വേണ്ടി ചോദിക്കുക തുടങ്ങിയ അർത്ഥകൽപ്പനകൾ ആണ് ഇക്കൂട്ടർ തവസ്സുലിന് കൽപ്പിക്കുന്നത്.

സലഫീ പണ്ഡിതൻ ശൈഖ് അബ്ദുല്ലാഹിബ്നു അബ്ദിർറഹ്മാനിബ്നു ഹസൻ 'തവസ്സുൽ' എന്ന വാക്കിന്റെ ആശയം വിശദീകരിച്ച് കൊണ്ട് പറഞ്ഞു. "ഖബ്റിനെ ആരാധിക്കുന്നവരായ ആളുകൾ തവസ്സുലിനെ ഉപയോഗിക്കുന്നത് അല്ലാഹുവല്ലാത്തവരോട് സഹായാർത്ഥന നടത്തുക, അവരോട് പ്രാർത്ഥിക്കുക, അവർക്കായി അറവും നേർച്ചയും നടത്തുക, ഒരു സൃഷ്ടിക്ക് ശറഅനുസരിച്ച് അർഹതപ്പെടാൻ കഴിയാത്ത വിധം ആ സൃഷ്ടികളെ ആദരിക്കുക എന്നിങ്ങനെയുള്ള അർത്ഥങ്ങൾക്കാണ്.

എന്നാൽ, അഹ്‌ലുസ്സുന്നയുടെ പണ്ഡിതൻമാർ തവസ്സുലിനെ ഉപയോഗിക്കുന്നത് നബി(ﷺ)യുടെ സുന്നത്ത് സ്വീകരിക്കുകയും അത് പിൻപറ്റുകയും ചെയ്യുക എന്ന അർത്ഥത്തിലാണ്. അല്ലാഹു(ﷻ) നിയമമാക്കി വെച്ചിട്ടുള്ള ഇബാദതുകൾ മുഖേനയാണവർ അല്ലാഹുവെ പ്രാപിക്കാൻ ശ്രമിക്കുന്നത്. അതുപോലെ, അല്ലാഹുവിന്റെ അടിമയും റസൂലുമായ മുഹമ്മദ് നബി(ﷺ) കൊണ്ട് വന്നത് മുഖേനയുമാണ് അവർ അല്ലാഹുവിലേക്കുള്ള സാമീപ്യം തെടുന്നത്. ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും വ്യക്തമായി മനസ്സിലാവുന്ന തവസ്സുൽ ഇതാണ്.

എന്നാൽ പിൽക്കാലത്ത് വന്ന സുബ്കി, ഖസ്തല്ലാനി, ഇബ്നു ഹജർ ഹൈതമി തുടങ്ങിയ ചിലർ തവസ്സുലിനെക്കുറിച്ച് പറയുന്നത്, നബി(ﷺ)യുടെ ഹക്ക്-ജാഹ് എന്നിവ കൊണ്ടോ, അല്ലെങ്കിൽ അല്ലാഹുവിന്റെ സ്വാലിഹീങ്ങളായ അടിമകളുടെ ഹക്ക്-ജാഹ് എന്നിവ കൊണ്ടോ ചോദിക്കലും പ്രാർത്ഥിക്കലുമാണ് തവസ്സുൽ എന്നാണ്. (മിൻഹാജുത്തഅ്സീസ്. പുറം 267).

അല്ലാമാ ആലൂസി(رحمه الله) 'തവസ്സുൽ' എന്ന വാക്ക് ഉൾക്കൊള്ളുന്ന സംക്ഷിപ്ത ആശയം ഇപ്രകാരം വ്യക്തമാക്കുന്നു. "അല്ലാഹുവിലേക്ക് അടുപ്പിക്കാനുതകുന്ന, അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന സൽക്കർമ്മങ്ങൾ, സ്വാലിഹീങ്ങളായ ആളുകളുടെ പ്രാർത്ഥനകൾ, പാപമോചന തേട്ടങ്ങൾ എന്നിവയിലൂടെ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള പരിശ്രമമാണ് തവസ്സുൽ എന്നാണ്. ഖബ്ർ പൂജകർ തവസ്സുലിനെ ഉപയോഗിക്കുന്നത്, സ്വാലിഹീങ്ങളിലേക്ക് മുഖം തിരിക്കലും അല്ലാഹുവിനോടൊപ്പം ആവശ്യപൂർത്തീകരണത്തിന് അവരോട് പ്രാർത്ഥിക്കുന്നതിനുമാണ്." (അസ്സ്വവാഇഖുൽ മുർസല അശ്ശിഹാബിയ്യ. പുറം 7-8).

ഇവിടെ, തവസ്സുലിനെ അട്ടിമറിക്കുന്നവരായ ആളുകൾ മരിച്ചവരോടുള്ള പ്രാർത്ഥനയെയും അവരോടുള്ള സഹായാർത്ഥനയെയും തവസ്സുലിന്റെ പേരിൽ അനുവദനീയമാക്കുകയാണ് ചെയ്യുന്നത്. എന്നിട്ട് ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്(رحمه الله)ക്കെതിരിൽ ആരോപണമുന്നയിക്കുകയും ചെയ്യുന്നു. അമ്പിയാക്കൾ, സ്വാലിഹീങ്ങൾ എന്നിവരെക്കൊണ്ട് തവസ്സുലാക്കുന്നവരെയൊക്കെ ശൈഖവർകൾ കാഫിറാക്കിക്കളയുന്നു എന്നാണവരുടെ ആരോപണം.

വാസ്തവത്തിൽ, മരണപ്പെട്ടവരോട് സഹായാർത്ഥന നടത്തുന്നവരെക്കുറിച്ച്, അവർ സഹായാർത്ഥന നടത്തുന്ന അമ്പിയാക്കളായായും ഔലിയാക്കളായാലും ശരി ആ സഹായാർത്ഥനക്ക് തവസ്സുൽ എന്ന് എന്ന് പേരിട്ടാണവർ ചെയ്യുന്നതെങ്കിലും ശരി, ആ പവൃത്തി കുഫ്റാണ് എന്നാണ് ശൈഖവർകൾ പറഞ്ഞത്. ഖബ്റാരാധകൻമാരാകട്ടെ, മരിച്ചവരോടുള്ള തേട്ടത്തിനും അവരോട് ആവശ്യപൂർത്തീകരണത്തിന് ആവശ്യപ്പെ

ടുന്നതിനെയൊക്കെ 'തവസ്സുൽ' എന്ന് പ്രയോഗിക്കുകയാണ് ചെയ്യുന്നത്.

ശറഇൽ സ്ഥിരപ്പെട്ടിട്ടുള്ള തവസ്സുൽ ഏതാണെന്നും അൽപ്പം കക്ഷികൾ നവീനമായി പടച്ചുണ്ടാക്കിയ ബിദ്അത്തായ തവസ്സുൽ എങ്ങനെയാണ് ശറഇയ്യായ തവസ്സുലിൽ നിന്ന് വേർപിരിയുന്നതെന്നും സലഫീ പണ്ഡിതൻമാർ വ്യക്തമാക്കിയിട്ടുണ്ട്.

ശറഇയ്യായ തവസ്സുൽ എന്നാൽ ഇതാണ്. അഥവാ, അല്ലാഹുവിന്റെ നാമങ്ങൾ, അവന്റെ വിശേഷണങ്ങൾ എന്നിവ മുൻനിറുത്തിയോ അല്ലെങ്കിൽ സ്വയം ചെയ്ത സൽക്കർമ്മങ്ങൾ മുൻനിറുത്തിയോ അല്ലെങ്കിൽ സ്വാലിഹായ ഒരു മനുഷ്യന്റെ പ്രാർത്ഥന മുഖേനയോ അല്ലാഹുവിലേക്ക് സാമീപ്യം തേടലാണത്. ഇതിലേക്ക് സൂചന നൽകിക്കൊണ്ട് ശൈഖ് ഹമദ് ബിൻ നാസിർ ബിൻ മഅ്മർ ഇപ്രകാരം വ്യക്തമാക്കി. "അല്ലാഹുവിങ്കലേക്ക് അവന്റെ നാമങ്ങളും വിശേഷണങ്ങളും തൗഹീദും മുൻനിറുത്തിക്കൊണ്ട് അടുക്കാൻ ശ്രമിക്കുക എന്നതായിരുന്നു സ്വഹാബത്തിന്റെ രീതി. അല്ലാഹു കൽപ്പിച്ച പ്രകാരം അവന്റെ റസൂലിൽ വിശ്വാസം കൊള്ളുകയും അവിടുത്തെ കൽപ്പന അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്തു കൊണ്ടാണവർ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ ശ്രമിച്ചത്. അതേപ്രകാരം തന്നെ, റസൂൽ(ﷺ)യുടെ ജീവിത കാലത്ത് അവിടുത്തോട്, തങ്ങൾക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കാനും ശുപാർശ ചെയ്യാനും ആവശ്യപ്പെട്ടു കൊണ്ടുമാണ് സ്വഹാബത് അല്ലാഹുവിന്റെ സാമീപ്യം തേടാൻ ശ്രമിച്ചത്. അബ്ബാസ്(റ)വിന്റെയും മറ്റും പ്രാർത്ഥനയിലൂടെയും അവർ അല്ലാഹുവിലേക്ക് തവസ്സുൽ (സാമീപ്യം) തേടി." (അദ്ദുററുസ്സനിയ്യ. 9/17).

ഇസ്‌ലാമിക പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടതും സച്ചരിതരായ മുൻഗാമികൾ മാതൃകയാക്കി കാണിച്ചതുമായ ഈ രീതികളിൽ നിന്നും വ്യത്യസ്തമായ രീതികൾ തവസ്സുലിന്റെ പേരിൽ പുതുതായി ഉണ്ടാക്കുന്നുവെങ്കിൽ അവയൊക്കെ ബിദ്അത്ത് ആയ തവസ്സുലിന്റെ ഗണത്തിലാണ് പെടുന്നത്. സൃഷ്ടികളുടെ തടികൾ (ദവാതുകൾ) മുഖേനയും സ്വാലിഹീങ്ങളുടെ 'ജാഹ്' (മഹത്വം) മുഖേനയും അല്ലാഹുവിങ്കൽ അവർക്കുള്ള സ്ഥാനം പരിഗണിച്ച് അവ മുഖേനയുമൊക്കെ അല്ലാഹുവിങ്കലേക്ക് സാമീപ്യം തേടാനുള്ള ശ്രമങ്ങൾ സച്ചരിതരായ മുൻഗാമികൾ പഠിപ്പിക്കാത്ത മാതൃകയില്ലാത്ത 'തവസ്സുലുക'ളാണ്.

"അല്ലാഹുവേ! ഇന്നാലിന്ന സ്വാലിഹീങ്ങളെക്കൊണ്ട് ഞാൻ നിന്നോട് ചോദിക്കുന്നു" എന്ന രീതിയിൽ സൃഷ്ടികളുടെ ദവാത് മുഖേന അല്ലാഹുവിലേക്ക് തവസ്സുൽ തേടുന്നതിന്റെ തെളിവെന്ത്? സ്വഹാബതിൽ പെട്ടവരോട താബിഉകളിൽ പെട്ടവരോ ആ രീതി സ്വീകരിച്ചിട്ടുണ്ടോ? ശൈഖ് ഹമദ് ബിൻ നാസിർ അൽ മഅ്മറിന്റെ ചോദ്യമാണിത്?

അമ്പിയാക്കൾക്കും സ്വാലിഹീങ്ങൾക്കും അല്ലാഹുവിങ്കൽ മഹത്തായ സ്ഥാനവും പദവിയുമുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. അല്ലാഹുവിങ്കൽ സ്ഥാനവും പദവിയുമുണ്ട് എന്നതിന്റെ ഫലവും ഗുണവും അവർക്ക് മാത്രമുള്ളതാണ്. അവരെ നാം ഇഷ്ടപ്പെടുകയും പിൻപറ്റുകയും ചെയ്യുമ്പോഴാണ് അതിന്റെ ഫലം നമുക്ക് കിട്ടുന്നത്. നബി(ﷺ)യിൽ നാം വിശ്വസിച്ച് കൊണ്ടും അവിടുത്തെ സ്നേഹിച്ച് കൊണ്ടും അനുസരിച്ച് കൊണ്ടും അവിടുത്തെ സുന്നത്തിനെ പിൻപറ്റിക്കൊണ്ടുമാണ് നാം അല്ലാഹുവിന്റെ സാമീപ്യം തേടുന്നതെങ്കിൽ അത് അങ്ങേയറ്റം സമുന്നതമായ തവസ്സുലാണ്. എന്നാൽ, നബി(ﷺ)യിൽ വിശ്വാസം കൊള്ളാതെ, അവിടുത്തെ അനുസരിക്കാതെ അവിടുത്തെ ദവാതിനെ (സത്ത) മുൻനിറുത്തി ചെയ്യുന്ന തവസ്സുൽ ഒരിക്കലും അല്ലാഹുവിലേക്കെത്താനുള്ള തവസ്സുലാവുകയില്ല. ഇപ്രകാരം, സൃഷ്ടികളുടെ ദവാതുകൾ കൊണ്ടുള്ള തവസ്സുൽ വെറുക്കപ്പെട്ട ബിദ്അത്താണ്. സ്വഹാബത്തോ നൻമയിൽ അവരെ പിൻപറ്റിയ സച്ചരിതരായ മുൻഗാമികളോ ഒന്നും അപ്രകാരം ചെയ്തിട്ടില്ല.

"അല്ലാഹുവേ! നിന്റെ നബിയായ മുഹമ്മദ് നബി(ﷺ)യുടെ മഹത്വം (ജാഹ്) കൊണ്ട്, അല്ലെങ്കിൽ നിന്റെ നബിയുടെ ഹക്ക് കൊണ്ട്, അല്ലെങ്കിൽ സ്വാലിഹീങ്ങളായ നിന്റെ അടിമകളുടെ മഹത്വം കൊണ്ട്, അല്ലെങ്കിൽ നിന്റെ ഇന്നാലിന്ന അടിമയുടെ ഹക്ക് കൊണ്ട് ഞാൻ നിന്നിലേക്ക് സാമീപ്യം (തവസ്സുൽ) തേടുന്നു എന്ന നിലയിൽ ആളുകൾ ചെയ്യാറുള്ള തവസ്സുൽ ആക്ഷേപാർഹമായ ബിദ്അത്തിന്റെ വകുപ്പിൽ പെട്ട തവസ്സുലാണ്. അങ്ങനെ ചെയ്യാമെന്നതിന് ഖണ്ഡിതമായ ഒരു തെളിവും വന്നിട്ടില്ല." (അദ്ദുററുസ്സനിയ്യ 1/129).

മേൽ പറയപ്പെട്ട ഇനത്തിൽ പെട്ട തവസ്സുലുകൾ പ്രമാണത്തിൽ സ്ഥിരപ്പെടാത്തതും സച്ചരിതരായ മുൻഗാമികളുടെ മാതൃകയില്ലാത്തതുമായതിനാൽ ഹറാമിന്റെ പരിധിയിലേക്ക് പോകുന്ന ബിദ്അത്തായ രീതികളാണ്. എന്നാൽ, അതിലടങ്ങിയ പ്രാർത്ഥനകൾ അല്ലാഹുവോട് നേരിട്ടാണ് നടത്തുന്നത് എന്നതിനാൽ അവിടെ കുഫ്റിന്റെ പ്രശ്നം ഉദിക്കുന്നില്ല. എന്നാൽ, തവസ്സുലിന്റെ പേരിൽ അല്ലാഹുവല്ലാത്തവരോട് നേരിട്ട് പ്രാർത്ഥന നടത്തുന്ന സമ്പ്രദായങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത് ശിർക്കും കുഫ്റുമാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല തന്നെ.

■